# ജനമൈത്രി സുരക്ഷാ പദ്ധതി കേരളത്തിൽ

# ഒരു വിലയിരുത്തൽ

അടൂർ, പരവൂർ പോലീസ് സ്റ്റേഷനുകളിൽ നടപ്പിലാക്കിയിരിക്കുന്ന ജനമൈത്രി സുരക്ഷാ പദ്ധതിയുടെ സ്വാധീനത്തെകുറിച്ച് നടത്തിയ പഠന റിപ്പോർട്ട്

സമർപ്പണം

ശ്രീ. ജേക്കബ്ബ് പുന്നൂസ്. ഐ. പി. എസ്.

ഡയറക്ടർ ജനറൽ ഓഫ് പോലീസ്

കേരള

**സമർപ്പകൻ**

ഡോ. കെ. അലക്സാണ്ടർ
റീഡർ,
പോസ്റ്റ് ഗ്രാജുവേറ്റ് ഡിപ്പാർട്ട്മെന്റ് ഓഫ്
പബ്ലിക് അഡ്മിനിസ്ട്രേഷൻ & പൊളിറ്റിക്സ്.
സെന്റ് ജോൺസ് കോളേജ്,
അഞ്ചൽ
തിരുവനന്തപുരം.

# <u>ഉള്ളടക്കം</u>


| | | Page No |
|---|---|---|
| 1. | മുഖവുര (Preface) | 1 2 |
| 2. | ആമുഖം (Introduction) | 3 7 |
| 2. | ജനമൈത്രി സുരക്ഷ പദ്ധതി: എന്ത്? എന്തിന്? | 8 24 |
| 3. | ജനമൈത്രി സുരക്ഷാ പദ്ധതി: പൊതുജന വീക്ഷണത്തിൽ | 25 53 |
| 4 | നിഗമനങ്ങളും നിർദ്ദേശങ്ങളും | 54 58 |
| 5. | അനുബന്ധം | 59 63 |

# മുഖവുര (**Preface**)

പരമ്പരാഗതമായി പോലീസും പൊതുജനങ്ങളും തമ്മിൽ നിലനില്ക്കുന്ന അപരിചിതത്വത്തിന്റേയും, സഹകരണമില്ലായ്മയുടേയും രീതിക്ക് പകരം പോലീസ് ജനങ്ങളിലേക്ക് ഇറങ്ങിചെന്നുകൊണ്ട്, ജനം പോലീസിനെ സുഹൃത്തുക്കളായി കാണുകയും അതുവഴി സമൂഹത്തിന് മെച്ചപ്പെട്ട സേവനം ലഭ്യമാക്കുകയുമാണ് ജനമൈത്രി സുരക്ഷാപദ്ധതിയുടെ ലക്ഷ്യം. സുരക്ഷിതത്വം ലഭിക്കുക എന്നത് പൗരന്റെ അവകാശവും അത് ഉറപ്പുവരുത്തുക എന്നത് പോലീസിന്റെ ചുമതലയുമാണ്. ഒരു പ്രദേശത്തെ ജനങ്ങളുടെ സുരക്ഷിതമായ ജീവിതം ഉറപ്പുവരുത്തുവാൻ നിയോഗിക്കപ്പെട്ടവരാണ് ആ പ്രദേശത്ത് ജോലി ചെയ്യുന്ന പോലീസ് ഉദ്യോഗസ്ഥർ. സമൂഹത്തിന്റെ പ്രത്യേക സാഹചര്യങ്ങൾ മനസ്സിലാക്കി, ലഭ്യമായ സൗകര്യങ്ങളും, വിഭവങ്ങളും, അഭിമുഖീകരിക്കേണ്ടതായ പ്രശ്നങ്ങളും വിലയിരുത്തി നിയമം അനുശാസിക്കുന്ന രീതിയിൽ പൊതുജനങ്ങളുമായി സഹകരിച്ചുകൊണ്ടു പ്രവർത്തിക്കുന്ന രീതിയാണ് ജനമൈത്രി സുരക്ഷാ രീതി.

ജനമൈത്രി സുരക്ഷാ പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്താണ്? എങ്ങനെ നടപ്പിലാക്കിയിരിക്കുന്നു? എന്തെല്ലാം പ്രവർത്തനങ്ങളാണ് നടത്തുന്നത്? ജനങ്ങളുടെ പങ്കാളിത്തം എത്രമാത്രമുണ്ട്? നേരിടേണ്ടതായി വരുന്ന പ്രശ്നങ്ങൾ എന്തൊക്കെയാണ്? എങ്ങനെ അത്തരം പ്രശ്നങ്ങളെ അതി ജീവിക്കുവാൻ സാധിക്കും?. ഈ ചോദ്യങ്ങൾക്കൊക്കെ ഉത്തരം കണ്ടെത്തുവാൻ വേണ്ടിയുള്ള ഒരു ശ്രമമാണ് ഈ പഠനം.

ഈ ഉദ്യമത്തിൽ എന്നെ സഹായിച്ച ധാരാളം പേരുണ്ട്. കേരളത്തിലെ പോലീസിന് മാനുഷികതയുടേയും, ആധുനികതയുടേയും മുഖം നൽകുവാൻ ആശ്രാന്തം പരിശ്രമിക്കുന്ന കേരളത്തിന്റെ പോലീസ് മേധാവി **ശ്രീ. ജേക്കബ്ബ് പുന്നൂസ് ഐ. പി. എസ്.** നോടുള്ള നന്ദി ഞാൻ രേഖപ്പെടുത്തുന്നു. വിവരങ്ങൾ വെളിപ്പെടുത്തുന്നതിനേക്കാൾ മൂടിവയ്ക്കുവാൻ പ്രസിദ്ധമാണ് പോലീസ് എന്നാണ് വയ്പ്. എന്നാൽ പോലീസിനെ സംബന്ധിക്കുന്ന പലവിവരങ്ങളും വെളിപ്പെടുത്തുകയും, കൂടിക്കാഴ്ചക്കും, ആശയ വിനിമയത്തിനും, ചർച്ചയ്ക്കുമായി ധാരാളം സമയം ചെലവിടുകയും ചെയ്ത ആദ്ദേഹത്തിന്റെ വിലപ്പെട്ട സഹകരണം നന്ദിയോടെ അനുസ്മരിക്കുന്നു.

ജനമൈത്രി സുരക്ഷാ പദ്ധതിയുടെ നോഡൽ ഓഫീസറും എറണാകുളം റേഞ്ച് ഐ. ജി. യുമായ ഡോ. ബി. സന്ധ്യ ഐ. പി. എസ്., ഈ പ്രവർത്തനത്തിന് എനിക്ക് വേണ്ടതായ നിർദ്ദേശങ്ങൾ തന്നും, ഇന്റർവ്യൂ ചെയ്യുവാനായി മാതൃകാ ചോദ്യാവലി തന്നും സഹായിച്ചിട്ടുണ്ട്. പോലീസ് പരിഷ്കരണത്തിനും, പോലീസ് പൊതുജന ബന്ധം സുദൃഢമാക്കുന്നതിനും പ്രശംസനീയമാം വിധം പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന **ഡോ. ബി. സന്ധ്യ ഐ. പി. എസ്.** നോടുള്ള എന്റെ നന്ദി ഞാൻ രേഖപ്പെടുത്തുന്നു.

ജനമൈത്രി സുരക്ഷാ പദ്ധതിയുടെ ആരംഭഘട്ടത്തിൽ പരവൂർ സർക്കിൾ ഇൻസ്പെക്ടർ ആയിരുന്ന, ഇപ്പോൾ അടൂർ ഡി. വൈ. എസ്. പി. ആയി പ്രവർത്തിക്കുന്ന ശ്രീ. വി. അജിത്ത്, ഈ പഠനം നടത്തുന്നതിന് വേണ്ടതായ സഹായം ചെയ്തുതന്ന വ്യക്തിയാണ്. പഠനത്തിന്റെ ഭാഗമായി അടൂർ സന്ദർശിച്ചപ്പോഴൊക്കെ അതീവ സന്തോഷത്തോടെ സഹകരിക്കുകയും, ജനമൈത്രിയുടെ ഭാഗമായി സംഘടിപ്പിച്ചിരുന്ന പല പൊതുപരിപാടികളിലും എന്നെ പങ്കെടുപ്പിക്കുകയും ചെയ്തിട്ടു ള്ളത് നന്ദിയോടെ അനുസ്മരിക്കുന്നു. അടൂർ സി. ഐ. ശ്രീ. എൻ. വി. അരുൺരാജ്, എസ്. ഐ. ശ്രീ. എസ്. നന്ദകുമാർ, ജനമൈത്രി ബീറ്റ് ഓഫീസർ ശ്രീ. കെ. സന്തോഷ് കുമാർ, പരവൂർ സി. ഐ. ശ്രീ. ബി. അനിൽകുമാർ, എസ്. ഐ. ശ്രീ. ആർ. രാജേഷ്, എ. എസ്. ഐ. മോഹനൻ, ബിറ്റ് ഓഫീസർ പി. അനിൽ കുമാർ എന്നിവരോടുള്ള നന്ദി ഞാൻ രേഖപ്പെടുത്തുകയാണ്.

ഇത്തരം ഒരു പഠനം ഏറ്റെടുക്കുന്നതിനും പൂർത്തികരിക്കുന്നതിനും എനിക്ക് പ്രചോദനം നല്കിയ കേരള പോലീസ് അസോസ്സിയേഷൻ സംസ്ഥാന പ്രസിഡന്റും, കാവൽ കൈരളി മാസിക യുടെ എഡിറ്ററുമായ ശ്രീ. കെ. രാജൻ ചെയ്തു തന്ന സഹായ സഹകരണങ്ങളെ നന്ദിയോടെ അനുസ്മരിക്കുന്നു.

ഡോ. കെ. അലക്സാണ്ടർ

## അദ്ധ്യായം - 1

## ആമുഖം (Introduction)

കേരളത്തിലെ പോലീസ് വകുപ്പ് ഇന്ന് വലിയ ഒരു മാറ്റത്തിന് വിധേയമായികൊണ്ടിരിക്കുകയാണ്. വികസനവും വളർച്ചയുമൊക്കെ ഭരണസംവിധാനത്തിന്റെ പ്രത്യേകിച്ച് പോലീസിന്റെ കാര്യക്ഷമമായ പ്രവർത്തനത്തേയും കാലതാമസമില്ലാത്ത പ്രതികരണത്തേയും ആശ്രയിച്ചാണിരിക്കുന്നു. അതുകൊണ്ട് തന്നെ ആധുനിക ജീവിതസാഹചര്യങ്ങൾക്കനുസരിച്ച് ഇവയെ മാറ്റേണ്ടത് അത്യന്താപേക്ഷിതമാണ്.

ജനമൈത്രി സുരക്ഷാ പദ്ധതി എന്നപേരിൽ കേരളത്തിൽ നടപ്പിലാക്കിയിരിക്കുന്ന കമ്മ്യൂണിറ്റി പോലീസിംഗ് ഒരു വലിയ മാറ്റത്തെയാണ് ലക്ഷ്യം വയ്ക്കുന്നത്. ഇത്തരം ഒരു ആശയം ഇന്ത്യയിൽ ആദ്യമായി നടപ്പിലാക്കിയ സംസ്ഥാനം കേരളമാണ്. ഉയർന്ന സാക്ഷരത, മെച്ചപ്പെട്ട സാമൂഹ്യ നിലവാരം, ഗുണമേന്മയുള്ള വിദ്യാഭ്യാസം , അവകാശ സ്വാതന്ത്ര്യങ്ങളെകുറിച്ചുള്ള ബോധം, ശാസ്ത്രസാങ്കേതിക മേഖലയിലെ വളർച്ച, സാംസ്ക്കാരിക രംഗങ്ങളിലെ പുരോഗതി ഇവയൊക്കെ നമുക്ക് അഭിമാനിക്കാവുന്ന നേട്ടങ്ങളാണെങ്കിലും ക്രമസമാധാനം നിലനിർത്തുന്ന പ്രക്രിയയിൽ പോലീസും പൊതുജനങ്ങളും തമ്മിലുള്ള ബന്ധം അത്ര അഭിമാനം പകരുന്നതല്ല എന്നുള്ളതാണ് സത്യം. ജനാധിപത്യ സംവിധാനത്തിൽ പോലീസ് പൊതുജനത്തിന് സ്വീകാര്യമായിരിക്കുകയും പൊതുജനത്തെ പോലീസ് അംഗീകരിക്കുകയും ചെയ്യണം. സാമൂഹിക സുരക്ഷ ഉറപ്പുവരുത്തുന്ന പോലീസും, സുരക്ഷിതമായ സമാധാന ജീവിതം നയിക്കുവാൻ ഇഷ്ടപ്പെടുന്ന പൊതുജനങ്ങളും തമ്മിൽ സൗഹൃദത്തിന്റെതാകുന്ന ഒരു പരസ്പര ബന്ധം ഉണ്ടാകണം. ജനമൈത്രി സുരക്ഷാ പദ്ധതി അത്തരത്തിലുള്ള ഒരു ബന്ധം സ്ഥാപിക്കുന്നതിനും അതുവഴി കുറ്റകൃത്യങ്ങൾ തടയുന്നതിനും, നിയന്ത്രിക്കുന്നതിനും, കാര്യക്ഷമമായി അന്വേഷിച്ച് തെളിയിക്കുന്നതിനും ലക്ഷ്യം വയ്ക്കുന്നു.

പോലീസിൽ നിന്നും പൂർണ്ണവും തൃപ്തികരവും കാര്യക്ഷമവുമായ സേവനം ഉറപ്പുവരുത്തുവാനുപകരിക്കുന്ന രീതിയാണ് കമ്മ്യൂണിറ്റി പോലീസിംഗ്. ഒരു പോലീസ് ഉദ്യോഗസ്ഥൻ ഒരു നിശ്ചിത കാലയളവിൽ ഒരു സ്ഥലത്ത് പ്രവർത്തിക്കുകയും ആ പ്രദേശത്തെ ജനങ്ങളുടെ പങ്കാളിത്തത്തോടുകൂടി ക്രമസമാധാന പ്രശ്നങ്ങൾ മനസ്സിലാക്കുകയും അവയ്ക്ക് പരിഹാരം കണ്ടെത്തുകയും ചെയ്യുന്ന ഒരു ''പേഴ്സണലൈസ്ഡ് പോലീസിംഗ്'' സംവിധാനമാണിത്. ജനങ്ങളും പോലീസും യോജിച്ച് പ്രവർത്തിക്കുന്നതിനാൽ പ്രശ്നങ്ങളെ കൂടുതൽ വ്യക്തതയോടെ തിരിച്ചറി

യുവാൻ സാധിയ്ക്കുന്നു. ഇത് പ്രശ്നപരിഹാരത്തിനുള്ള മാർഗ്ഗങ്ങൾ കൂടുതൽ ഫലപ്രദമായും എളുപ്പത്തിലും കണ്ടെത്തുവാൻ പോലീസിനെ സഹായിക്കുന്നു. തന്മൂലം ജനങ്ങൾക്ക് അവരുടെ പരാതികൾ കൂടുതൽ വേഗത്തിലും നീതിയുക്തമായും പരിഹരിച്ച് കിട്ടുന്നതിനും പോലീസിന്റെ മാന്യതയും പൊതുജനത്തിന്റെ അന്തസും ഉയർത്തിപ്പിടിയ്ക്കുന്നതിനും സഹായിക്കുന്നു.പോലീസിന്റെ പ്രവർത്തനത്തിലും, കർത്തവ്യനിർവ്വഹണത്തിലും അതിന്റെ വിലയിരുത്തലിലുമെല്ലാം പൊതുജനപങ്കാളിത്തം സാദ്ധ്യമാകുന്നു എന്നുള്ളതാണ് ഇതിന്റെ സവിശേഷത.

പാഴ്ച്ചിലവുകൾ ഒഴിവാക്കുന്ന ഒരുസംവിധാനംകൂടിയാണ് ജനമൈത്രി സുരക്ഷാ പദ്ധതി. കേരളം പോലെയുള്ള ഒരു സമൂഹത്തിൽ കുറ്റകൃത്യനിവാരണം ദുർലഭമായ വിഭവങ്ങളുടെ അടിസ്ഥാനത്തിൽ വീക്ഷിക്കേണ്ടതുണ്ട്. അക്രമം, കൊള്ള, കൊള്ളിവയ്പ്പ്, മോഷണം, നികുതിവെട്ടിപ്പ്, പൊതുമുതൽ നശിപ്പിയ്ക്കൽ ഇവയൊക്കെ ഗൗരവത്തോടെ കാണേണ്ട വസ്തുതകളാണ്. കുറ്റകൃത്യങ്ങൾ ഇല്ലാത്ത ഒരു സമൂഹം ഭാവനമാത്രമാണെന്നുള്ളതുപോലെ, പോലീസിനെകൊണ്ട് മാത്രം കുറ്റകൃത്യങ്ങൾ ഇല്ലായ്മ ചെയ്യുവാൻ സാധിയ്ക്കുമെന്നുള്ളത് വ്യാമോഹം മാത്രമാണ്. ഇവിടെയാണ് പൊതുജനപങ്കാളിത്തം പ്രസക്തമാകുന്നത്. പോലീസിന്റെ റോന്തുചുറ്റലിൽ പങ്കാളികളാകുന്ന ജാഗ്രതാസമിതികളായി പ്രവർത്തിക്കുന്നത് മാത്രമല്ല ജനമൈത്രി സുരക്ഷാ പദ്ധതി കൊണ്ടുദ്ദേശിക്കുന്നത്. സമൂഹത്തിൽ കുറ്റകൃത്യങ്ങൾക്ക് കാരണമാകുന്ന ഘടകങ്ങളെ സൂഷ്മമായ നിലയിൽ കണ്ടെത്തുകയും അവയെ നിവാരണം ചെയ്യുന്നതിനാവശ്യമായ സാഹചര്യങ്ങളും വിഭവങ്ങളും ലഭ്യമാക്കുകയും പോലീസും പൊതുജനങ്ങളും തമ്മിൽ ആരോഗ്യകരമായ പരസ്പരബന്ധം സ്ഥാപിക്കുകയും ചെയ്യുകയാണ് ഈ പദ്ധതിയുടെ അന്തസത്ത.

ദശാബ്ദങ്ങളായി അനുവർത്തിച്ചുവരുന്ന രീതികളിൽ നിന്നും മൗലീകമായ മാറ്റം ലക്ഷ്യം വച്ചുകൊണ്ടുള്ള ഒരു ആശയം പോലീസ് സേനയിൽ നടപ്പിലാക്കുമ്പോൾ പലതടസ്സങ്ങളേയും വെല്ലുവിളികളേയും നേരിടേണ്ടതായിവരും. പെട്ടെന്ന് മാറ്റം സംഭവിച്ചുകൊണ്ടിരിക്കുന്ന കേരളം പോലെയുള്ള ഒരുവികസ്വരസമൂഹത്തിൽ മുൻകൂട്ടികാണുവാൻ സാധിക്കാത്ത പലപ്രതിസന്ധികളേയും തരണം ചെയ്യേണ്ടതായി വന്നേക്കാം. അവയെ മനസ്സിലാക്കുവാനും സാദ്ധ്യമാകുന്ന പരിഹാരങ്ങൾ നിർദ്ദേശിക്കുവാനുമായി പഠനങ്ങളും, വിലയിരുത്തലുമൊക്കെ നടത്തേണ്ടത് അനിവാര്യമാണ്. ഈ പശ്ചാത്തലത്തിലാണ് ഇത്തരം ഒരു പഠനം ഏറ്റെടുത്തത്.

## പഠനത്തിന്റെ ഉദ്ദേശലക്ഷ്യങ്ങൾ (Objectives of the study)

പഠനത്തിന്റെ ഉദ്ദേശലക്ഷ്യങ്ങൾ ഇവയാണ്.

1) അടൂർ, പരവൂർ പ്രദേശങ്ങളിലെ കുറ്റകൃത്യ നിയന്ത്രണത്തിൽ ജനമൈത്രി സുരക്ഷാ പദ്ധതി എങ്ങനെ സഹായിക്കുന്നു എന്ന് വിലയിരുത്തുക.

2) ജനമൈത്രി സുരക്ഷാ പദ്ധതിയിൽ ജനങ്ങളുടെ പങ്കാളിത്തം എത്രമാത്രമെന്ന് പരിശോധിക്കുക.

3) ജനമൈത്രി സുരക്ഷാ പദ്ധതി നടപ്പിലാക്കുന്നതിനുള്ള പ്രതിബന്ധങ്ങൾ എന്തെങ്കിലുമുണ്ടെങ്കിൽ കണ്ടെത്തുക.

4) ജനമൈത്രി സുരക്ഷാ പദ്ധതിയുടെ വിജയകരമായ നടത്തിപ്പിന് നിർദ്ദേശങ്ങൾ സമർപ്പിക്കുക.

## പഠനത്തിന് തിരഞ്ഞെടുത്ത സ്ഥലങ്ങൾ (Universe of the study)

കേരളത്തിൽ ജനമൈത്രി സുരക്ഷാ പദ്ധതി ഒന്നാം ഘട്ടം എന്ന നിലയിൽ 2008 ൽ തിരഞ്ഞെടുക്കപ്പെട്ട ഇരുപത് (20) പോലീസ് സ്റ്റേഷനുകളിലും 2009 ൽ ഇരുപത്തിമൂന്ന് (23) പോലീസ് സ്റ്റേഷനുകളിലുമായി ആകെ നാല്പത്തിമൂന്ന് (43) പോലീസ് സ്റ്റേഷനുകളിലാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്. മൂന്നാംഘട്ടമായി നൂറ് (100) പോലീസ് സ്റ്റേഷനുകളിലേക്ക് കൂടി ഈ പദ്ധതി വ്യാപിപ്പിക്കാനുള്ള ശ്രമങ്ങൾ നടക്കുകയാണ്. ഒന്നാംഘട്ടത്തിൽ നടപ്പിലാക്കിയ അടൂർ, പരവൂർ പോലീസ് സ്റ്റേഷനുകളാണ് പഠനത്തിന് തിരഞ്ഞെടുത്തത്.

പത്തനംതിട്ട ജില്ലയിലെ പ്രധാനപ്പെട്ടഒരു മുനിസിപ്പാലിറ്റിയും ഒരു നിയമസഭാമണ്ഡലത്തിന്റെ ആസ്ഥാനവുമാണ് അടൂർ. 20.5 ചതുരശ്രകിലോമീറ്റർ വിസ്തീർണ്ണമുള്ള അടൂരിൽ 8022 വീടുകളുണ്ട്. 25 മുനിസിപ്പൽ വാർഡുകളുള്ള അടൂരിന്റെ ജനസംഖ്യ 28,954 ആണ്. 25 വാർഡുകളെ 8 ജനമൈത്രി ബീറ്റ് പ്രദേശങ്ങളായി വിഭജിച്ച് ഓരോ ബീറ്റിനും ഒരു ബീറ്റ് ഓഫീസർ എന്ന അനുപാതത്തിൽ 8 പേരെ ചുമതലപ്പെടുത്തിയിരിക്കുന്നു. ഇവരെ സഹായിയ്ക്കുവാനായി രണ്ട് (2) വനിതാ ബീറ്റ് ഓഫീസർമാരെ യും നിയമിച്ചിട്ടുണ്ട്. അടൂർ സർക്കിൾ ഇൻസ്പെക്ടർ പദ്ധതിയുടെ എക്സ് ഒഫീഷ്യോ കൺവീനറായും, സബ് ഇൻസ്പെക്ടർ സെക്രട്ടറിയായും ഒരു എ. എസ്. ഐ. കമ്മ്യൂണിറ്റി റിലേഷൻ ഓഫീസറായും പ്രവർത്തിക്കുന്നു. പത്തനംതിട്ട ജില്ലാ പോലീസ് സൂപ്രണ്ടിന്റേയും, അടൂർ ഡപ്യൂട്ടി പോലീസ് സൂപ്രണ്ടിന്റേയും, അഞ്ച് (5) വനിതകൾ ഉൾപ്പെടെ ഇരുപത് (20) അംഗങ്ങളുള്ള ജനമൈത്രി സുരക്ഷാസമിതിയുടേയും മേൽനോട്ടത്തിലും, നിയന്ത്രണത്തിലുമാണ് പ്രസ്തുത പദ്ധതി പ്രവർത്തിയ്ക്കുന്നത്. ട്രാഫിക് വാർഡൻ സമ്പ്രദായം, ആരോഗ്യസംരക്ഷണ, നിയമബോധവൽക്കരണ ക്ലാസുകൾ, മുതിർന്ന പൗരന്മാർക്കുള്ള ഹെൽപ്പ്ലൈൻ, കൗൺസിലിംഗ്, മദ്യ മയക്കുമരുന്ന് വിരുദ്ധ പ്രചരണങ്ങൾ, സൗജന്യ മെഡിക്കൽ ക്യാമ്പുകൾ സ്വകാര്യ സെക്യൂരിറ്റി ജിവനക്കാർക്കും, മോട്ടോർവാഹന ഡ്രൈവർമാർക്കുമുള്ള ബോധവൽക്കരണ ക്ലാസ്സുകൾ, സ്ക്കൂൾ, കോളേജ് വിദ്യാർത്ഥികൾക്കും പൊതുജനങ്ങൾക്കുമായി ട്രാഫിക് ബോധവൽക്കരണ പരിപാടികൾ ജനങ്ങളുമായി ചേർന്നുള്ള രാത്രികാല പട്രോളിംഗ്, സ്ത്രീകൾക്കും കുട്ടികൾക്കും വേണ്ടിയുള്ള ബോധവൽക്കരണ സെമിനാറുകൾ, ബ്ലഡ് ഗ്രൂപ്പ് നിർണ്ണയം, അന്യസംസ്ഥാന തൊഴിലാളികളെ സംബന്ധിച്ചുള്ള വിവരശേഖരണം വൃദ്ധരും, ഒറ്റയ്ക്കുതാമസിക്കുന്നവരുമായവരെ കുറിച്ചുള്ള വിവരശേഖരണം തുടങ്ങി ഇരുപതിലധികം (20) പരിപാടികൾ വളരെ വിജയപ്രദമായ രീതിയിൽ അടൂരിൽ ജനമൈത്രി സുരക്ഷാ പദ്ധതിയുടെ ഭാഗമായി നടന്നുവരുന്നുണ്ട്.

കൊല്ലം ജില്ലയിൽ ജനമൈത്രിസുരക്ഷാ പദ്ധതി ആദ്യമായി നടപ്പിലാക്കിയത് പരവൂർ പോലീസ് സ്റ്റേഷനിലാണ്. ചാത്തന്നൂർ നിയമസഭാ നിയോജക മണ്ഡലത്തിൽപ്പെട്ട പ്രധാപ്പെട്ട ഒരു പട്ടണപ്രദേശമാണ് പരവൂർ. 16.5 ചതുരശ്രകിലോമീറ്റർ വിസ്തൃതിയുള്ള 14,028 വീടുകളും 38648 ജനങ്ങളുമുള്ള പരവൂർ മുനിസിപ്പാലിറ്റി 29 വാർഡുകളായി വിഭചിച്ചിരിക്കുന്നു. ശരാശരി 1500 വീടുകൾ അടങ്ങിയ ഒരു പ്രദേശം ഒരു ബീറ്റ് ഏരിയ ആയികണക്കാക്കി 29 വാർഡുകളെ 8 ജനമൈത്രി

ബീറ്റുകളായി തിരിച്ചിരിക്കുന്നു. ഒരു ബീറ്റ് ഏരിയായ്ക്ക് ഒരു ബീറ്റ് ഓഫീസർ എന്ന ക്രമത്തിൽ 8 ബീറ്റ് ഓഫീസർമാരാണ് ഇവിടെ പ്രവർത്തിക്കുന്നത്. പരവൂർ സർക്കിൾ ഇൻസ്പെക്ടർ പദ്ധതിയുടെ എക്സ് ഒഫിഷ്യോ കൺവീനറായും, എസ്. എച്ച്. ഒ. സെക്രട്ടറിയായും ഒരു എ. എസ്. ഐ. കമ്മ്യൂണിറ്റി റിലേഷൻസ് ഓഫീസറായും പ്രവർത്തിക്കുന്നു. കൊല്ലം ജില്ലാ പോലീസ് സൂപ്രണ്ടിന്റേയും, കൊല്ലം ഡപ്യൂട്ടി പോലീസ് സൂപ്രണ്ടിന്റേയും 9 വനിതകൾ ഉൾപ്പെടെ 30 പേരടങ്ങിയ ജനമൈത്രി സമിതിയുടേയും മേൽനോട്ടത്തിലാണ് പദ്ധതി പ്രവർത്തനങ്ങൾ നടക്കുന്നത്. ട്രാഫിക് വാർഡൻ സമ്പ്രദായം, ജനങ്ങളുമായി ചേർന്നുള്ള രാത്രികാല പട്രോളിംഗ്, ബോധവൽക്കരണ പ്രവർത്തനങ്ങൾ, സെക്യൂരിറ്റി ഗാർഡുകളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ചുകൊണ്ടുള്ള പരിപാടികൾ, അപരിചിതരെ മനസ്സിലാക്കുന്നതിനുള്ള പദ്ധതി, ബർഗളർ അലാം തുടങ്ങിയ സെക്യൂരിറ്റി സംവിധാനങ്ങൾ നടപ്പാക്കുന്ന പദ്ധതി, മുതിർന്ന പൗരന്മാരെയും ഒറ്റക്ക് താമസിക്കുന്നവരേയും ഉദ്ദേശിച്ചുള്ള ഹെൽപ്പ്ലൈൻ, സ്ത്രീകളുടേയും കുട്ടികളുടേയും സംരക്ഷണത്തിനാവശ്യമായ പദ്ധതികൾ, കൗൺസലിംഗ്, രക്തദാനം, നേത്രദാനം, അവയവദാനം എന്നിവ പ്രോത്സാഹിപ്പിക്കുന്നതിനുള്ള പദ്ധതികൾ, മദ്യ, ലഹരി വിരുദ്ധ പ്രചരണ പരിപാടികൾ, പരാതിപ്പെട്ടി സംവിധാനം, ദുരന്ത നിവാരണ പ്രവർത്തനങ്ങൾ ഉൾപ്പെടെ ധാരാളം പ്രവർത്തനങ്ങൾ പരവൂർ ജനമൈത്രി സുരക്ഷാ പദ്ധതിയുടെ ഭാഗമായി വിജയകരമായ രീതിയിൽ നടത്തുന്നുണ്ട്.

## പഠനത്തിന്റെ രീതി ശാസ്ത്രം **(Methodology)**

അടൂർ, പരവൂർ പോലീസ് സ്റ്റേ ഷനുകളിലെ മുഴുവൻ ജനമൈത്രി ബീറ്റ് ഏരിയകളും സന്ദർശിച്ച് ലഭ്യമായവരിൽ നിന്നും, പ്രധാനപ്പെട്ട കവലകളിലും സ്ഥാപനങ്ങളിലും കണ്ടുമുട്ടിയവരിൽ നിന്നും അച്ചടിച്ച ഒരു ചോദ്യാവലിയുടെ സഹായത്തോടെ വിവരങ്ങൾ ശേഖരിച്ചാണ് പഠനം നടത്തിയത്. ഒരു പോലീസ് സ്റ്റേഷൻ പരിധിയിൽ നിന്നും അഞ്ഞൂറ് (500) പേർ എന്ന ക്രമത്തിൽ ആയിരം (1000) വ്യക്തികളെ ഇന്റർവ്യൂ ചെയ്യുകയുണ്ടായി. റിപ്പോർട്ടിന്റെ പ്രാഥമിക വിവരങ്ങൾ ശേഖരിക്കുന്നതിനായി കേരള പോലീസിന്റെ വെബ് സൈറ്റ്, പോലീസിനെ സംബന്ധിക്കുന്ന പുസ്തകങ്ങൾ, പത്രമാധ്യമങ്ങൾ ഒക്കെ ഉപയോഗപ്പെടുത്തിയിട്ടുണ്ട്. എന്നാൽ പ്രധാനപ്പെട്ട നിഗമനങ്ങളിൽ എത്തുന്നതിനും, നിർദ്ദേശങ്ങൾ രൂപപ്പെടുത്തുന്നതിനും സർവ്വേമെതേഡ് ആണ് ഉപയോഗിച്ചിരിക്കുന്നത്.

ലഭ്യമായ വിവരങ്ങൾ മുൻവിധികളില്ലാതേയും, നിഷ്പക്ഷമായും വിശകലനം ചെയ്ത് തയാറാക്കിയ റിപ്പോർട്ട് ഉത്തരവാദപ്പെട്ടവരുടെ ശ്രദ്ധക്കും തുടർനടപടികൾക്കുമായി സമർപ്പിക്കുന്നു.

കാര്യക്ഷമമായി പ്രവർത്തിക്കുന്ന, ജനങ്ങളുടെ സുഹൃത്തായ, മനുഷ്യവകാശസംരക്ഷകരായ ഒരു പോലീസ് സേനയെ ലഭിക്കുക എന്ന മലയാളിയുടെ ചിരകാലഭിലാഷം സാക്ഷാത്കരിക്കുവാൻ എതെങ്കിലും നിർദ്ദേശം ഉപകരിക്കുമെങ്കിൽ ഈ ഉദ്യമം വിജയിച്ച് എന്ന് വിശ്വസിക്കാം.

## അദ്ധ്യായം - 2

### ജനമൈത്രി സുരക്ഷാ പദ്ധതി എന്ത്? എന്തിന്?

ലോകത്തിലെ ഏറ്റവും വലിയ ജനാധിപത്യ രാജ്യമാണ് ഭാരതം. എന്തെല്ലാം പോരായ്മകൾ ചൂണ്ടിക്കാണിക്കുവാനുണ്ടെങ്കിലും ഇന്ന് ലോകത്താകമാനം നിലനിൽക്കുന്ന രാഷ്ട്രീയ സംവിധാന ങ്ങളിൽ ഏറ്റവും നല്ലത് എന്ന് പരക്കെ അംഗീകരിക്കപ്പെട്ടിട്ടുള്ള ഭരണക്രമമാണ് ജനാധിപത്യം. ജന ങ്ങൾക്ക് ഇത്രയധികം അവകാശ അധികാരങ്ങൾ നൽകുന്ന മറ്റൊരു ഭരണ സംവിധാനവും ഇന്ന് നിലവിൽ ഇല്ല. തങ്ങളെ ആരുഭരിക്കണമെന്ന് നിശ്ചയിക്കുവാനും യോഗ്യരെന്ന് കാണുന്നവരെ തെരഞ്ഞെടുക്കുവാനും ഭരിക്കപ്പെടുന്നവർക്ക് അവകാശം നൽകുന്ന സംവിധാനമാണ് ജനാധി പത്യം. ഭരണാധികാരികളെ കാലാകാലങ്ങളിൽ ഭരണഘടനാ മാർഗ്ഗങ്ങളിലൂടെ പുറത്താക്കുവാനും വീണ്ടും തെരെഞ്ഞെടുക്കുവാനുമൊക്കെ അവസരം ലഭിക്കുന്നു. ചുരുക്കത്തിൽ ജനങ്ങളാണ് പര മാധികാരികൾ. ഭരണ സംവിധാനം തന്നെ ഈ പരമാധികാര വിഭാഗത്തെ സേവിക്കുന്നതിനും സംരക്ഷിക്കുന്നതിനുമായി രൂപപ്പെടുത്തിയിട്ടുള്ളതാണ്.

ഒരു സംസ്ഥാനത്തെ ഭരണ സംവിധാനത്തിന്റെ മർമ്മ പ്രധാനമായ ഭാഗമാണ് പോലീസ്. "Police is an operative agency for ensuring the essentials of civilised life and a touchstone for testing the sprit and quality of civil administration" (John Coatman, 'The Police', 1959). ജനങ്ങളുടെ സംസ്കാര സമ്പന്നമായ ജീവിതത്തി നാവശ്യമായ സാഹചര്യങ്ങൾ ഒരുക്കുന്നതിന് വേണ്ടി പ്രവർത്തിക്കുന്നതും പൊതുഭരണത്തിന്റെ ഗുണനിലവാരം പരിശോധിയ്ക്കുവാനുള്ള ഉരകല്ലുമാണ് പോലീസ്. ഒരു സ്ഥലത്ത് പോലീസിന്റ സാന്നിധ്യം ഉണ്ട് എന്നുള്ളതുതന്നെ നിയമം അനുസരിക്കുന്നവർക്ക് സുരക്ഷിതബോധമാണ് പ്രദാനം ചെയ്യുന്നത്. കുറ്റകൃത്യങ്ങൾ തടയുക, തടയുവാൻ പറ്റാതെ പോയവ അന്വേഷിച്ച് തെളി യ്ക്കുക, നിയമ സമാധാനവും ആഭ്യന്തര സുരക്ഷിതത്വവും ഉറപ്പുവരുത്തുക, ഗതാഗതം നിയന്ത്രി ക്കുക ഇവയൊക്കെ പോലീസിന്റെ പരമപ്രധാനമായ കർത്തവ്യങ്ങളായി പരക്കെ അംഗീകരിക്കപ്പെട്ടി ട്ടുള്ളതാണ്. ചുരുക്കത്തിൽ പോലീസിന്റെ ചുമതലകൾ വിസ്തൃതവും സങ്കീർണ്ണവുമാണ്. വ്യക്ത മായ നിയമത്തിന്റെ അടിസ്ഥാനത്തിൽ ക്രമസമാധാനപ്രശ്നങ്ങളെ നേരിടുകയും നിയമം അനുശാ സിക്കുന്ന രീതിയിൽ കുറ്റകൃത്യങ്ങൾ അന്വേഷിച്ച് തെളിയിപ്പിക്കുകയും ഭയരഹിതമായും പക്ഷപാത മില്ലാതെയും നിയമം നടപ്പിലാക്കുകയും ചെയ്യുമ്പോഴാണ് നിയമ വാഴ്ച ഉറപ്പുവരുത്തുവാൻ സാധിക്കുന്നത്. അത്തരത്തിലുള്ള ഒരു സാമൂഹിക ക്രമത്തിൽ മാത്രമെ പൊതുസമൂഹത്തിന്റെ സ്വൈരജീവിതം സാദ്ധ്യമാവുകയുള്ളൂ.

സമൂഹത്തിലുണ്ടാകുന്ന മാറ്റങ്ങൾ ഏറ്റവും അധികം ബാധിയ്ക്കുന്നതും മാറ്റത്തിന്റെ ചാലക ശക്തിയായി പ്രവർത്തിക്കേണ്ടതും പോലീസാണ്. ആഗോളവത്കരണത്തിന്റെ ഫലമായുണ്ടായ സാമ്പത്തിക മേഖലയിലെ മാറ്റങ്ങളും അറിവിന്റെ വിസ്ഫോടനത്തിന് തന്നെകാരണമായി മാറിയ വിവരസാങ്കേതിക വിദ്യയുടെ വിപ്ളവകരമായ വളർച്ചയുമെല്ലാം പോലീസിന്റെ ജോലി കൂടുതൽ

ദുഷ്ക്കരവും സങ്കീർണ്ണവുമാക്കി തീർത്തിരിക്കുകയാണ്. പരമ്പരാഗതമായി ക്രമസമാധാനം ഉറപ്പുവരുത്തുക, ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം നല്കുക, കുറ്റകൃത്യങ്ങൾ തടയുക " prevention of comission of offences, prevention of order and the protection of the life and property of the people " (Royal Commission on Police, 1968) എന്നിവയിൽ മാത്രം ഒതുങ്ങുന്നതല്ല ഇന്നത്തെ പോലീസിന്റെ ജോലി. മനുഷ്യൻ വ്യാപരിക്കുന്ന മേഖലകളിലെല്ലാം പോലീസിന്റെ ജാഗ്രതയോടുള്ള പ്രവർത്തനം ആവശ്യമാണ്. സമൂഹം മാറുന്നതിനനുസരിച്ച് പോലീസ് സേനയേയും രൂപപ്പെടുത്തി എടുത്തെങ്കിൽ മാത്രമെ വർദ്ധിച്ചുവരുന്ന ക്രമസമാധാന പ്രശ്നങ്ങളെ നേരിടുന്നതിനും വികസനത്തിന്റെ ആധാരശിലയായിട്ടുള്ള സമാധാനവും സുരക്ഷിതത്വവും ഉറപ്പുവരുത്തുന്നതിന് സാധിക്കുകയുള്ളൂ.

ഇൻഡ്യയിലെ മറ്റുസംസ്ഥാനങ്ങളിൽ നിന്നും തികച്ചും വ്യത്യസ്തമായ സാമൂഹിക, സാമ്പത്തിക, രാഷ്ട്രീയ പശ്ചാത്തലമാണ് കേരളത്തിന്റേത്. ശരി തെറ്റുകളെക്കുറിച്ചുള്ള അഗാധമായ ബോധം, വ്യത്യസ്ത പ്രത്യയശാസ്ത്രങ്ങളുടെ അടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന ശക്തമായ രാഷ്ട്രീയ പ്രസ്ഥാനങ്ങൾ, സമരാസക്തവും സുസംഘടിതവുമായ താല്പര്യവിഭാഗങ്ങളുടെ പ്രവർത്തനങ്ങൾ എന്നിവയെല്ലാം, നിലനിൽക്കുന്ന ഭരണസംവിധാനത്തിന്റെ മേൽ അധിക സമ്മർദ്ദം ചെലുത്തുന്നവയാണ്. അവകാശങ്ങളെകുറിച്ചും കടമകളെകുറിച്ചും തികഞ്ഞ അവബോധമുള്ള ഒരു പൊതുസമൂഹമാണ് കേരളത്തിന്റേത്. വർദ്ധിച്ചുവരുന്ന നഗരവത്കരണത്തിന്റെ ഫലമായുണ്ടാകുന്ന പ്രശ്നങ്ങൾ, വാഹനത്തിന്റെ എണ്ണത്തിലുണ്ടാകുന്ന വർദ്ധനവ്, റോഡുകളുടെ ശോച്യാവസ്ഥ ഒക്കെ പോലീസിന് തലവേദന സൃഷ്ടിക്കുന്ന കാര്യങ്ങളാണ്. 2009 ഡിസംബർ വരെ അൻപത്തിമൂന്ന് ലക്ഷത്തി ഇരുപത്തി ഏഴായിരം (53.27 ലക്ഷം) വാഹനങ്ങൾ കേരളത്തിൽ രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുണ്ട്. ഇതിൽ 505713 വാഹനങ്ങൾ 2009 ൽ മാത്രം രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുള്ളതാണ്. (കേരള മോട്ടോർ വാഹന വകുപ്പ്). ഇത് അനുദിനം വർദ്ധിച്ചുവരുന്ന വാഹനാപകടങ്ങൾക്ക് കാരണമാകുന്നു. ഒരു വർഷത്തിൽ 4000 പേരാണ് പോലീസിന്റെ കണക്കുകൾ പ്രകാരം കേരളത്തിൽ മരണപ്പെടുന്നത്. ഒരു ലക്ഷത്തിന് 12 പേർ അതായത് 8000 ത്തിൽ ഒരാൾ വീതം കേരളത്തിൽ റോഡപകടങ്ങളിൽ ഓരോ വർഷവും മരണപ്പെടുന്നു. സമൂഹത്തിലെ ഒട്ടുമിക്ക വിഭാഗങ്ങളും രാഷ്ട്രീയമായി സംഘടിക്കപ്പെട്ടിട്ടുള്ളതും അവരുടെ താത്പര്യങ്ങൾ സംരക്ഷിക്കുവാനുമായി തെരുവിലിറങ്ങി പ്രതിഷേധിക്കുന്നവരുമാണ്. സ്ക്കൂളുകളിലേയും, കോളേജുകളിലേയും വിദ്യാർത്ഥി സംഘടനാ പ്രവർത്തനങ്ങൾ പലപ്പോഴും അക്രമാസക്തമാവുകയും തത്ഫലമായി ബഹു. കേരള ഹൈക്കോടതി രാഷ്ട്രീയാടിസ്ഥാനത്തിലുള്ള സ്ക്കൂൾ പാർലമെന്റ് തെരഞ്ഞെടുപ്പുകൾ നിരോധിച്ചിട്ടുള്ളതും കോളേജുകളിൽ രാഷ്ട്രീയ പ്രവർത്തനത്തിന് നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുള്ളതുമാണ്. ആദിവാസികളും മറ്റു അധസ്ഥിതരുമൊക്കെ സംഘടിതരും പലപ്പോഴും അവരുടെ ആവശ്യങ്ങൾ നേടിയെടുക്കുന്നതിനുവേണ്ടി മുത്തങ്ങയിലും ചെങ്ങറയിലുമൊക്കെ നടന്ന പോലെ അക്രമത്തിന്റെ പാത സ്വീകരിക്കാറുള്ളവരുമാണ്. നക്സലേറ്റുകൾ, തീവ്രവാദ ഗ്രൂപ്പുകൾ, ഗുണ്ടാ, മാഫിയ സംഘങ്ങൾ ഒക്കെ കേരളത്തിൽ പ്രവർത്തിയ്ക്കുന്നുണ്ട് എന്ന് ഒദ്യോഗിക രേഖകൾ സൂചിപ്പിക്കുന്നു. ജാതി, മത, വർഗ്ഗീയ സംഘടനകൾക്കും നല്ല വളക്കൂറുള്ള മണ്ണായി കേരളം മാറി

യിരിക്കുന്നു. സാമ്പത്തിക കുറ്റകൃത്യങ്ങളും സംസ്ഥാനത്ത് വർദ്ധിച്ചുവരുന്നു. അന്യസംസ്ഥാനങ്ങളിൽ നിന്നും ധാരാളം തൊഴിലാളികൾ കേരളത്തിൽ പണിയെടുക്കുന്നുണ്ട്. ഇതൊക്കെ തന്നെ കേരളത്തിന്റെ ക്രമസമാധാനപരിപാലനത്തിന് വെല്ലുവിളികൾ ഉയർത്തുന്നവയാണ്.

വിവര സാങ്കേതിക വിദ്യയിലുണ്ടായ കുതിച്ചു ചാട്ടത്തിന്റെ ഫലമായി സൈബർ ക്രൈംസ് എന്ന പുതുതലമുറ കുറ്റകൃത്യങ്ങൾ പെരുകിവരുന്നു. വിവരങ്ങൾ ശേഖരിച്ചുവയ്ക്കുന്നതിനും വിനിമയം ചെയ്യുന്നതിനുമൊക്കെ കമ്പ്യൂട്ടറുകൾ ഒരു അടിസ്ഥാന ഉപകരണമായതോടുകൂടി ഇന്ന് ലോകം ഒരു സൈബർ സമൂഹമായിരിക്കുകയാണ്. ഏതുപുതിയ വിദ്യയും പെട്ടെന്ന് സ്വായത്തമാക്കുന്ന കേരള സമൂഹം സൈബർ സാങ്കേതിക വിദ്യയുടെ സാദ്ധ്യതകളേയും പരമാവധി പ്രയോജനപ്പെടുത്തുണ്ട്. എന്നാൽ ഒരു ചെറിയ ശതമാനമെങ്കിലും ഈ സാദ്ധ്യതകളെ ദുരുപയോഗം ചെയ്യുകയും കുറ്റകൃത്യങ്ങളിൽ ഉൾപ്പെടുകയും ചെയ്യുന്നു എന്നുള്ളതാണ് 2007 മുതൽ 2009 വരെയുള്ള കണക്കുകൾ സൂചിപ്പിക്കുന്നത്.

**പട്ടിക 2.1**

| | 2007 | 2008 | 2009 |
|---|---|---|---|
| ഇ മെയിൽ അബ്യൂസസ് | 10 | 22 | 33 |
| ഇ മെയിൽ ഭീഷണി | 13 | 05 | 06 |
| ഹാക്കിംഗ് | 08 | 27 | 43 |
| മൊബൈൽ മോഷണം/നഷ്ടപ്പെട്ടത് | 301 | 976 | 2027 |
| ഓൺലൈൻ ചീറ്റിംഗ് | 18 | 17 | 32 |
| ഓർക്കൂട്ട് അബ്യൂസസ് | 25 | 39 | 35 |
| ഫോൺ അബ്യൂസസ് | 102 | 217 | 535 |
| മറ്റുള്ളവ | 27 | 26 | 25 |
| ആകെ | 504 | 1329 | 2756 |

കേരള പോലീസിന്റെ ഹൈടെക് സെല്ലിൽ നിന്നും ലഭിച്ച മുകളിൽ കൊടുത്തിരിക്കുന്ന കണക്കുകൾ പ്രകാരം പരമ്പരാഗത കുറ്റകൃത്യങ്ങളേക്കാൾ വലിയ അനുപാതത്തിലുള്ള വർദ്ധനവാണ് സൈബർ കുറ്റകൃത്യങ്ങളുടെ മേഖലയിൽ ഉണ്ടായിരിക്കുന്നത്. അനുവർത്തിച്ചുവരുന്ന പരമ്പരാഗതമായ കുറ്റാന്വേഷണ രീതികൾകൊണ്ട് സൈബർ കുറ്റകൃത്യങ്ങൾ തടയുന്നതിനോ അന്വേഷിച്ചു തെളിയിക്കുന്നതിനോ സാധിയ്ക്കുകയില്ല. അതിനൂതനമായ സാങ്കേതിക വിദ്യ ഉപയോഗിച്ച് കുറ്റവാളിയിലേക്ക് ചെന്നെത്തുവാൻ സഹായിക്കുന്ന പരിശീലനവും വൈദഗ്ദ്ധ്യവുമുള്ള ഉദ്യോഗസ്ഥർക്ക് മാത്രമെ സൈബർ കുറ്റകൃത്യങ്ങൾ തെളിയിക്കുവാൻ സാധിയ്ക്കുകയുള്ളൂ. അതിനാവശ്യമായ സംവിധാനങ്ങളും, സാങ്കേതിക പരിജ്ഞാനവും, വൈദഗ്ദ്ധ്യവുമൊക്കെ നമ്മുടെ പോലീസിന് നൽകേണ്ടതുണ്ട്. ഈ മേഖലയിൽ കേരളത്തിന് ആശാവഹമായി മുന്നേറുവാൻ സാധിച്ചിട്ടുണ്ട്

എന്നതാണ് സത്യം. ഇൻഡ്യയിൽ ആദ്യമായി ഒരു സൈബർ കുറ്റകൃത്യം അന്വേഷിച്ച് തെളിയിച്ച് കോടതിയിൽ നിന്നും ശിക്ഷ വാങ്ങികൊടുത്തത് കേരള പോലീസാണ്. ഇൻഡ്യൻ പ്രസിഡന്റിന് വ്യാജ ഇ-മെയിൽ അയച്ച കേസായിരുന്നു അത്. ചുരുക്കത്തിൽ മറ്റുപലമേഖലകളിലുമെന്ന പോലെ പോലീസിംഗിലും കേരളം തികച്ചും വ്യത്യസ്തത പുലർത്തുന്ന ഒരു സംസ്ഥാനമാണ്. ക്രമ സമാധാനപാലനം ഒരു സങ്കീർണ്ണ പ്രശ്നമായി നിലകൊള്ളുന്നു. സമൂഹത്തിന്റെ ഭദ്രതയ്ക്ക് ആവ ശ്യമായ സംവിധാനങ്ങളിലും അവയുടെ പ്രവർത്തനങ്ങളിലും നിയമങ്ങളിലും വ്യവസ്ഥകളിലും നട ത്തിപ്പിലുമൊക്കെ കാലാനുസൃതമായ മാറ്റങ്ങൾ വരുത്തികൊണ്ട് മാത്രമെ ഇത്തരം ഒരു പ്രതിസ ന്ധിയെ തരണം ചെയ്യുവാൻ സാധിക്കുകയുള്ളൂ.

കേരള സമൂഹവും അതിലെ ഉദ്യോഗസ്ഥ മേഖലകളും ഗുണകരമായ ധാരാളം മാറ്റങ്ങൾക്ക് വിധേയമായെങ്കിലും ആ മാറ്റം കാലോചിതമായി ഉൾകൊള്ളുവാൻ കേരളത്തിലെ പോലീസിന് സാധിച്ചിട്ടില്ല. പൊതുഭരണ പരിഷ്ക്കരണത്തിനും അതിന്റെ പ്രധാന വിഭാഗമായ പോലീസിന്റെ പരിഷ്കരണത്തിനും വേണ്ടി നിർദ്ദേശങ്ങൾ സമർപ്പിക്കുവാൻ ധാരാളം കമ്മറ്റികളേയും കമ്മീഷനുക ളേയും നിയോഗിക്കുവാൻ കാണിച്ച താൽപര്യമൊന്നും അവയുടെ റിപ്പോർട്ടുകൾ നടപ്പിലാക്കാൻ കാണിച്ചിട്ടില്ല എന്നു ചരിത്രപരമായ ഒരു തിരിഞ്ഞുനോട്ടം വ്യക്തമാക്കുന്നു.

സ്വതന്ത്രഭാരതത്തിൽ ആദ്യമായി പോലീസ് പരിഷ്കരണത്തിന് ഒരു കമ്മറ്റിയെ നിയോഗിച്ചു മാതൃക കാണിച്ച സംസ്ഥാനമാണ് കേരളം. 1957 ഏപ്രിൽ 5 -ാം തീയതി ദുഃഖവെള്ളിയാഴ്ച അധി കാരത്തിലേറിയ ഇ. എം. സ്. ന്റെ ഗവൺമെന്റ് രൂപീകരിച്ച 'Kerala Police Re-organization Committee' ആയിരുന്ന അത്. പതിനെട്ട് (18) വിഷയങ്ങൾ അടങ്ങിയ ദീർഘവീക്ഷണത്തോടെ യുള്ള ഒരു ടേംസ് ഓഫ് റഫറൻസും ( Terms of Reference) പ്രസ്തുത കമ്മറ്റിക്ക് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുവാനായി നൽകുകയുണ്ടായി. നിർഭാഗ്യവശാൽ ടി കമ്മറ്റി റിപ്പോർട്ട് സമർപ്പി ക്കുന്നതിന് മുമ്പുതന്നെ വിമോചന സമരത്തിന്റെ ഫലമായി ഐക്യകേരളത്തിലെ ആദ്യത്തെ ഗവൺമെന്റിനെ പിരിച്ചുവിടുകയുണ്ടായി. പിന്നീട് അധികാരത്തിലേറിയ ഗവൺമെന്റ് പ്രസ്തുത കമ്മറ്റിയോട് ടേംസ് ഓഫ് റഫറൻസിലെ ഏഴ് (7) കാര്യങ്ങൾ മാത്രം പഠിച്ച് എത്രയും പെട്ടെന്ന് റിപ്പോർട്ട് സമർപ്പിക്കുവാൻ ആവശ്യപ്പെടുകയാണുണ്ടായത്. അങ്ങനെ സമർപ്പിച്ച പുരോഗമനപര മായ റിപ്പോർട്ടിലെ നിർദ്ദേശങ്ങൾ പോലും നടപ്പിലാക്കുവാനുള്ള ആർജ്ജവം ഗവൺമെന്റ് കാണി ച്ചില്ല എന്നുള്ളതാണ് ഒരു ദുഃഖസത്യം. 1982 ൽ നിയോഗിച്ച "Kerala Police Re-organization Commission"' ന്റെ ഗതിയും ഇതുതന്നെയായിരുന്നു. പ്രസ്തുത കമ്മീഷന്റെ രൂപീകരണം തന്നെ പോലീസ് പരിഷ്കരണം നീട്ടികൊണ്ട് പോകുവാനുള്ള ഒരു ഗൂഢതന്ത്രമായി രുന്നു എന്ന് പരക്കെ വിമർശിക്കപ്പെട്ടിട്ടുള്ളതാണ്. അടിയന്തിരാവസ്ഥയുടെ മറവിലുണ്ടായ പോലീസ് അതിക്രമങ്ങളുടെ പശ്ചാത്തലത്തിൽ ഇൻഡ്യയിലാകമാനമുള്ള പോലീസിനെ കുറിച്ച് പഠി ക്കുവാൻ 1977 ലെ ജനതാ പാർട്ടി ഗവൺമെന്റ് ശ്രീ. ധർമ്മവീരയുടെ നേതൃത്വത്തിൽ 'National Police Commission' എന്നൊരു കമ്മീഷനെ നിയോഗിച്ചിരുന്നു. 1977 മുതൽ 1981 വരെ പഠനം നടത്തി എട്ട് (8) വാല്യങ്ങളിലായി പ്രസ്തുത കമ്മീഷൻ റിപ്പോർട്ടും സമർപ്പിക്കുകയുണ്ടായി. ആ

റിഷോർട്ടിലെ നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നതിന് പകരം അതിലെ തന്നെ പഠനവിഷയങ്ങൾ പലതും 'Terms of Reference' ൽ ഉൾപ്പെടുത്തി "Kerala Police Re-organization Commission"' എന്ന പേരിൽ 1982 മുതൽ 1986 വരെ ഒരു കമ്മീഷനെ നിയമിക്കുകയാണ് കേരളം ചെയ്തത്. പ്രസ്തുത കമ്മീഷന്റെ രണ്ട് വാല്യങ്ങളിലായി സമർപ്പിച്ച റിഷോർട്ട് ഗവൺമെന്റ് പ്രസിദ്ധീകരിയ്ക്കുക പോലും ചെയ്തിട്ടില്ല. ക്രമസമാധാന പാലനത്തിലും കുറ്റകൃത്യത്തിലും കുറ്റ കൃത്യനിയന്ത്രണത്തിലുമെല്ലാം മറ്റുസംസ്ഥാനങ്ങളിൽ നിന്നും വ്യത്യസ്ഥമായ പലവെല്ലുവിളികളേയും നേരിടുമ്പോഴും മുന്നണികൾ മാറി മാറി ഭരണം നടത്തിയിട്ടും സമീപകാലം വരെയും പോലീസിനെ പരിഷ്ക്കരിക്കുവാൻ ആത്മാർത്ഥമായ ഒരു ശ്രമവും നടത്തിയിട്ടില്ല എന്നുള്ളതാണ് സത്യം. ഭരണ ത്തിലിരിക്കുമ്പോൾ വാനോളം പുകഴ്ത്തുവാനും എതിരഭിപ്രായങ്ങളെ അടിച്ചമർത്തുവാൻ ഉപ യോഗിക്കുവാനും പ്രതിപക്ഷത്താകുമ്പോൾ പൊള്ളുന്ന വിമർശനങ്ങൾകൊണ്ട് വീർപ്പുമുട്ടിയ്ക്കു വാനും ഈ സേന ഇങ്ങനെ തന്നെനിലകൊള്ളുന്നതാണ് നല്ലത് എന്ന രാഷ്ട്രീയ ധാരണ ആയിരി ക്കണം അതിന് കാരണം.

സമീപകാലത്തായി ഈ അവസ്ഥയ്ക്ക് മാറ്റം സംഭവിച്ചു എന്ന് പറയേണ്ടിയിരിക്കുന്നു. ഇന്ന് കേരളത്തിലെ പോലീസ് അതിവേഗം മാറികൊണ്ടിരിയ്ക്കുകയാണ്. ദൈനംദിനം എന്നവണ്ണം പത്ര മാധ്യമങ്ങളിൽ പ്രതിസ്ഥാനത്ത് നിറഞ്ഞുനിന്നിരുന്ന കേരള പോലീസ് ഇന്ന് ഒരു ജനകീയ രൂപം പ്രാപിച്ചുകൊണ്ട് പുതുവാർത്തകൾ സൃഷ്ടിക്കുകയാണ്. പഴയപോലീസ് ആക്ടിന് പകരം മാറിയ സാഹചര്യതത്തിന് അനുയോജ്യമായ പുതിയ പോലീസ് ആക്ട് നടപ്പിലാക്കുവാൻ പോകുന്നു. സേനയിൽ 8 മണിക്കൂർ ഡ്യൂട്ടി, സ്റ്റേഷനുകളിൽ റിസപ്ഷൻ, തോക്കേന്തിയ പാറാവിന് പകരം പിസ്റ്റ ണുമായുള്ള സെക്യൂരിറ്റി, പോലീസ് സ്റ്റേഷന് പുതിയകെട്ടിടങ്ങൾ, ആധുനിക സജ്ജീകരണങ്ങ ളുള്ള വാഹനങ്ങൾ, ട്രെയിനിംഗിൽ കാലോചിതമായ പരിഷ്കരണം ഒക്കെ എടുത്തുപറയത്തക്ക മാറ്റങ്ങളാണ്. കൂടാതെ കുറ്റകൃത്യങ്ങൾ കുറച്ചുകൊണ്ടുവരുന്നതിനും കേസന്വേഷണത്തിലുള്ള കാലതാമസം പരമാവധികുറയ്ക്കുന്നതിനും ഇന്ന് സാധിക്കുന്നു. ട്രാഫിക് ബോധവത്കരണം ഒരു പ്രധാന കാര്യപരിപാടിയായി ഏറ്റെടുത്തുകൊണ്ട് സംസ്ഥാനത്താകമാനം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി ചേർന്നു സെമിനാറുകളും ചർച്ചകളും ഒക്കെ നടത്തുവാൻ സാധിച്ചിട്ടുണ്ട്. ഗുണ്ടാ, മാഫിയ സംഘങ്ങളേയും കപട ആത്മീയതക്കാരെയും നിയമത്തിന്റെ മുമ്പിൽ കൊണ്ടുവരു വാൻ സാധിച്ചതും തീവ്രവാദപ്രവർത്തനങ്ങളിൽ ഏർപ്പെടുന്നവരെ കണ്ടെത്തുന്നതിന് തീരദേശപോ ലീസും, തീരദേശസമിതിയും അതിന് സഹായകരമാകത്തക്ക രീതിയിൽ ഇൻഡ്യ റിസർവ്വ് ബറ്റാലി യന്റെ ഒരു യൂണിറ്റ് കേരളത്തിൽ തുടങ്ങിയതും, ഘട്ടം ഘട്ടമായി സേനയിലെ ഒഴിവുകൾ നികത്തു വാൻ ആരംഭിച്ചിട്ടുള്ള ശ്രമങ്ങളുമൊക്കെ ശ്ലാഘനീയം തന്നെയാണ്.

ജനമൈത്രീ സുരക്ഷാ പദ്ധതി എന്നപേരിൽ നടപ്പിലാക്കിയിരിക്കുന്ന കമ്മ്യൂണിറ്റി പോലീ സിംഗ് എന്ന ആശയം കേരളത്തിലെ പോലീസിനെ വിപ്ളവാത്മകമായ ഒരു മാറ്റത്തിന് വിധേയമാ ക്കിയിരിക്കുന്നു. ജനകീയ സൗഹൃദപോലീസ് എന്ന ആശയത്തിലൂന്നി ആരോഗ്യകരമായ പോലീസ് പൊതുജനബന്ധം സ്ഥാപിച്ചുകൊണ്ട് കുറ്റകൃത്യങ്ങൾ ഫലപ്രദമായി തടയുകയാണ് പ്രസ്തുത

പദ്ധതിയുടെ ലക്ഷ്യം. 2008 ൽ ഒന്നാം ഘട്ടമായി ഇരുപത് (20) പോലീസ് സ്റ്റേഷനുകളിലും രണ്ടാം ഘട്ടത്തിൽ ഇരുപത്തിമൂന്ന് (23) പോലീസ് സ്റ്റേഷനുകളിലുമാണ് ഈ പദ്ധതി നടപ്പിലാക്കിയിരിക്കുന്നത്. മൂന്നാം ഘട്ടത്തിൽ 100 പോലീസ് സ്റ്റേഷനുകളിൽ കൂടി നടപ്പിലാക്കുവാനും അങ്ങനെ ഘട്ടം ഘട്ടമായി കേരളത്തിലെ മുഴുവൻ പോലീസ് സ്റ്റേഷനുകളിലേക്കും വ്യാപിപ്പിക്കുവാനുമാണ് പ്രസ്തുത പദ്ധതി ലക്ഷ്യമിടുന്നത്. പദ്ധതി നടത്തിപ്പിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങളെ കുറിച്ചും, നടപ്പിലാക്കേണ്ട രീതിയെകുറിച്ചും, സമിതികളേയും അവയുടെ ചുമതലകളേയുംകുറിച്ചെല്ലാം വിശദമായ വിവരണം തന്നെ പോലീസ് ഡിപ്പാർട്ട്മെന്റ് പ്രസിദ്ധീകരിച്ചിട്ടുണ്ട്. പ്രസ്തുത രേഖയിലെ പ്രസക്തമായ കാര്യങ്ങൾ ചുവടേ ഉദ്ധരിക്കുന്നു.

## I ജനമൈത്രി പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ

(1) കുറ്റകൃത്യങ്ങൾ തടയുക

(2) മെച്ചപ്പെട്ട പോലീസ് പൊതുജന സഹകരണം

(3) സുരക്ഷാമേഖലയിൽ ജനങ്ങളുടെ പരസ്പരണ സഹകരണം

## 2 ജനമൈത്രി പോലീസ് പദ്ധതി സമിതി

ജനമൈത്രി പദ്ധതി നടപ്പിക്കിയിട്ടുള്ള മുഴുവൻ പോലീസ് സ്റ്റേഷനുകളിലും ജനമൈത്രി സമിതി എന്നപേരിൽ സമിതികൾ രൂപീകരിച്ചിട്ടുണ്ട്. പദ്ധതിയുടെ നടത്തിപ്പിന്റെ ഉത്തരവാദിത്വം പ്രസ്തുത സമിതികൾക്കാണ്. സ്റ്റേഷൻ ഹൗസ് ഓഫീസറുടെ സഹായത്തോടെ അതാത് സർക്കിൾ ഇൻസ്പെക്ടർമാർ പ്രസ്തുത ഉപദേശക സമിതിയിലേക്കുള്ള അംഗങ്ങളുടെ പേരുകൾ നിർദ്ദേശിക്കുകയും സബ് ഡിവിഷണൽ പോലീസ് ഓഫീസർ അത് പരിശോധിച്ച് ജില്ലാ പോലീസ് സൂപ്രണ്ടിന് സമർപ്പിക്കുകയും ജില്ലാ പോലീസ് സൂപ്രണ്ട് സമിതി രൂപീകരിക്കുകയും ചെയ്യണമെന്നാണ് വ്യവസ്ഥ. സമിതിയിൽ മുതിർന്ന പൗരന്മാർക്കും, സ്ത്രീകൾക്കും, പട്ടികജാതി, പട്ടികവർഗ്ഗത്തിൽപെട്ടവർക്കും ആനുപാതികമായ പ്രാതിനിധ്യം ഉണ്ടാകണമെന്നും. പ്രദേശത്തെ മാന്യന്മാരേയും വിദ്യാഭ്യാസ, സാമൂഹ്യസാംസ്കാരിക രംഗങ്ങളിൽ പ്രവർത്തിക്കുന്ന വ്യക്തികളേയും, അദ്ധ്യാപകർ, പ്രിൻസിപ്പൽ, ഹെഡ്മാസ്റ്റർ, റിട്ടയേഡ് ഉദ്യോഗസ്ഥർ, എക്സ് സർവ്വീസുകാർ, തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിലെ പ്രതിനിധികൾ, വ്യാപാരി വ്യവസായികൾ, തൊഴിലാളി, സന്നദ്ധ സംഘടനാ പ്രതിനിധികൾ, റസിഡന്റ്സ് അസോസിയേഷൻ ഭാരവാഹികൾ, കുടുംബശ്രീ ഭാരവാഹികൾ എന്നിവരെ ഉൾപ്പെടുത്തുന്നതിന് കൂടുതൽ പ്രാധാന്യം നൽകണമെന്നും നിഷ്കർഷിച്ചിട്ടുണ്ട്. ക്രിമിനൽ കേസ്സുകളിൽ ഉൾപ്പെട്ടവരെ സമിതിയിൽ അംഗങ്ങളാക്കരുതെന്നും രാഷ്ട്രീയ പാർട്ടികളുടെ ഭാരവാഹികൾ എന്ന നിലയിൽ ആരെയും സമിതിൽ ഉൾപ്പെടുത്തേണ്ടതില്ല എന്നും എന്നാൽ രാഷ്ട്രീയ പാർട്ടിഭാരവാഹികൾ എന്നുള്ളതുകൊണ്ടുമാത്രം ആരെയും ഒഴിവാക്കേണ്ടതില്ല എന്നു പറഞ്ഞിട്ടുണ്ട്. കമ്മിറ്റിയിൽ എതെങ്കിലും രാഷ്ട്രീയ സാമുദായിക താല്പര്യങ്ങ

ളുടെ അമിത പ്രഭാവം ആരോപിക്കപെടാതിരിക്കുവാൻ പ്രത്യേകം ശ്രദ്ധിക്കണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്.

സമിതിയിൽ ഏറ്റവും കുറഞ്ഞത് പത്ത് പേരുണ്ടായിരിക്കണമെന്നും അംഗസംഖ്യ ഇരുപത്തിയഞ്ചിൽ താഴെ ആയിരിക്കുന്നതാണ് അഭികാമ്യമെന്നും പറഞ്ഞിരിക്കുന്നു. സമിതി അംഗങ്ങളിൽ നിന്നും ഒരാളെ ജില്ലാ പോലീസ് സൂപ്രണ്ട് കൺവീനറായി നാമനിർദ്ദേശം ചെയ്യുന്നു. ചെയർമാൻ സർക്കിൾ ഇൻസ്പെക്ടറും സെക്രട്ടറി എസ്. എച്ച്. ഒ യും ആണ്. പോലീസ് സ്റ്റേഷനിലെ ഒരു അഡീഷണൽ എസ്. ഐ. അല്ലെങ്കിൽ എ. എസ്. ഐ. യെ കമ്മ്യൂണിറ്റി റിലേഷൻസ് ഓഫീസറായി എസ്. എച്ച്. ഒ. നിയോഗിക്കണം. അദ്ദേഹം ജനമൈത്രി പദ്ധതി ശ്രദ്ധാപൂർവ്വം നടപ്പാക്കാൻ ബന്ധശ്രദ്ധനായിരിക്കേണ്ടതും പദ്ധതിയുടെ നടത്തിപ്പിന് എസ്. എച്ച്. ഒ. യ്ക്ക് വേണ്ട എല്ലാ സഹായ സഹകരണങ്ങളും നൽകേണ്ടതാണെന്നും പറഞ്ഞിരിക്കുന്നു. സമിതി രണ്ടുവർഷത്തിലൊരിക്കൽ പുനഃസംഘടിപ്പിക്കണം സമിതി അംഗങ്ങൾ ഏതെങ്കിലും കുറ്റകൃത്യത്തിലൊ, മോശമായ പ്രവൃത്തിയിലോ ഉൾപ്പെട്ടതായി ബോദ്ധ്യപ്പെട്ടാൽ ജില്ലാ പോലീസ് സൂപ്രണ്ടിന് ഉടനടി ആ അംഗത്തെ പുറത്താക്കാവുന്നതാണ്.

## 3 <u>സമിതിയുടെ യോഗങ്ങൾ</u>

ജനമൈത്രി സമിതി മാസത്തിൽ ഒരു പ്രാവശ്യമെങ്കിലും മുൻകൂട്ടി നിശ്ചയിച്ചു പ്രസിദ്ധപ്പെടുത്തിയ പ്രകാരം ഒരു സ്ഥലത്തും തീയതിയിലും യോഗം ചേരണമെന്നും. യോഗത്തിൽ ആ സ്ഥലം ഉൾപ്പെടുന്ന ബീറ്റിൽപെട്ട എല്ലാ പൊതുജനങ്ങൾക്കും പങ്കെടുക്കാവുന്നതും പരാതികളോ നിർദ്ദേശങ്ങളോ സമർപ്പിക്കാവുന്നതാണെന്നും, പ്രസ്തുത ബീറ്റിൽ നിന്നും പൊതുജനങ്ങളുടെ പങ്കാളിത്തം തീരെ കുറഞ്ഞാൽ അതിന്റെ കാരണം സമിതി പരിശോധിച്ച് വേണ്ട ഉപദേശം ബീറ്റ് ഓഫീസർക്കു നൽകണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്.

ജനമൈത്രി സമിതി യോഗങ്ങളുടെ മിനിറ്റ്സ് കൃത്യമായി എസ്. എച്ച്.ഒ.(സെക്രട്ടറി) തയ്യാറാക്കി അതിന്റെ കോപ്പി ഡി.വൈ.എസ്.പിയ്ക്കും എസ്പിയ്ക്കും അയച്ചു കൊടുക്കുന്നു. സൂപ്പർവൈസറി ഓഫീസർമാർ മിനിറ്റ്സ് വിശകലനം ചെയ്ത് യോഗത്തിന്റെ ഗുണനിലവാരം വിലയിരുത്തുകയും വേണ്ടി വന്നാൽ എസ്.എച്ച്.ഒയ്ക്കും സർക്കിൾ ഇൻസ്പെക്ടർക്കും വേണ്ട ഉപദേശ നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുന്നു.

സബ് ഡിവിഷണൽ പോലീസ് ഓഫീസർമാർ മൂന്നു മാസത്തിലൊരിക്കലും എസ്.പി.മാർ വർഷത്തിലൊരിക്കലും ഒരു സ്റ്റേഷനതിർത്തിയിലെ ഏതെങ്കിലും ബീറ്റ് യോഗത്തിൽ പങ്കെടുക്കേണ്ടതാണെന്നും. ബീറ്റ് യോഗങ്ങൾ കൂടാതെ സ്റ്റേഷൻ ജനമൈത്രി സമിതിയ്ക്ക് ആവശ്യാനുസരണം മറ്റു യോഗങ്ങളും നടത്താവുന്നതാണെന്നും പറഞ്ഞിട്ടുണ്ട്.

4. **ജനമൈത്രി പോലീസ് സമിതി യോഗത്തിൽ ചർച്ച ചെയ്യാവുന്ന വിഷയങ്ങൾ**

(1) ഏതെങ്കിലും പ്രദേശത്തെ സുരക്ഷയെ സംബന്ധിച്ചുള്ള കാര്യങ്ങൾ, കളവ്, പിടിച്ചുപറി, ചാരായം വാറ്റ്, ട്രാഫിക് കുറ്റകൃത്യങ്ങൾ തുടങ്ങിയ പ്രശ്നങ്ങളും പരിഹാരമാർഗ്ഗങ്ങളും.

(2) കുറ്റകൃത്യങ്ങൾ തടയുന്നതിനായി പട്രോളിംഗ്, ട്രാഫിക് വാർഡൻ സമ്പ്രദായം മുതലായവ ഏർപ്പെടുത്തുന്നതിനെ സംബന്ധിച്ച.

(3) കുറ്റകൃത്യങ്ങൾ കുറയ്ക്കുന്നതിനെ സംബന്ധിച്ചും സുരക്ഷാക്രമീകരണങ്ങളെ കുറിച്ചും മറ്റും പൊതുജനങ്ങളെ ബോധവൽക്കരിക്കുന്നതിനുള്ള പരിപാടികൾ ആസൂത്രണം ചെയ്യുന്നതു സംബന്ധിച്ച്.

(4) പ്രദേശത്തെ സംഘടിത കുറ്റകൃത്യങ്ങൾ, പാരസ്ഥിതിക പ്രശ്നങ്ങളുമായി ബന്ധപ്പെട്ട കുറ്റകൃത്യങ്ങൾ തുടങ്ങിയവയെകുറിച്ചുള്ള അറിവ് കമ്മിറ്റിയിൽ പങ്കുവയ്ക്കാവുന്നതാണ്.

വ്യക്തികൾ തമ്മിലുള്ള തർക്കങ്ങൾ അന്വേഷണത്തിലോ, വിചാരണയിലോ ഉള്ള കേസുകൾ, എന്നിവ ചർച്ച ചെയ്യാൻ പാടുള്ളതല്ല എന്ന് വ്യക്തമായി പ്രതിപാദിച്ചിട്ടുണ്ട്.

നിയമവിധേയമായതും യോഗത്തിന് മൊത്തത്തിൽ സ്വീകാര്യമായി എടുക്കുന്നതുമായ തീരുമാനങ്ങളാണ് നടപ്പിലാക്കേണ്ടത്. ഏതെങ്കിലും കാര്യത്തിൽ ഇരുപതു ശതമാനത്തിലധികം പേരിൽ നിന്നും എതിരാഭിപ്രായങ്ങൾ ഉണ്ടായാൽ അത്തരം കാര്യങ്ങൾ നടപ്പാക്കേണ്ടതില്ല. സ്റ്റാട്ട്യൂട്ടറി അധികാരങ്ങളൊന്നുമില്ലാത്തതും പോലീസിംഗ് സുഗമമായി നടപ്പാക്കാൻ മാത്രമുദ്ദേശിച്ചിട്ടുമുള്ള സമിതിയാണ് ജനമൈത്രി സമിതി എന്നുള്ളതുകൊണ്ട് ഏതെങ്കിലും കാര്യം വോട്ടിനിടുന്ന രീതി സ്വീകരിക്കേണ്ടതില്ലെന്നും. സൗഹൃദത്തിന്റേതായ അന്തരീക്ഷത്തിൽ കാര്യങ്ങൾ തീരുമാനിക്കേണ്ടതും ചേരിതിരിഞ്ഞുള്ള ചർച്ചകൾ തികച്ചും ഒഴിവാക്കണമെന്നും ആവശ്യപ്പെട്ടിട്ടുണ്ട്. ഏതെങ്കിലും യോഗത്തിൽ അഭിലഷണീയമല്ലാത്ത വാഗ്വാദങ്ങളോ വാദപ്രതിവാദങ്ങളോ ഉണ്ടായാൽ അടുത്ത യോഗത്തിൽ എസ്.ഡി.പി.ഒ. തന്നെ അദ്ധ്യക്ഷത വഹിക്കണമെന്ന് വ്യവസ്ഥ ചെയ്തിരിക്കുന്നു.

5. **ജനമൈത്രി സമിതിയുടെ പ്രവർത്തനങ്ങൾ**

ജനമൈത്രി പദ്ധതിപ്രകാരം വിവിധ പദ്ധതികൾ സമിതി യോഗത്തിൽ ചർച്ചചെയ്തു തീരുമാനമെടുത്ത ശേഷം നടപ്പാക്കുവാൻ അനുവദിച്ചിരിക്കുന്നു. പ്രാദേശിക ആവശ്യമനുസരിച്ച് താഴെ വിവരിക്കുന്ന രീതിയിലുള്ള പദ്ധതികൾ സമിതിക്ക് നടപ്പാക്കാവുന്നതും, ഏതെങ്കിലും പ്രത്യേക പദ്ധതിയുടെ നടത്തിപ്പിനായി വേണ്ടി വന്നാൽ സമിതി നാമനിർദ്ദേശം ചെയ്യുന്ന അംഗങ്ങളെ ഉൾപ്പെടുത്തി ഏതെങ്കിലും പ്രത്യേക പ്രദേശത്തിനായോ ഏതെങ്കിലും പ്രത്യേക പരിപാടിയ്ക്കായോ പ്രത്യേക പദ്ധതിയ്ക്കായോ ഉപസമിതികളെ നിയോഗിക്കാമെന്നും. അത്തരം ഉപസമിതി രൂപീകരണം സമിതിയോഗങ്ങളിൽ വച്ച് നടത്തണമെന്നും നിർദ്ദേശിച്ചിരിക്കുന്നു.

(1) ജനങ്ങളുമായി ചേർന്നുള്ള രാത്രികാല പട്രോളിംഗ് പദ്ധതി.

(2) സ്വകാര്യ സെക്യൂരിറ്റി ഗാർഡുകളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ചു കൊണ്ടുള്ള പരിപാടികൾ.

(3) പ്രദേശത്തു എത്തുന്ന അപരിചിതരേയും പുതുതായി താമസത്തിനെത്തുന്നവരേയും മനസ്സിലാക്കുന്നതിന് സഹായകരമായ പദ്ധതികൾ.

(4) പാർപ്പിടങ്ങളിലും മറ്റും ബർഗ്ളർ അലാം തുടങ്ങിയ സെക്യൂരിറ്റി സംവിധാനങ്ങൾ നടപ്പാക്കുന്ന പദ്ധതി.

(5) മുതിർന്ന പൗരന്മാരുടെയും ശാരീരിക വൈകല്യങ്ങൾ ഉള്ളവരുടെയും പ്രത്യേക ആവശ്യങ്ങൾ നിറവേറ്റുന്നതിനായി അത്തരം ആളുകൾ ഒറ്റയ്ക്കു താമസ്സിക്കുന്ന വീടുകൾ മനസ്സിലാക്കി അവർക്കായി പ്രത്യേക പദ്ധതികൾ നടപ്പാക്കാവുന്നതാണ്. അവർക്കായി പ്രത്യേക ഹെൽപ്പ് ലൈനും രൂപീകരിക്കാവുന്നതാണ്.

(6) സ്ത്രീകളുടെയും കുട്ടികളുടെയും സംരക്ഷണത്തിനാവശ്യമായ പ്രത്യേക പദ്ധതികൾ നടപ്പാക്കാവുന്നതാണ്.

(7) ബോധവൽക്കരണ പ്രവർത്തനങ്ങൾ.

(8) ട്രാഫിക് വാർഡൻ സമ്പ്രദായം.

(9) സാമൂഹ്യ പ്രതിബദ്ധതയുള്ള ക്ലിനിക്കൽ സൈക്കോളജിസ്റ്റുകളെയും മറ്റും ഉൾപ്പെടുത്തിക്കൊണ്ട് കുടുംബ പ്രശ്നങ്ങൾ മദ്യപാനം തുടങ്ങിയ പ്രശ്നങ്ങൾ പരിഹരിക്കാൻ സഹായകമാകുന്ന കൗൺസലിംഗ് സെന്ററുകൾ സ്ഥാപിക്കാവുന്നതാണ്.

(10) തെരുവു വിളക്കുകൾ, ട്രാഫിക് സിഗ്നൽ ലൈറ്റുകൾ തുടങ്ങിയവയുടെ കേടുപാടുകൾ, അറ്റകുറ്റപ്പണികൾ തുടങ്ങിയവയെ സംബന്ധിച്ചുള്ള വിവരങ്ങൾ ബന്ധപ്പെട്ട അധികൃതരുടെ ശ്രദ്ധയിൽ കൊണ്ടുവരിക.

(11) രക്തദാനം, നേത്രദാനം, അവയവദാനം തുടങ്ങിയവയെ പ്രോത്സാഹിപ്പിക്കുന്ന തിനുള്ള പദ്ധതികൾ നടപ്പിലാക്കുക.

(12) സ്കൂളുകൾ കേന്ദ്രീകരിച്ചുള്ള സുരക്ഷാ-വിജിലൻസ് പദ്ധതികൾ.

(13) സ്വയരക്ഷയ്ക്കായുള്ള കോഴ്സുകൾ സംഘടിപ്പിക്കുക.

(14) കുടുംബശ്രീ യുണിറ്റുകളുടെയും മറ്റും സംഘടിപ്പിച്ചുകൊണ്ട് സ്ത്രീകൾക്ക് പ്രത്യേകമായുള്ള പരിപാടികൾ.

(15) അനധികൃത മദ്യവിൽപ്പനയും മയക്കു മരുന്ന് വിൽപ്പനയും തടയുക.

(16) പരാതി കാർഡ് സമ്പ്രദായം.

(17) ദുരന്ത നിവാരണ സന്നദ്ധ പ്രവർത്തനം.

(18) രക്ഷാ പ്രവർത്തനം, ഫസ്റ്റ് എയിഡ്.

ആവശ്യമെന്നു തോന്നുന്ന പക്ഷം ഓരോ പ്രദേശത്തിനും ഓരോ പ്രത്യേക പ്രോജക്ടിനും വേണ്ടി സബ് കമ്മിറ്റികളെ നിയോഗിക്കാവുന്നതാണ്. ഓരോ പദ്ധതിയും നടപ്പാക്കാൻ പ്രാപ്തരായ ആളുകളെ അതിനു നിയോഗിക്കാം. സ്റ്റേഷനിലെ ജനമൈത്രി സമിതി അംഗങ്ങളെ കൂടാതെ മറ്റു അംഗങ്ങളെയും ഇത്തരം ഉപസമിതികളിൽ നിയോഗിക്കാവുന്നതാണ്.

## 6. <u>ജനമൈത്രി ബീറ്റ്</u>

500 വീടുകളടങ്ങിയ ഒരു പ്രദേശം ഒരു യൂണിറ്റായി കണക്കാക്കി പോലീസ് സ്റ്റേഷൻ പരിധിയെ വിവിധ ജനമൈത്രി ബീറ്റുകളായി തിരിക്കുവാനും ഒരു ബീറ്റ് ഏരിയ 3 സ്ക്വയർ കിലോമീറ്ററിൽ അധികമാകരുതെന്നും നിർദ്ദേശിച്ചിട്ടുണ്ട്. അതായത് ഓരോ ജനമൈത്രി ബീറ്റും ഒരു ബീറ്റ് ഓഫീസർക്കു ഒരു ബീറ്റ് സമയം കൊണ്ട് ചെന്നെത്താവുന്ന ദൂരത്തിലായിരിക്കണം. ഉദാഹരണത്തിന് ഒരു പോസ്റ്റ് ഓഫീസ് ഏരിയ ഒരു പോസ്റ്റ്മാൻ ദിവസവും എത്തി തന്റെ ഡ്യൂട്ടി നിറവേറ്റി തിരിച്ചുപോകുന്നതിനു സമാനമായി ഒരു ബീറ്റ് ഓഫീസർക്ക് തന്റെ ബീറ്റ് പ്രദേശം മുഴുവനായി സന്ദർശിക്കുവാൻ സാധിക്കണം.

ബീറ്റ് ഓഫീസറെ സഹായിക്കാൻ കഴിയുമ്പോഴൊക്കെ ഒരു വനിതാ ഓഫീസറെയും എസ്.എച്ച്.ഒ. ബീറ്റ് ഡ്യൂട്ടിക്കു നിയോഗിക്കണമെന്നും ആവശ്യപ്പെടുന്നു.

7. **ജനമൈത്രി ബീറ്റ് ഓഫീസറും അദ്ദേഹത്തിന്റെ ചുമതലകളും**

ബീറ്റ് ഓഫീസർ മാരുടെ ചുമതലകൾ വിശദമായി തന്നെ പ്രദിപാദിച്ചിട്ടുണ്ട്. ഓരോ ജന മൈത്രി ബീറ്റിന്റെയും ചാർജ്ജ് ഒരു എ.എസ്.ഐ അഥവാ എച്ച്.സി റാങ്കിലുള്ള ഓഫീസർക്കാണ്.

പോലീസ് സ്റ്റേഷനിലെ സമൻസ്, വാറണ്ട് നടപ്പാക്കൽ, മേൽവിലാസ പരിശോധന, അഡ്രസ്സു കണ്ടുപിടിക്കുക, പരാതിപ്പെട്ടി കൈകാര്യം ചെയ്യുക തുടങ്ങി ബീറ്റ് ഏരിയായിൽ നിന്നും പോലീസിനു വേണ്ട എല്ലാ ജോലികളുടെയും നിർവ്വഹണവും സംയോജനവും ബീറ്റ് ഓഫീസറുടെ ചുമതലയിലായിരിക്കുന്നു. എസ്.എച്ച്.ഒ ഇക്കാര്യങ്ങളിലെല്ലാം ശരിയായ രീതിയിൽ മേലന്വേഷണം നടത്തണം.

ചാർജ്ജെടുത്ത് മൂന്നു മാസത്തിനകം ഓരോ ബീറ്റ് ഓഫീസർക്കും തന്റെ ബീറ്റ് ഏരിയായിലെ ഓരോ വീട്ടിലെയും ഒരംഗത്തിനെയെങ്കിലും വ്യക്തിപരമായി അറിയുവാൻ കഴിയണം. ആ ഏരിയായിലെ ഓരോ റോഡും ഇടവഴിയും ബീറ്റ് ഓഫീസർക്ക് സുപരിചിതമായിരിക്കണം. സ്ഥലത്തെ എല്ലാ വീടുകളെയും മറ്റു സ്ഥാപനങ്ങളെയും കുറിച്ച് ബീറ്റ് ഓഫീസർക്ക് വ്യക്തിപരമായ അറിവുണ്ടായിരിക്കണം. തന്റെ ബീറ്റ് ഏരിയായുടെ പ്രധാന ജംഗ്ഷനുകൾ, കെട്ടിടങ്ങൾ എല്ലാം രേഖപ്പെടുത്തിയ ഒരു റഫ് മാപ്പ് തന്റെ ബീറ്റ് ഡയറിയിൽ ഓരോ ബീറ്റ് ഓഫീസറും സൂക്ഷിക്കണം. പ്രധാനപ്പെട്ട എല്ലാ ഫോൺ നമ്പറുകളും അഡ്രസ്സുകളും ബീറ്റ് ഡയറിയിൽ ബീറ്റ് ഓഫീസർ രേഖപ്പെടുത്തിയിരിക്കണം. ഇവയുടെയെല്ലാം ഒരു പകർപ്പ് സ്റ്റേഷനിലും സൂക്ഷിക്കണം.

ബീറ്റ് ഓഫീസറുടെ പേരും ഐഡിന്റിറ്റിയും ബീറ്റിലെ പ്രധാന സ്ഥലങ്ങളിൽ പതിപ്പിക്കാവുന്നതും അതുവഴി തങ്ങളുടെ ഏരിയായിലെ ബീറ്റ് ഓഫീസറെ ജനങ്ങൾക്ക് മനസ്സിലാക്കാവുന്നതുമാണ്.

ആഴ്ചയിൽ ചുരുങ്ങിയത് മൂന്ന് ദിവസമെങ്കിലും ഓഫീസർ നേരത്തെ അറിയിപ്പ് കൊടുത്ത് നിജപ്പെടുത്തിയിട്ടുള്ള ഏതെങ്കിലും പ്രധാനപ്പെട്ട സ്ഥലത്ത് ജനങ്ങളുമായി ബന്ധപ്പെടുന്നതിനും അവരുടെ പരാതി സ്വീകരിക്കുന്നതിനും മറ്റുമായി എത്തേണ്ടതാണ്. ഇത്തരം മുഖാമുഖങ്ങളുടെ സ്ഥലം, തീയതി, അവിടെ ലഭിച്ച പരാതികൾ, നിർദ്ദേശങ്ങൾ എന്നിവ കൃത്യമായി ബീറ്റ് ഓഫീസർ തന്റെ ബീറ്റ് ഡയറിയിൽ രേഖപ്പെടുത്തുകയും ഇത് എസ്.എച്ച്.ഒ. കണ്ട് ഒപ്പു വയ്ക്കേണ്ടതുമാണ്. ബീറ്റ് ഡയറി കൂടാതെ ബീറ്റ് രജിസ്റ്റർ എന്ന ഒരു പുസ്തകം കൂടി ബീറ്റ് ഓഫീസർ സൂക്ഷിക്കേണ്ടതാണ്. അതാതു ദിവസത്തെ പ്രധാന വിവരങ്ങൾ, ലഭിച്ച പരാതികൾ നിർദ്ദേശങ്ങൾ ഇവ രേഖപ്പെടുത്തിയ ബീറ്റ് രജിസ്റ്റർ എസ്.എച്ച്.ഒ. കൗണ്ടർസൈൻ ചെയ്യേണ്ടുമാണ്. ബീറ്റ് രജിസ്റ്റർ സ്റ്റേഷനിലാണ് സൂക്ഷിക്കേണ്ടത്.

ആഴ്ചയിൽ ഇരുപത് മണിക്കൂറെങ്കിലും ബീറ്റ് ഓഫീസർ തന്റെ ബീറ്റ് ഏരിയായിൽ കഴിയുന്നത്ര കാൽനടയായി സഞ്ചരിച്ച് ജനങ്ങളുമായി ബന്ധപ്പെട്ട് പ്രവർത്തിക്കേണ്ടതുണ്ട്. ഏതു സാധാ

രണ പൗരനും നിർഭയം ബീറ്റ് ഓഫീസറെ സമീപിച്ച് സംസാരിക്കാൻ സ്വാതന്ത്ര്യം തോന്നത്തക്ക വിധത്തിൽ ബീറ്റ് ഓഫീസർ ജനങ്ങളുടെ വിശ്വാസം നേടിയെടുക്കേണ്ടതുണ്ട്. ബീറ്റ് ഓഫീസർ സ്വഭാവശുദ്ധിയിലും പെരുമാറ്റത്തിലും ഏതൊരു പൗരനും മാതൃകയായിരിക്കണം.

## 8. ജില്ലാ ഉപദേശകസമിതി

ജില്ലാ തലത്തിൽ എസ്.പിയുടെ നേതൃത്വത്തിൽ ഒരു ജില്ലാ ഉപദേശകസമിതി ജനമൈത്രി പദ്ധതിയുടെ സുഗമമായ പ്രവർത്തനം ഉറപ്പു വരുത്തുന്നതിനായി രൂപീകരിക്കണമെന്നും. പോലീസ് സ്റ്റേഷൻ പരിധി ഉൾപ്പെടുന്ന സ്ഥലത്തെ എം.പി, എം.എൽ.എ, മുനിസിപ്പൽ ചെയർമാൻ, മേയർ എന്നിവരേയും എസ്.പി നാമനിർദ്ദേശം ചെയ്യുന്ന മറ്റു പ്രമുഖ വ്യക്തികളേയും ഉൾപ്പെടുത്തി ഒരു ഉപദേശക സമിതി രൂപീകരിക്കണമെന്നും. കമ്മിറ്റിയിൽ പത്തു മുതൽ ഇരുപതു വരെ അംഗങ്ങളാകാമെന്നും വ്യവസ്ഥ ചെയ്തിരിക്കുന്നു. പ്രസ്തുത സമിതി മൂന്നു മാസത്തിലൊരിക്കൽ യോഗം ചേരുകയും പോലീസ് സ്റ്റേഷൻ സമിതികളുടെ പ്രവർത്തനം അവലോകനം ചെയ്യുകയും അവയുടെ പ്രവർത്തനം മെച്ചപ്പെടുത്താൻ വേണ്ട ഉപദേശ നിർദ്ദേശങ്ങൾ എഴുതിയുണ്ടാക്കി അയച്ചുകൊടുക്കുകയും വേണമെന്ന് പ്രദിപാദിച്ചിട്ടുണ്ട്. ജനമൈത്രി സമിതി യോഗത്തിൽ ചർച്ചചെയ്യാൻ പാടില്ലാത്ത വിഷയങ്ങൾ ബീറ്റ് ഓഫീസർ തന്റെ ബീറ്റ് ഏരിയയിൽ നടപ്പാക്കേണ്ടകാര്യങ്ങൾ ബീറ്റ് ഓഫീസർ ചെയ്യാൻ പാടില്ലാത്തകാര്യങ്ങൾ എന്നിവ യഥാക്രമം അനുബന്ധം ഒന്ന്, രണ്ട്, മൂന്ന് എന്നിങ്ങനെ പറഞ്ഞിട്ടുണ്ട്.

## അനുബന്ധം ഒന്ന്

ജനമൈത്രി സമിതി യോഗത്തിൽ ചർച്ച ചെയ്യാൻ പാടില്ലാത്ത വിഷയങ്ങൾ (യോഗ സ്ഥലങ്ങളിൽ പ്രദർശിപ്പിക്കാനുള്ളത്)

1. അന്വേഷണത്തിലോ, വിചാരണയിലോ ഇരിക്കുന്ന കേസുകൾ സംബന്ധിച്ചോ അവയിൽ ഉൾപ്പെട്ടിരിക്കുന്ന പ്രതികളെ സംബന്ധിച്ചോ യാതൊരു ചർച്ചയും പാടുള്ളതല്ല.

2. ഏതെങ്കിലും വ്യക്തികൾ തമ്മിലുള്ള തർക്കങ്ങൾ, അവയുടെ പരിഹാരമാർഗ്ഗങ്ങൾ എന്നിവ ചർച്ച ചെയ്യാൻ പാടുള്ളതല്ല.

3. ഏതെങ്കിലും വ്യക്തികളോ സംഘടനകളോ മറ്റാരെയെങ്കിലും എതിർകക്ഷികളാക്കി പോലീസ് സ്റ്റേഷനിൽ നൽകിയിട്ടുള്ള/നൽകാൻ ഉദ്ദേശിക്കുന്ന കേസുകളെ കുറിച്ച് ചർച്ച ചെയ്യാൻ പാടുള്ളതല്ല.

4. ഏതെങ്കിലും വ്യക്തിയുടെ പെരുമാറ്റം, അവരേർപ്പെടുന്ന പ്രവർത്തികൾ എന്നിവയെ കുറിച്ച് ചർച്ച ചെയ്യാൻ പാടുള്ളതല്ല.

5. ഏതെങ്കിലും രാഷ്ട്രീയ സാമൂഹിക സംഘടനകൾ ഏർപ്പെടുന്ന പ്രവർത്തികളെ കുറിച്ചുള്ള ചർച്ചകൾ പാടുള്ളതല്ല.

6. സമിതിയോഗം ഒരു കാരണവശാലും അനൗദ്യോഗിക കോടതിയുടെ മട്ടിൽ പ്രവർത്തനം നടത്താനുള്ള വേദിയല്ല എന്നതുകൊണ്ട് ആരുടെയെങ്കിലും ക്രിമിനൽ പ്രവർത്തനത്തെക്കുറിച്ച് ചർച്ച ചെയ്ത് പ്രശ്നം പരിഹരിക്കാനുള്ള ശ്രമം ഉണ്ടാവാൻ പാടില്ല.

7. ഏതൊക്കെ വ്യക്തികൾ ഗുണ്ടാ ആക്ട്, റൗഡി ഹിസ്റ്ററി ഷീറ്റ് തുടങ്ങിയ പോലീസ് റെക്കോഡുകളിൽ ഇടം നേടിയിട്ടുണ്ട്, കേസുകളിൽ ഉൾപ്പെട്ടിട്ടുണ്ട് തുടങ്ങിയ കാര്യങ്ങളൊന്നും ചർച്ച ചെയ്യാൻ പാടുള്ളതല്ല.

**അനുബന്ധം രണ്ട്**

ബീറ്റ് ഓഫീസർ തന്റെ ബീറ്റ് ഏരിയായിൽ ജനമൈത്രി പദ്ധതിയുടെ ഭാഗമായി നടപ്പാക്കേണ്ട കാര്യങ്ങൾ.

1. സ്കൂൾ, റേഷൻകട, പോസ്റ്റ് ഓഫീസ് പരിസരം, കമ്മ്യൂണിറ്റിഹാൾ, തുടങ്ങിയ സ്ഥലങ്ങളിൽ വച്ച് പതിവായി പൊതുജനങ്ങളുമായി ജനമൈത്രിയുടെ ഭാഗമായി നടപ്പാക്കാൻ പോകുന്ന/നടപ്പാക്കി കൊണ്ടിരിക്കുന്ന പദ്ധതികളെ കുറിച്ചും സംസാരിക്കാം.

2. തന്റെ ബീറ്റ് ഏരിയയ്ക്ക് ഏറ്റവും അനുയോജ്യമായ പദ്ധതികൾ ഏതാണെന്ന് തന്റെ ബീറ്റ് ഏരിയായിലെ പ്രവർത്തന പരിചയത്തിലൂടെ മനസ്സിലാക്കി അത്തരം പദ്ധതികളെ കുറിച്ച് സമിതിയോഗത്തിൽ അവതരിപ്പിച്ച് അനുമതി തേടി അവ നടപ്പാക്കാൻ മുൻകൈ എടുക്കണം.

3. തന്റെ ബീറ്റ് ഏരിയായിൽ പകർച്ചവ്യാധികൾ പടർന്നുപിടിക്കുകയോ മറ്റു പ്രകൃതി ദുരന്തങ്ങൾ സംഭവിക്കുകയോ ചെയ്താൽ അത്തരം കാര്യങ്ങൾ എത്രയും പെട്ടെന്ന് അധികൃതരെ അറിയിക്കുകയും വേണ്ട പരിഹാര നടപടികൾക്കു നേതൃത്വം കൊടുക്കുകയും ചെയ്യാം.

4. തന്റെ ബീറ്റ് ഏരിയായിൽ ഏതെങ്കിലും രീതിയിലുള്ള സാമൂഹ്യ അസ്വസ്ഥകൾ ഉടലെടുക്കുന്നതിന്റെ സൂചന ലഭിച്ചാൽ അത് ഉടൻ എസ്.എച്ച്.ഒ യെ അറിയിക്കാം.

5. ഉത്സവം, മറ്റു മേളകൾ എന്നിവയോടനുബന്ധിച്ച് എന്തെങ്കിലും പ്രശ്നങ്ങൾ നടക്കാൻ സാദ്ധ്യതയുണ്ടോ എന്ന് മനസ്സിലാക്കി അവയെക്കുറിച്ച് എസ്.എച്ച്.ഒ.യെ അറിയിക്കാം.

6. തന്റെ ബീറ്റ് ഏരിയായിൽ നടക്കുന്ന ഏതു തരം കുറ്റകൃത്യത്തെ കുറിച്ചും അറിവ് സമ്പാദിച്ച് അത് എത്രയും പെട്ടെന്ന് എസ്.എച്ച്.ഒ.യെ അറിയിക്കാൻ ബീറ്റ് ഓഫീസർക്ക് ബാധ്യതയുണ്ട്.

7. ഇന്റർനെറ്റ് കഫേകൾ, ഫോൺ ബൂത്തുകൾ, പാരലൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾ, സിനിമാതീയേറ്ററുകൾ, വീഡിയോ ഷോപ്പുകൾ തുടങ്ങി വിദ്യാർത്ഥികളും ചെറുപ്പക്കാരും കൂടുവാനും മറ്റും സാധ്യതയുള്ള സ്ഥലങ്ങളിൽ ഏതെങ്കിലും തെറ്റായ പ്രവണതകൾ ഉടലെടുക്കാതെ ശ്രദ്ധിക്കുകയും ചെയ്യാം.

8. സ്കൂൾ സമയത്ത് കുട്ടികൾ വീഡിയോ കാസെറ്റ് കട, മുറുക്കാൻ കട തുടങ്ങിയ സ്ഥങ്ങളിൽ സംഘമായി എത്തുന്നതും കൊച്ചുകുട്ടികൾ പുകവലിക്കുന്നതുമൊക്കെ ശ്രദ്ധയിൽപെട്ടാൽ അവരെ പറഞ്ഞു മനസ്സിലാക്കാം. ആവശ്യമാണെന്നു തോന്നുന്ന പക്ഷം മാതാപിതാക്കളെ അറിയിക്കേണ്ടതാണ്.

9. ടാക്സി സ്റ്റാന്റുകളിൽ നിന്നും ഓട്ടം പോകുന്നതിനുമുമ്പ് (പ്രത്യേകിച്ചും രാത്രി യിൽ) അപരിചിതരാണെങ്കിൽ അവരുടെ പേരും ഒപ്പും തന്നെയും സ്റ്റാന്റിൽ സൂക്ഷി ക്കാൻ ഡ്രൈവർമാരുടെ സുരക്ഷയെ കരുതി ബീറ്റ് ഓഫീസർക്ക് നിർദ്ദേശിക്കാം.

10. പ്രദേശത്ത് കെട്ടിടം പണി, സ്വർണ്ണപ്പണി തുടങ്ങിയവയ്ക്കായി എത്തുന്ന അപരി ചിതരായ ധാരാളം ആളുകൾ ഉണ്ടെങ്കിൽ അവരെ പണിക്കേർപ്പെടുത്തു ന്നവരുടെസഹായത്തോടെ അവരുടെ അഡ്രസ്സും വിവരങ്ങളും മറ്റും ശേഖരിച്ചു സൂക്ഷിക്കാം.

11. വീടുകളിൽ പണിയ്ക്കു വരികയും ജോലിക്കു നിൽക്കുകയുമൊക്കെ ചെയ്യുന്ന അന്യനാട്ടുകാരുടെ പരിപൂർണ്ണവിവരങ്ങളും ശേഖരിച്ചു സൂക്ഷിക്കാം.

## അനുബന്ധം മൂന്ന്

ബീറ്റ് ഓഫീസർ ചെയ്യാൻ പാടില്ലാത്ത കാര്യങ്ങൾ

1. പോലീസ് സ്റ്റേഷനിൽ അന്വേഷണത്തിലിരിക്കുന്ന/വിചാരണയിലിരിക്കുന്ന കേസുകളെപ്പ റ്റിയുള്ള വിവരങ്ങൾ പരസ്യമായോ രഹസ്യമായോ കൈമാറാൻ പാടുള്ളതല്ല.

2. പോലീസ് അറസ്റ്റുചെയ്യാനുദ്ദേശിക്കുന്ന/പ്രതിപ്പട്ടികയിലുൾപ്പെടുത്തുന്ന/ഗുണ്ടാ ആക്ട് തുടങ്ങിയ നിയമങ്ങൽ പ്രയോഗിക്കാനിരിക്കുന്ന ആളുകളെ പറ്റിയുള്ള വിവരങ്ങൾ പരസ്യമായോ രഹസ്യമായോ കൈമാറാൻ പാടുള്ളതല്ല.

3. ഏതെങ്കിലും വ്യക്തിയെകുറിച്ചുള്ള രഹസ്യവിവരങ്ങളും സ്വകാര്യവിവരങ്ങളും പരസ്യമായി ശേഖരിക്കുകയോ പറയുകയോ ചെയ്യാൻ പാടുള്ളതല്ല.

4. പരിസരത്ത് പ്രവർത്തിക്കുന്ന ഏതെങ്കിലും സംഘടനകളെക്കുറിച്ചോ വ്യക്തികളെകുറിച്ചോ തനിക്കുള്ള അഭിപ്രായങ്ങൾ ബീറ്റ് പരിസരത്തുള്ള ജനങ്ങ ളുമായി രഹസ്യമായി പങ്കുവയ്ക്കാനോ പരസ്യമായി പറയോനോ പാടുള്ളതല്ല.

5. ഒരു കാരണവശാലും ബീറ്റ് ഓഫീസർ വനിതാ പോലീസിന്റെയോ മറ്റു സമിതിയംഗങ്ങളുടെയോ സാന്നിധ്യമില്ലാതെ സ്ത്രീകൾ മാത്രം ഉള്ള വീടുകളുടെ ഉള്ളിൽ കയറി സന്ദർശനം നടത്താൻ പാടുള്ളതല്ല.

6. രജിസ്റ്റർ ചെയ്യപ്പെട്ട ഏതെങ്കിലും ക്രിമിനൽ കേസിലെ ആളുകൾ തമ്മിലുള്ള പ്രശ്നം ബീറ്റ് ഓഫീസർ ചർച്ച ചെയ്ത് പരിഹരിക്കാൻ ശ്രമിക്കേണ്ടതില്ല. എന്നാൽ ക്രിമിനൽ കേസിലെ പ്രതി വീണ്ടും ഇരയെ ഉപദ്രവിക്കുന്ന ഏതെങ്കിലും സംഭവ ത്തെകുറിച്ച് വിവരം ലഭിച്ചാൽ അക്കാര്യത്തിൽ ഉടൻ തന്നെ മേൽ നടപടി സ്വീകരിക്കാൻ എസ്.എച്ച്.ഒ.യെ സഹായിക്കേണ്ടതാണ്.

7. തന്റെ ബീറ്റ് ഡ്യൂട്ടിക്കിടെ കുറ്റകൃത്യങ്ങളെപ്പറ്റി രഹസ്യ വിവരം നൽകിയ വ്യക്തി ആരാണെന്ന് ഒരു സാഹചര്യത്തിലും പരസ്യമാക്കുവാൻ പാടുള്ളതല്ല. സ്വകാര്യ സംഭാഷണങ്ങളിൽ ബീറ്റിലുള്ള മറ്റുള്ളവരോട് ഇത്തരം രഹസ്യങ്ങൾ പങ്കുവയ്ക്കാൻ പാടുള്ളതല്ല.

8. കേസന്വേഷണത്തെകുറിച്ചോ രാഷ്ട്രീ വിഷയങ്ങളെകുറിച്ചോ ഉള്ള തന്റെ സ്വകാര്യ അഭിപ്രായം എത്ര സൗഹൃദത്തിലാണെങ്കിലും ബീറ്റ് ഏരിയയിലെ ആളുകളുമായി പങ്കുവയ്ക്കുവാൻ പാടുള്ളതല്ല.

9. തന്റെ ബീറ്റ് ഏരിയയിലുള്ള ഏതെങ്കിലും ഒരാൾ ട്രാഫിക് നിയമം ലംഘിക്കുകയോ മറ്റു കുറ്റകൃത്യങ്ങളിൽ ഏർപ്പെടുകയോ ചെയ്താൽ അയാൾ തന്നോട് എത്ര തന്നെ സൗഹൃദം ഉള്ള ആളാണെങ്കിലും അയാളെ നിയമ നടപടികളിൽ നിന്നും ഒഴിവാ ക്കാൻ ഒരു കാരണവശാലും ശ്രമിക്കാൻ പാടുള്ളതല്ല. അങ്ങനെയുള്ളവർക്ക് നിയമത്തിന്റെ പഴുതിൽകൂടി രക്ഷപ്പെടാനുള്ള മാർഗ്ഗം ഉപദേശിക്കുക ഒരു ബീറ്റ് ഓഫീസറുടെ പ്രവർത്തനത്തിന് ഏറ്റവും വലിയ കളങ്കമായിരിക്കും.

10. ബീറ്റ് ഓഫീസർക്ക് ആളുകളിൽനിന്നും പരാതി സ്വീകരിക്കാവുന്നതും അത് ബീറ്റ് രജിസ്റ്ററിൽ നിർബന്ധമായും രേഖപ്പെടുത്തിയശേഷം അതതു ദിവസം വൈകുന്നേരം തന്നെ എസ്. എച്ച്. ഒ. യ്ക്ക് കൈമാറേണ്ടതുമാണ്. യാതൊരു

കാരണവശാലും പരാതി ബീറ്റ് ഓഫീസർ കൈവശം വയ്ക്കുകയോ അത് എതിർകക്ഷിയെ കാണിക്കുകയോ ചെയ്യുവാൻ പാടുള്ളതല്ല.

11. എസ്. എച്ച് . ഒ. ബീറ്റ് ഓഫീസറോട് അന്വേഷിക്കാനാവശ്യപ്പെട്ട പരാതിയെ കുറിച്ച് പരാതിക്കാരനോടും എതിർകക്ഷിയോടും പരിസരവാസികളോടും അന്വേഷണം നടത്തേണ്ടതാണ്. എന്നാൽ എഴുതിയ പരാതി മറ്റാരെയും കാണിക്കാൻ പാടുള്ള തല്ല. പരാതിക്കാരനോടോ എതിർകക്ഷിയോടോ ഭീഷണി സ്വരത്തിലോ മറ്റോ സംസാരിക്കാനും പാടുള്ളതല്ല. പരാതി പോലീസ് സ്റ്റേഷനിൽ വച്ച് എസ്. എച്ച്. ഒ. യ്ക്ക് തീർപ്പാക്കാൻ വേണ്ട എല്ലാ സഹായവും ചെയ്ത് കൊടുക്കുക എന്നതാണ് ബീറ്റ് ഓഫീസറുടെ ജോലി. ബീറ്റ് ഓഫീസർ യോഗം ചേരുന്ന സ്ഥലത്തു വച്ചും മറ്റും മറ്റുള്ളവരുടെ സാന്നിദ്ധ്യത്തിൽ ഇത്തരം കാര്യങ്ങൾ ചർച്ച ചെയ്യാനോ തീർപ്പാക്കാനോ പാടുള്ളതല്ല.

12. ബീറ്റിലുള്ള ആളുകൾ പോലീസ് സ്റ്റേഷനിൽ വന്നാൽ ബീറ്റ് ഓഫീസറുമായി ആവശ്യമുണ്ടെങ്കിൽ ബന്ധപ്പെടാവുന്നതാണ്. മറ്റു പോലീസ് ഉദ്യോഗസ്ഥരുമായി ബന്ധപ്പെടാനും അവർക്ക് അവകാശമുണ്ടായിരിക്കുന്നതാണ്. എസ്. എച്ച്. ഒ. യെയോ മറ്റു ഉദ്യോഗസ്ഥന്മാരെയോ കാണാൻ അവർ ബീറ്റ് ഓഫീസറുടെ അനുമതി വാങ്ങേണ്ടതില്ല.

ചുരുക്കത്തിൽ, വ്യക്തമായ കാഴ്ചപ്പാടിന്റെയും കൃത്യമായ ആസൂത്രണത്തിന്റെയും അടിസ്ഥാനത്തിലാണ് കേരളത്തിൽ ഈ ജനമൈത്രി സുരക്ഷാ പദ്ധതി നടപ്പിലാക്കിയിട്ടുള്ള ത്.

## അദ്ധ്യായം 3

## ജനമൈത്രി സുരക്ഷ പദ്ധതി: പൊതുജനവീക്ഷണത്തിൽ

ഏതൊരു പദ്ധതിയുടെയും സ്വാധീനം മനസ്സിലാക്കുവാനുള്ള ശാസ്ത്രീമായ മാർഗ്ഗം പ്രസ്തുത പദ്ധതിയുടെ ഗുണഭോക്താക്കളിൽ നിന്നും അഭിപ്രായങ്ങൾ ശേഖരിച്ച് വിശകലനം ചെയ്യുകയാണ്. ഈ പഠനത്തിലും അത്തരമൊരു മാർഗ്ഗമാണ് അവലംബിച്ചിരിക്കുന്നത്. അടൂർ, പരവൂർ എന്നീ പോലീസ് സ്റ്റേഷനുകളിൽ നടപ്പിലാക്കിയിരിക്കുന്ന ജനമൈത്രി പദ്ധതിയുടെ സ്വാധീനം വിലയിരുത്തുവാനായി മുൻകൂട്ടി തയാറാക്കിയ ഒരു ചോദ്യാവലിയുടെ സഹായ ത്തോടെ ഒരു അഭിപ്രായ സർവ്വേനടത്തുകയുണ്ടായി. പോലീസ് ഡിപ്പാർട്ട്മെന്റിൽ നിന്ന് നല്കിയ ചോദ്യാവലിയിൽ അനുയോജ്യമെന്ന് തോന്നിയ മാറ്റങ്ങൾ വരുത്തിയ ശേഷമാണ് സർവ്വേയ്ക്കുള്ള ചോദ്യാവലി തയാറാക്കിയത്. (ചോദ്യാവലിയുടെ പകർപ്പ് ഈ റിപ്പോർട്ടിൽ അനുബന്ധം - 1 ആയി ചേർത്തിട്ടുള്ളതാണ്). ജനമൈത്രി സുരക്ഷാ പദ്ധതിക്കായി രൂപീകരിച്ച ബീറ്റ് ഏരിയകളിൽ പോയി പദ്ധതിയുമായി ബന്ധമുള്ളവരേയും, പൊതുനിരത്തിലും, ജംഗ്ഷനുകളിലും കണ്ടവരേയും ഉൾപ്പെ ടുത്തിയാണ് സർവ്വേ നടത്തിയത്, ശേഖരിച്ച പ്രധാന വിവരങ്ങൾ ഓരോ ചോദ്യങ്ങളുടേയും അടി സ്ഥാനത്തിൽ പട്ടിക ക്രമത്തിൽ ചുവടേ ചേർക്കുന്നു.

### പട്ടിക 3.1 - സർവ്വേനടക്കുന്ന സ്ഥലം

| | അടൂർ | പരവൂർ | ആകെ |
|---|---|---|---|
| വീട് | 233 | 212 | 445 |
| റോഡ് | 127 | 147 | 274 |
| വ്യാപാരസ്ഥാപനം | 76 | 106 | 182 |
| വിദ്യാലയം | 16 | 15 | 31 |
| സർക്കാർ ഓഫീസ് | 48 | 20 | 68 |
| ആരാധനാലയം | 00 | 00 | 00 |
| ആകെ | 500 | 500 | 1000 |

സർവ്വേയിൽ പങ്കെടുക്കുന്ന വ്യക്തികളെകുറിച്ചുള്ള അടിസ്ഥാന വിവരങ്ങൾ ശേഖരിക്കുക എന്ന ഉദ്ദേശ്യത്തോടുകൂടിയാണ് ചോദ്യാവലിയുടെ ആദ്യഭാഗം രൂപപ്പെടുത്തിയത്. സർവ്വേനടക്കുന്ന സ്ഥലം, അഭിപ്രായം പറയുന്നയാൾ സ്ത്രീയോ പുരുഷനോ, പ്രായം, വിദ്യാഭ്യാസ യോഗ്യത, മതം, തൊഴിൽ, വൈവാഹികബന്ധം, വാർഷികവരുമാനം എന്നീ വിവരങ്ങൾ ശേഖരിക്കുവാനുള്ള ചോദ്യങ്ങളാണ് ഈ ഭാഗത്തിലുള്ളത്.

പട്ടിക 3.1 ൽ സൂചിപ്പിക്കുന്നതുപോലെ വീടുകളിൽ നിന്നും 445 ഉം, റോഡിൽ നിന്നും 274 ഉം, വ്യാപാരസ്ഥാപനങ്ങളിൽ നിന്നും 182 ഉം, വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിന്നും 31 ഉം പേരാണ് സർവ്വേയിൽ പങ്കെടുത്തത്. 68 പേരെ സർക്കാർ ഓഫീസിൽ പോയി സർവ്വേ ചെയ്യുകയുണ്ടായി.

**പട്ടിക 3.2 - സ്ത്രീ/പുരുഷൻ**

| | അടൂർ | പരവൂർ | ആകെ |
|---|---|---|---|
| സ്ത്രീ | 142 | 192 | 334 |
| പുരുഷന്മാർ | 358 | 308 | 666 |
| ആകെ | 500 | 500 | 1000 |

ജനമൈത്രി സുരക്ഷാ പദ്ധതിയിൽ സ്ത്രീ ജനങ്ങളുടെ പങ്കാളിത്തം വർദ്ധിച്ചുവരുന്നതായി ബീറ്റ് ഓഫീസറന്മാർ അഭിപ്രായപ്പെടുകയുണ്ടായി. അത് സത്യം തന്നെയാണെന്ന് സർവ്വേയിൽ വെളിപ്പെട്ടു. മുൻകാലങ്ങളിലൊക്കെ പോലീസിനെ സംബന്ധിച്ചുള്ള വിവരശേഖരണത്തിനായി സമീപിക്കുമ്പോൾ ഭയം കൊണ്ടോ, അറിവില്ലായ്മകൊണ്ടോ, അറിവില്ലായ്മ അഭിനയിച്ചുകൊണ്ടോ അഭിപ്രായം പറയുവാൻ വിമുഖത കാണിച്ചിരുന്ന വിഭാഗമാണ് സ്ത്രീകൾ. ആയത് പോലീസ് റിഫോംസ് എന്ന പി. എച്ച്. ഡി. പ്രബന്ധം തയാറാക്കുന്നതിനായി നടത്തിയ അഭിപ്രായ സർവ്വേയിൽ ലേഖകന് നേരിട്ട് ബോദ്ധ്യപ്പെട്ടിട്ടുള്ളതുമാണ്. എന്നാൽ ജനമൈത്രി സുരക്ഷ പദ്ധതിയെ സംബന്ധിച്ച സർവ്വേയിൽ സ്ത്രീ ജനങ്ങളോട് അഭിപ്രായം പറയുവാൻ ആവശ്യപ്പെട്ടപ്പോൾ യാതൊരു മടിയും കൂടാതെ സന്തോഷത്തോടെ പങ്കെടുക്കുകയാണുണ്ടായത്. 334 സ്ത്രീകളും 666 പുരുഷന്മാരുമാണ് ഈ സർവ്വേയിൽ പങ്കെടുത്തത്.

**പട്ടിക 3.3 - വയസ്സ്**

| | അടൂർ | പരവൂർ | ആകെ |
|---|---|---|---|
| 18 മുതൽ 35 വരെ | 106 | 108 | 214 |
| 36 മുതൽ 55 വരെ | 248 | 242 | 490 |
| 56 മുതൽ 65 വരെ | 96 | 105 | 201 |
| 66 ന് മുകളിൽ | 50 | 45 | 95 |
| ആകെ | 500 | 500 | 1000 |

സർവ്വേയിൽ പങ്കെടുത്തവരെ പ്രായത്തിന്റെ അടിസ്ഥാനത്തിൽ നാല് (4) വിഭാഗങ്ങളായി തരം തിരിയ്ക്കാവുന്നതാണ്. 18 മുതൽ 35 വയസ്സുവരെ പ്രായമുള്ള 214 പേരും, 36 മുതൽ 55 വയസ്സുവരെയുള്ള 490 പേരും 56 മുതൽ 65 വയസ്സു വരെയുളള 201 പേരുമാണ് ഈ സർവ്വേയിൽ പങ്കെടുത്തത്. 66 വയസ്സിന് മുകളിൽ പ്രായമുള്ള 95 പേരും തങ്ങളുടെ അഭിപ്രായങ്ങൾ അറിയിക്കുകയുണ്ടായി. സർവ്വേയിൽ പങ്കെടുത്ത മുഴുവൻ പേരും പ്രായപൂർത്തി വോട്ടവകാശം ഉള്ളവരായതിനാൽ പക്വതയാർന്ന പ്രതികരണങ്ങളായി അഭിപ്രായങ്ങളെ പരിഗണിയ്ക്കാവുന്നതാണ്.

**പട്ടിക 3.4 - വിദ്യാഭ്യാസ യോഗ്യത.**

| | അടൂർ | പരവൂർ | ആകെ |
|---|---|---|---|
| പഠിച്ചിട്ടില്ല | 21 | 43 | 64 |
| പ്രൈമറി സ്ക്കൂൾ | 89 | 110 | 199 |
| ഹൈസ്ക്കൂൾ | 249 | 222 | 471 |
| കോളേജ് | 104 | 85 | 189 |
| പോസ്റ്റ് ഗ്രാജുവേറ്റ് | 21 | 28 | 49 |
| പ്രൊഫഷണൽ | 16 | 12 | 28 |
| ആകെ | 500 | 500 | 1000 |

സർവ്വേയിൽ പങ്കെടുത്തവരുടെ വിദ്യാഭ്യാസ യോഗ്യത കേരളത്തിന്റെ ഈ മേഖലയിലെ നേട്ടം പ്രതിഫലിപ്പിക്കത്തക്കതാണ്. 1000 പേരിൽ 936 പേരും പ്രൈമറിതലം മുതൽ പ്രൊഫഷണൽ വിദ്യാഭ്യാസം വരെ നേടിയിട്ടുള്ളവരാണ്. 199 പേർ പ്രൈമറി വിദ്യാഭ്യാസം ലഭിച്ചവരും, 471 പേർ

ഹൈസ്ക്കൂൾ തലംവരെ പഠിച്ചവരും, 189 പേർ കോളേജിൽ പഠിച്ചിട്ടുള്ളവരുമാണ്. 49 പോസ്റ്റ് ഗ്രാജുവേറ്റ്സും, 28 പ്രൊഫഷണൽമാരും സർവ്വേയിൽ പങ്കെടുക്കുകയുണ്ടായി.

**പട്ടിക 3.5 - മതം**

| | അടൂർ | പരവൂർ | ആകെ |
|---|---|---|---|
| ഹിന്ദു | 212 | 210 | 422 |
| മുസ്ലീം | 128 | 186 | 314 |
| ക്രിസ്ത്യൻ | 160 | 104 | 264 |
| മറ്റുള്ളവ | 000 | 000 | 000 |
| ആകെ | 500 | 500 | 1000 |

മുകളിലെ പട്ടികയിൽ (പട്ടിക 3.5) കാണുന്നതുപോലെ കേരളത്തിലെ പൊതുസമൂഹത്തിന്റെ ഒരു പരിച്ഛേദം ആണ് സർവ്വേയിൽ പങ്കെടുത്തത്. 422 പേർ ഹിന്ദുക്കളും, 314 പേർ മുസ്ലീങ്ങളും, 264 പേർ ക്രിസ്ത്യാനികളും ആണ്.

**പട്ടിക 3.6 - ഉദ്യോഗം**

| | അടൂർ | പരവൂർ | ആകെ |
|---|---|---|---|
| ഉണ്ട് | 173 | 180 | 353 |
| ഇല്ല | 327 | 320 | 647 |
| ആകെ | 500 | 500 | 1000 |

സർവ്വേയിൽ പങ്കെടുത്തവരിൽ 353 പേർ ഉദ്യോഗം ഉള്ളവരും 647 പേർ ഉദ്യോഗം ഇല്ലാത്തവരുമാണ്.

**പട്ടിക 3.7 - വൈവാഹിക ബന്ധം**

| | അടൂർ | പരവൂർ | ആകെ |
|---|---|---|---|
| വിവാഹിതൻ/വിവാഹിത | 392 | 362 | 754 |
| അവിവാഹിതൻ/അവിവാഹിത | 108 | 138 | 246 |
| ആകെ | 500 | 500 | 1000 |

സർവ്വേയിൽ പങ്കെടുത്തവരിൽ 754 പേർ വിവാഹിതരും, 246 പേർ അവിവാഹിതരും ആണ്.

**പട്ടിക 3.8 - വാർഷിക വരുമാനം**

| | അടൂർ | പരവൂർ | ആകെ |
|---|---|---|---|
| ഒരു ലക്ഷം രൂപ വരെ | 248 | 273 | 521 |
| 1 മുതൽ 2 ലക്ഷം വരെ | 197 | 160 | 357 |
| 2 മുതൽ 3 ലക്ഷം വരെ | 39 | 49 | 88 |
| 3 ലക്ഷം രൂപക്ക് മുകളിൽ | 16 | 18 | 34 |
| ആകെ | 500 | 500 | 1000 |

കേരളത്തിലെ എല്ലാ മേഖലയിലുമുള്ള ഉയർന്ന വരുമാനത്തിന്റെ പ്രതിഫലനമായി മുകളിൽ പട്ടികയിൽ കൊടുത്തിരിക്കുന്നവരുടെ വാർഷിക വരുമാനത്തെ കണക്കാക്കാവുന്നതാണ്. 521 പേർ ഒരു ലക്ഷം രൂപ വരെയും 357 പേർ ഒന്നുമുതൽ 2 ലക്ഷം വരെയും, 88 പേർ രണ്ടുലക്ഷം മുതൽ 3 ലക്ഷം രൂപ വരെയും 34 പേർ 3 ലക്ഷം രൂപയ്ക്ക് മുകളിലും വാർഷിക വരുമാനം ഉള്ളവരുമാണ്

**പട്ടിക 3.9 - ചോദ്യം - 1 താങ്കൾക്ക് ജനമൈത്രി സുരക്ഷാ പദ്ധതിയെകുറിച്ച് അറിവുണ്ടോ?**

| | അടൂർ | പരവൂർ | ആകെ |
|---|---|---|---|
| ഉണ്ട് | 461 | 410 | 871 |
| ഇല്ല | 39 | 90 | 129 |
| ആകെ | 500 | 500 | 1000 |

സർവ്വേയിൽ അഭിപ്രായം രേഖപ്പെടുത്തിയ 871 പേർ ജനമൈത്രി സുരക്ഷാ പദ്ധതിയെക്കുറിച്ച് അറിവുള്ളവരും 129 പേർ പ്രസ്തുത പദ്ധതിയെകുറിച്ച് അറിവില്ലാത്തവരുമാണ്.

**പട്ടിക 3.10 - ചോദ്യം 2- എത്രകാലമായി അറിയാം?**

| | അടൂർ | പരവൂർ | ആകെ |
|---|---|---|---|
| രണ്ടുവർഷമായി | 184 | 142 | 326 |
| ഒരു വർഷമായി | 202 | 212 | 414 |
| 6 മാസവും അതിന് മുകളിലും | 75 | 56 | 131 |
| ആകെ | 461 | 410 | 871 |

ജനമൈത്രി സുരക്ഷാ പദ്ധതിയെക്കുറിച്ച് അറിയാം എന്ന അഭിപ്രായം പറഞ്ഞ 871 പേരോടാണ് ഈ ചോദ്യം ചോദിച്ചത്. 326 പേർ രണ്ട് വർഷമായും, 414 പേർ ഒരു വർഷമായും 131 പേർ കുറഞ്ഞത് 6 മാസമായും ഈ പദ്ധതിയെകുറിച്ച് അറിവുള്ളവരാണ്.

**പട്ടിക 3.11 - ചോദ്യം -3 എങ്ങനെയാണ് ഈ പദ്ധതിയെകുറിച്ച് താങ്കൾക്ക് അറിവ് ലഭിച്ചത്.**

| | അടൂർ | പരവൂർ | ആകെ |
|---|---|---|---|
| ജനമൈത്രി പദ്ധതിയിൽ പ്രവർത്തിക്കുന്ന പോലീസ് ഉദ്യോഗസ്ഥരിൽ നിന്നും | 386 | 306 | 692 |
| ബന്ധുക്കൾ സുഹൃത്തുക്കൾ എന്നിവരിൽ നിന്നും | 201 | 146 | 247 |
| പത്രമാധ്യമങ്ങളിൽ നിന്ന് | 192 | 140 | 332 |
| സർക്കാരിന്റെ പൊതുപരിപാടികളിൽ നിന്ന് | 413 | 360 | 773 |
| സർക്കാർ പ്രസിദ്ധീകരണങ്ങളിൽ നിന്ന് | 56 | 12 | 68 |
| മറ്റുള്ളവ (വ്യക്തമാക്കുക) | 00 | 00 | 00 |

പട്ടിക 3.11 ന്റെ തലക്കെട്ടായി കൊടുത്തിരിക്കുന്ന ചോദ്യത്തിനുള്ള വ്യത്യസ്ഥ ഉത്തരങ്ങൾ ചോദ്യാവലിയിൽ തന്നെ നല്കിയിട്ടുള്ളതാണ്. ഒന്നിലധികം രീതിയിൽ പൊതുജനങ്ങൾ ജനമൈത്രി സുരക്ഷാ പദ്ധതിയെക്കുറിച്ച് അറിവുള്ളവരാണെന്ന് ഉത്തരങ്ങൾ സൂചിപ്പിക്കുന്നു. 692 പേർ ജനമൈത്രി പദ്ധതിയിൽ പ്രവർത്തിക്കുന്ന ഉദ്യോഗസ്ഥരിൽ നിന്നും 357 പേർ സുഹൃത്തുക്കൾ, ബന്ധുക്കൾ മുതലായവരിൽ നിന്നും, 332 പേർ പത്രമാധ്യമങ്ങളിൽ നിന്നും പ്രസ്തുത പരിപാടിയെകുറിച്ചുള്ള വിവരം ലഭിച്ചിട്ടുള്ളവരാണ്. സർക്കാരിന്റെ പൊതുപരിപാടികളിൽ നിന്നും 773

പേർക്കും, സർക്കാർ പ്രസിദ്ധീകരണങ്ങളിൽ നിന്നും 68 പേർക്കും ജനമൈത്രി സുരക്ഷാ പദ്ധതിയെ കുറിച്ചുള്ള അറിവ് ലഭിച്ചിട്ടുണ്ട്.

**പട്ടിക 3.12 - ചോദ്യം -4 ആരുടെ ക്ഷേമത്തിന് വേണ്ടിയാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്?**

| | അടൂർ | പരവൂർ | ആകെ |
|---|---|---|---|
| പോലീസിന്റെ | 000 | 000 | 000 |
| ജനങ്ങളുടെ | 135 | 101 | 236 |
| ജനങ്ങളുടെയും പോലീസിന്റെയും | 326 | 309 | 635 |
| രാഷ്ട്രീയ പാർട്ടികളുടെ | 000 | 000 | 000 |
| മറ്റുള്ളവർക്ക്(വ്യക്തമാക്കുക) | 000 | 000 | 000 |
| ആകെ | 461 | 410 | 871 |

ജനമൈത്രി സുരക്ഷ പദ്ധതിയുടെ ലക്ഷ്യം തന്നെ ജനങ്ങളുമായി നല്ല ബന്ധം സ്ഥാപിച്ചു കൊണ്ട് പോലീസ് തങ്ങളുടെ ചുമതലകൾ നിർവ്വഹിയ്ക്കുക എന്നുള്ളതാണ്. അത്തരത്തിലുള്ള ഒരു പോലീസ് സംവിധാനം ജനങ്ങളുടെ അന്തസ്സും പോലീസിന്റെ മാന്യതയും ഉയർന്നുവെന്നും രണ്ടുവിഭാഗത്തിനും പുതിയ പ്രയോജനപ്രദമാകുമെന്നുള്ളതാണ് യാഥാർത്ഥ്യം. 635 പേർ ഈ യാഥാർത്ഥ്യം മനസ്സിലാക്കി എന്നുള്ളതാണ് മുകളിൽ കൊടുത്തിരിക്കുന്ന പട്ടിക വ്യക്തമാക്കുന്നത്. ജനങ്ങളുടേയും പോലീസിന്റെയും ക്ഷേമത്തിന് വേണ്ടിയാണ് ജനമൈത്രി പദ്ധതി എന്നാണ് അവർ അഭിപ്രായപ്പെട്ടത്. എന്നാൽ 236 പേർ ഈ പദ്ധതി ജനങ്ങളുടെ ക്ഷേമത്തിന് വേണ്ടിയാണെന്ന് അഭിപ്രായപ്പെടുകയുണ്ടായി. ആരും തന്നെ പോലീസിന്റെ ക്ഷേമത്തിനോ, രാഷ്ട്രീയ പാർട്ടികളുടെ ക്ഷേമത്തിനോ വേണ്ടിയാണ് ജനമൈത്രി സുരക്ഷാ പദ്ധതി എന്ന് അഭിപ്രായപ്പെടുകയുണ്ടായില്ല.

**പട്ടിക 3.13 - ചോദ്യം - 5 ജനമൈത്രി പോലീസ് ഉദ്യോഗസ്ഥർ എത്രതവണ താങ്കളുമായി സമ്പർക്കം പുലർത്തിയിട്ടുണ്ട്?**

| | അടൂർ | പരവൂർ | ആകെ |
|---|---|---|---|
| 1 തവണ | 16 | 14 | 30 |
| 2 തവണ | 60 | 37 | 97 |
| 3 തവണ | 80 | 48 | 128 |

| | | | |
|---|---|---|---|
| 4 തവണ | 98 | 78 | 176 |
| 5 തവണ | 106 | 126 | 232 |
| 6 തവണ | 101 | 107 | 208 |
| 7 തവണ | 000 | 000 | 000 |
| ആകെ | 461 | 410 | 871 |

ജനങ്ങളുമായി നിരന്തരമായ സമ്പർക്കം പുലർത്തേണ്ടത് ജനമൈത്രി സുരക്ഷപോലെയുള്ള ഒരു പദ്ധതിയുടെ വിജയകരമായ നടത്തിപ്പിന് അനിവാര്യമാണ്. പല പൊതുപരിപാടികളും ഉദ്ദേശിച്ച ലക്ഷ്യം നേടാൻ സാധിക്കാതെ പോയിട്ടുള്ളത് ആരംഭത്തിൽ കാണിയ്ക്കുന്ന താല്പര്യം കാലക്രമേണ കുറഞ്ഞുവരുകയും തുടർ നടപടികൾ സ്വീകരിക്കാതെ വരുകയും ചെയ്യുന്നതിനാലാണ്. എന്നാൽ ജനമൈത്രി സുരക്ഷാ പദ്ധതി പ്രകാരം പോലീസ് ഉദ്യോഗസ്ഥർ എത്ര തവണ താങ്കളുമായി ബന്ധപ്പെട്ടു എന്ന ചോദ്യത്തിന് മുകളിലെ പട്ടികയിൽ കൊടുത്തിരിക്കുന്ന മറുപടി പരിശോധിച്ചാൽ അടൂരിലും പരവൂരിലും ജനങ്ങളുമായി പോലീസ് ഉദ്യോഗസ്ഥർ നിരന്തര സമ്പർക്കം പുലർത്തുന്നുണ്ട് എന്ന് മനസ്സിലാക്കാൻ സാധിക്കും. ഒരു തവണയെന്ന് 30 പേരും, 2 തവണയെന്ന് 97 പേരും 3 തവണയെന്ന് 128 പേരും, 4 തവണയെന്ന് 176 പേരും പറഞ്ഞിട്ടുണ്ട് . 232 പേരുമായി പോലീസ് 5 തവണയും 208 പേരുമായി 6 തവണയും പോലീസ് സമ്പർക്കം പുലർത്തിയിട്ടുണ്ട്.

**പട്ടിക - 3.14 - ചോദ്യം 6 ഏതുസമയത്താണ് ജനമൈത്രി ഉദ്യോഗസ്ഥർ താങ്കളെ സന്ദർശിച്ചത്?**

| | അടൂർ | പരവൂർ | ആകെ |
|---|---|---|---|
| രാവിലെ | 51 | 81 | 132 |
| ഉച്ചയ്ക്ക് | 41 | 62 | 103 |
| വൈകിട്ട് | 352 | 256 | 608 |
| രാത്രിയിൽ | 17 | 11 | 28 |
| ആകെ | 461 | 410 | 871 |

132 പേരെ രാവിലെയും, 103 പേരെ ഉച്ചയ്ക്കും, 608 പേരെ വൈകിട്ടും, 28 പേരെ രാത്രിയിലും ജനമൈത്രി ഉദ്യോഗസ്ഥർ സന്ദർശിച്ചിരുന്നതായി മുകളിലത്തെ പട്ടിക വ്യക്തമാക്കുന്നു.

**പട്ടിക - 3.15 - ചോദ്യം 7 സന്ദർശനത്തെകുറിച്ച് മുൻകൂട്ടി അറിയിച്ചിരുന്നോ?**

| | അടൂർ | പരവൂർ | ആകെ |
|---|---|---|---|
| അറിയിച്ചിരുന്നു | 419 | 351 | 770 |
| അറിയിച്ചിരുന്നില്ല | 42 | 59 | 101 |
| ആകെ | 461 | 410 | 871 |

മുൻകൂട്ടി അറിയിച്ചിട്ടാണ് ജനമൈത്രി പോലീസുദ്യോഗസ്ഥർ തങ്ങളെ സന്ദർശിച്ചതെന്ന് 770 പേരും, അറിയിച്ചിരുന്നില്ല എന്ന് 101 പേരും അഭിപ്രായപ്പെടുകയുണ്ടായി. മുൻനിശ്ചയപ്രകാരം പൊതുജനങ്ങളെ വിവരം അറിയിച്ചുകൊണ്ട് തന്നെയാണ് ജനമൈത്രി പോലീസുദ്യോഗസ്ഥർ അടൂരിലും പരവൂരിലും ജനങ്ങളെ സന്ദർശിക്കുന്നത് എന്നത് പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾക്കനുസ്യതമായിട്ടാണ് നടപ്പിലാക്കിയിരിക്കുന്നത് എന്ന് വെളിപ്പെടുത്തുന്നു.

**പട്ടിക - 3.16 - ചോദ്യം 8 എവിടെ വച്ചാണ് താങ്കളെ സന്ദർശിച്ചത്?**

| | അടൂർ | പരവൂർ | ആകെ |
|---|---|---|---|
| വീട് | 62 | 53 | 115 |
| പൊതുസ്ഥലം | 43 | 67 | 110 |
| കമ്മ്യൂണിറ്റി ഹാൾ | 356 | 290 | 646 |
| ആരാധനാലയം | 000 | 000 | 000 |
| മറ്റുള്ളവ | 000 | 000 | 000 |
| ആകെ | 461 | 410 | 871 |

കമ്മ്യൂണിറ്റി പോലീസുദ്യോഗസ്ഥർ 115 പേരെ വീട്ടിൽ ചെന്നും 110 പേരെ പൊതുസ്ഥലത്തും 646 പേരെ കമ്മ്യൂണിറ്റി ഹാളിൽ വച്ചും സന്ദർശിച്ചതായി അഭിപ്രായം രേഖപ്പെടുത്തുകയുണ്ടായി. അടൂരിലും പരവൂരിലും ജനമൈത്രി സുരക്ഷാ പദ്ധതിയുടെ പലപൊതുപരിപാടികളും കമ്മ്യൂണിറ്റി ഹാളിൽ വച്ച് നടന്നിട്ടുള്ളതായി രേഖകൾ സൂചിപ്പിച്ചിട്ടുള്ളതാണ്.

**പട്ടിക - 3.17 - ചോദ്യം 9 സന്ദർശന വേളയിൽ എത്ര പോലീസ് ഉദ്യോഗസ്ഥർ ഉണ്ടായിരുന്നു.?**

| | അടൂർ | പരവൂർ | ആകെ |
|---|---|---|---|
| ഒരാൾ | 42 | 32 | 74 |
| രണ്ടുപേർ | 56 | 63 | 119 |
| മൂന്ന് പേർ | 60 | 87 | 147 |
| നാലും അതിനുമുകളിലും | 303 | 228 | 531 |
| ആകെ | 461 | 410 | 871 |

ജനമൈത്രി പോലീസുദ്യോഗസ്ഥർ 74 പേരെ ഒറ്റയ്ക്കും 119 പേരെ രണ്ടുപേരായും 147 പേരെ മൂന്ന് പേർകൂടിയും 531 പേരെ 4 ഉം അതിൽ കൂടുതലും പേരുള്ള ഗ്രൂപ്പായും സന്ദർശിച്ചിട്ടുള്ളതായി സർവ്വേ സൂചിപ്പിക്കുന്നു.

**പട്ടിക - 3.18 - ചോദ്യം 10 വനിതാ പോലീസ് ഉണ്ടായിരുന്നോ?**

| | അടൂർ | പരവൂർ | ആകെ |
|---|---|---|---|
| ഉണ്ടായിരുന്നു | 169 | 209 | 378 |
| ഇല്ലായിരിന്നു | 292 | 201 | 493 |
| ആകെ | 461 | 410 | 871 |

സന്ദർശന ഗ്രൂപ്പിൽ വനിതാ പോലീസുകാരും ഉണ്ടായിരുന്നതായി 378 പേരും വനിതാ പോലീസ് ഇല്ലായിരുന്നു എന്ന് 493 പേരും അഭിപ്രായപ്പെട്ടിട്ടുണ്ട്. ഓരോ ബീറ്റിലും ഒരു വനിതാ പോലീസ് എങ്കിലും ഉണ്ടാകേണ്ടതാണ്.

**പട്ടിക 3.19 ചോദ്യം 11 ജനമൈത്രി സന്ദർശനത്തിൽ താങ്കളുടെ ഭാര്യ/ഭർത്താവും കുട്ടികളും പങ്കെടുത്തിട്ടുണ്ടോ?**

| | അടൂർ | പരവൂർ | ആകെ |
|---|---|---|---|
| ഉണ്ട് | 116 | 104 | 220 |
| ഇല്ല | 345 | 306 | 651 |
| ആകെ | 461 | 410 | 871 |

220 പേർ ഭാര്യ/ഭർത്താവും കുട്ടികളുമായിട്ടാണ് ജനമൈത്രി സുരക്ഷാ പ്രവർത്തനങ്ങളിൽ പങ്കാളികളായിട്ടുള്ളതെന്നും 651 പേർ ഒറ്റയ്ക്കാണ് പങ്കെടുത്തിട്ടുള്ളതെന്നും ലഭ്യമായ കണക്കുകൾ സൂചിപ്പിയ്ക്കുന്നു.

**പട്ടിക - 3.20 - ചോദ്യം 12 സംഭാഷണ വിഷയം എന്തായിരുന്നു?**

| | അടൂർ | പരവൂർ | ആകെ |
|---|---|---|---|
| വ്യക്തിപരമായ സംഭാഷണം | 19 | 12 | 31 |
| വാർഡ്തലയോഗം | 298 | 304 | 602 |
| സെമിനാർ | 342 | 398 | 740 |
| ബ്ലഡ് ഗ്രൂപ്പ് നിർണ്ണയം | 268 | 197 | 465 |
| രക്തദാന ക്യാമ്പ് | 36 | 37 | 73 |
| ജനമൈത്രി രാത്രികാല പട്രോളിംഗ്/ സംയോജിത പ്രട്രോളിംഗ് | 128 | 124 | 252 |
| ട്രാഫിക് ബോധവൽക്കരണം | 301 | 363 | 664 |
| ശുചിത്വ ബോധവൽക്കരണം | 116 | 117 | 233 |
| സാന്ത്വന സംരക്ഷണ ബോധവൽക്കരണം | 97 | 127 | 224 |
| ആരോഗ്യസംരക്ഷണം | 121 | 129 | 250 |
| ദുരന്ത നിവാരണം | 76 | 81 | 157 |
| വ്യാജമദ്യത്തിനെതിരെയുള്ള ബോധവൽക്കരണം | 173 | 204 | 377 |

| | | | |
|---|---|---|---|
| ലഹരി വിരുദ്ധ പ്രചരണം | 173 | 207 | 380 |
| പുകവലിക്കെതിരെയുള്ള പ്രചരണം | 173 | 202 | 375 |
| പരാതിപെട്ടി വഴി ലഭിക്കുന്ന പരാതികളുടെ വിവരങ്ങൾ സംബന്ധിച്ച് | 140 | 136 | 276 |
| വീട്ടുജോലിക്കാരുടേയും മറ്റുതൊഴിലാളികളുടേയും വിവരങ്ങൾ സംബന്ധിച്ച് | 129 | 164 | 293 |
| കുടുംബയോഗം | 92 | 112 | 204 |
| മറ്റുള്ളവ (വ്യക്തമാക്കുക) | 000 | 000 | 000 |

പഴയകാല പോലീസ് സങ്കല്പത്തിൽ നിന്നും എത്ര വ്യത്യസ്ഥവും ചലനാത്മകവുമാണ് ജന മൈത്രി പോലീസ് എന്ന് മുകളിൽ കൊടുത്തിരിക്കുന്ന പട്ടികയിലെ വിവരങ്ങൾ ആധികാരികമായി തെളിയിക്കുന്നു. കുറ്റകൃത്യങ്ങൾ നിയന്ത്രിക്കുവാനും ക്രമസമാധാനം നിലനിർത്തുവാനും മാത്രമല്ല സാമൂഹ്യനന്മക്കായി ചർച്ചകളും, സെമിനാറുകളും, ബോധവൽക്കരണ പരിപാടികളും സംഘടിപ്പിച്ച് ഒരു വികസിത സമൂഹത്തിനാവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുവാനും പോലീസിന് സാധിക്കു മെന്നതാണ് ഇത് സൂചിപ്പിക്കുന്നത്. അടൂരിലും പരവൂരിലും ജനമൈത്രി സുരക്ഷ പദ്ധതിയുടെ ഭാഗമായി ഒട്ടനേകം പൊതുപരിപാടികൾ സംഘടിപ്പിക്കുകയുണ്ടായി. ഒട്ടുമിക്ക പരിപാടികളിലും വലിയ ജനപങ്കാളിത്തമുണ്ടായിരുന്നെന്നാണ് സർവ്വേയിലൂടെ ലഭിച്ച വിവരങ്ങൾ സൂചിപ്പിക്കുന്നത്. 31 പേർ വ്യക്തിപരമായ സംഭാഷണങ്ങളിലും 602 പേർ വാർഡുതലയോഗങ്ങളിലും, 740 പേർ സെമി നാറുകളിലും 465 പേർ രക്തഗ്രൂപ്പ് നിർണ്ണയത്തിലും 252 പേർ രാത്രികാല പട്രോളിംഗിലും 664 പേർ ട്രാഫിക് ബോധവൽക്കരണ പരിപാടികളിലും 233 പേർ ശുചിത്വബോധവൽക്കരണ പരിപാടി കളിലും പങ്കെടുത്തിട്ടുണ്ട്. സാന്ത്വനസംരക്ഷണ ബോധവൽക്കരണത്തിൽ 224 പേരും ആരോഗ്യസം രക്ഷണ പരിപാടിയിൽ 250 പേരും ദുരന്തനിവാരണത്തിൽ 157 പേരും, വ്യാജമദ്യത്തിനെതിരെയുള്ള ബോധവൽക്കരണ പരിപാടിയിൽ 377 പേരും ലഹരി വിരുദ്ധ പ്രചരണത്തിൽ 380 പേരും പങ്കെടു ത്തിരുന്നു. 375 പേർ പുകവലിക്കെതിരെയുള്ള പ്രചരണപരിപാടിയിലും, 276 പേർ പരാതിപ്പെട്ടിവഴി ലഭിക്കുന്ന പരാതികളെ സംബന്ധിച്ചുള്ള ചർച്ചയിലും, 293 പേർ വീട്ടുജോലിക്കാരുടേയും മറ്റുതൊഴി ലാളികളുടേയും വിവരങ്ങൾ സംബന്ധിച്ച ചർച്ചചെയ്യുന്നതിലും, 204 പേർ കുടുംബയോഗങ്ങളിലും പങ്കെടുത്തിട്ടുണ്ട്.

**പട്ടിക - 3.21 - ചോദ്യം 13 - സംഭാഷണത്തിന് വേണ്ടി ഏകദേശം എത്രസമയം ജനമൈത്രി ഉദ്യോഗസ്ഥരുമായി ചെലവിട്ടു?**

| | അടൂർ | പരവൂർ | ആകെ |
|---|---|---|---|
| ഒരു മണിക്കൂർ | 28 | 32 | 60 |
| ഒന്നുമുതൽ രണ്ടുമണിക്കൂർ വരെ | 172 | 164 | 336 |
| രണ്ടുമണിക്കൂറിൽ കൂടുതൽ | 261 | 214 | 475 |
| ആകെ | 461 | 410 | 871 |

ജനമൈത്രി സുരക്ഷാ ഉദ്യോഗസ്ഥരുമായുള്ള സംഭാഷണം ഒരു മണിക്കൂർ ഉണ്ടായിരുന്നതായി 60 പേരും ഒന്നുമുതൽ 2 മണിക്കൂർ വരെ നീണ്ടുനിന്നിരുന്നതായിരുന്നു സംഭാഷണമെന്ന് 336 പേരും അഭിപ്രായപ്പെട്ടപ്പോൾ രണ്ടുമണിക്കൂറിൽ കൂടുതൽ സമയം ചെലവിട്ടതായി 475 പേരും പറയുകയുണ്ടായി.

**പട്ടിക - 3.22 - ചോദ്യം 14- ബീറ്റ് ഓഫീസറുടെ പെരുമാറ്റത്തെ എങ്ങനെ വിലയിരുത്തുന്നു?**

| | അടൂർ | പരവൂർ | ആകെ |
|---|---|---|---|
| മോശം | 000 | 000 | 000 |
| അഭിപ്രായം ഇല്ല | 91 | 89 | 180 |
| വളരെ നല്ലത് | 370 | 321 | 691 |
| ആകെ | 461 | 410 | 871 |

പോലീസ് പൊതുജന ബന്ധം സൗഹൃദപരമാകുന്നതിന് പോലീസിന്റെ പെരുമാറ്റത്തെ സംബന്ധിച്ച് പൊതുജനത്തിന് മതിപ്പുണ്ടാകേണ്ടതാണ്. പോലീസുകാരുടെ പെരുമാറ്റം മോശമാണ് എന്നുള്ള ഒരു വിലയിരുത്തൽ കേരള സമൂഹത്തിൽ പണ്ടുകാലം മുതല്ക്കേ ഉണ്ടായിരുന്നതാണ്. നേരിട്ട് പോലീസുമായി ബന്ധപ്പെട്ടിട്ടില്ലാത്തവരും ഒരിക്കൽ പോലും പോലീസ് സ്റ്റേഷനിൽ കയറിയിട്ടില്ലാത്തവരുമായ സാധാരണ ജനങ്ങൾ പോലും കേട്ടറിവിന്റേയും, പത്ര, ദൃശ്യമാദ്ധ്യമങ്ങൾ പ്രചരിപ്പിയ്ക്കുന്ന വാർത്തകളുടേയും അടിസ്ഥാനത്തിൽ ഇങ്ങനെ വിശ്വസിച്ചിരുന്നു. എന്നാൽ സർവ്വേയിൽ പങ്കെടുത്ത 691 പേർ വളരെ നല്ല പെരുമാറ്റമാണ് ബീറ്റ് ഓഫീസറന്മാരുടെ ഭാഗത്ത് നിന്നുണ്ടായത് എന്ന് അഭിപ്രായപ്പെടുകയുണ്ടായി. മോശം പെരുമാറ്റം ആയിരുന്നു എന്ന് ഒരാൾ പോലും അഭിപ്രായപ്പെടുകയുണ്ടായില്ല. 180 പേർ അഭിപ്രായം ഇല്ല എന്നാണ് പറഞ്ഞത്.

**പട്ടിക - 3.23 - ചോദ്യം 15 - ഉദ്യോഗസ്ഥന്റെ ഇടപെടലിൽ താങ്കൾ തൃപ്തനാണോ?**

| | അടൂർ | പരവൂർ | ആകെ |
|---|---|---|---|
| ആണ് | 449 | 397 | 846 |
| അല്ല | 12 | 13 | 25 |
| ആകെ | 461 | 410 | 871 |

ഗുണഭോക്താക്കളുടെ സംതൃപ്തിയാണ് ഒരു ഗവൺമെന്റ് ഡിപ്പാർട്ട്മെന്റിന്റെ പ്രവർത്തനമികവ് തെളിയിക്കുന്നത്. പോലീസിനെകുറിച്ച് കഴിഞ്ഞ കാലങ്ങളിലെങ്ങും പരാതികൾ മാത്രമുണ്ടായിരുന്ന ഒരു പൊതു സമൂഹമാണ് കേരളത്തിലേത് എന്ന് വിസ്മരിച്ചുകൂടാ. ജനമൈത്രി സുരക്ഷ പദ്ധതി നടപ്പിലാക്കിയ അടൂരും പരവൂരുമായി 871 ൽ 846 പേരും (97.12%) ജനമൈത്രി ഉദ്യോഗസ്ഥന്റെ ഇടപെടലിൽ തൃപ്തരാണെന്ന് അഭിപ്രായപ്പെടുകയുണ്ടായി. 25 പേർ മാത്രമാണ് തൃപ്തരല്ല എന്ന് അഭിപ്രായപ്പെട്ടത്.

പട്ടിക 3.22 ലെയും 3.23 ലേയും അഭിപ്രായങ്ങൾ സൂഷ്മമായി പരിശോധിച്ചാൽ ജനമൈത്രി സുരക്ഷാ പദ്ധതിയുടെ വിജയകരമായ രീതിയിലാണ് അടൂരും പരവൂരും നടപ്പിലാക്കുന്നതെന്ന് ബോദ്ധ്യപ്പെടും. കേരളത്തിലെ പോലീസ് സ്റ്റേഷനുകളിലാകെ നല്ല ഒരു ഇമേജും പൊതുജനത്തിന്റെ വിശ്വാസ്യതയും അംഗികാരവും നേടിയെടുക്കുവാൻ പ്രസ്തുത പദ്ധതി ഉപകരിയ്ക്കും.

**പട്ടിക - 3.24 - ചോദ്യം 16 ജനമൈത്രി ബീറ്റ് ഓഫീസർ സംസാരിച്ച വിഷയത്തെകുറിച്ച് ഓർമ്മയുണ്ടോ?**

| | അടൂർ | പരവൂർ | ആകെ |
|---|---|---|---|
| ഉണ്ട് | 348 | 316 | 664 |
| ഇല്ല | 113 | 94 | 207 |
| ആകെ | 461 | 410 | 871 |

ജനമൈത്രി ഉദ്യോഗസ്ഥൻ സംസാരിച്ച വിഷയത്തെ സംബന്ധിച്ച് 664 പേർക്ക് ഓർമ്മയുണ്ട്. എന്നാൽ 207 പേർ ഓർമ്മയില്ല എന്നാണ് അഭിപ്രായം പറഞ്ഞത്.

പട്ടിക 3.25 ചോദ്യം 18- ജനമൈത്രി പോലീസ് ഉദ്യോഗസ്ഥരുടെ നിർദ്ദേശങ്ങൾ/പ്രവർത്തന ങ്ങൾ പ്രയോജനകരമാണെന്ന് തോന്നുണ്ടോ?

| | അടൂർ | പരവൂർ | ആകെ |
|---|---|---|---|
| ഉണ്ട് | 449 | 397 | 846 |
| ഇല്ല | 12 | 13 | 25 |
| ആകെ | 461 | 410 | 871 |

846 പേർ പോലീസ് ഉദ്യോഗസ്ഥരുടെ നിർദ്ദേശങ്ങൾ പ്രയോജനകരമാണെന്നും 25 പേർ അല്ല എന്നും പറയുകയുണ്ടായി.

**പട്ടിക - 3.26 - ചോദ്യം 19-ജനമൈത്രി പോലീസ് ഉദ്യോഗസ്ഥരുടെ നിർദ്ദേശങ്ങൾ ഏതെങ്കിലും താങ്കൾ പ്രായോഗികമാക്കിയിട്ടുണ്ടോ?**

| | അടൂർ | പരവൂർ | ആകെ |
|---|---|---|---|
| ഉണ്ട് | 296 | 267 | 563 |
| ഇല്ല | 165 | 143 | 308 |
| ആകെ | 461 | 410 | 871 |

മുകളിലെ പട്ടികയിൽ സൂചിപ്പിച്ചിരിക്കുന്ന പോലെ 563 പേർ ജനമൈത്രി ഉദ്യോഗസ്ഥരുടെ നിർദ്ദേശങ്ങൾ പ്രായോഗിമാക്കാറുണ്ടെന്നും 308 പേർ ഇല്ല എന്നും അഭിപ്രായപ്പെടുകയുണ്ടായി.

**പട്ടിക - 3.27 - ചോദ്യം 21 പദ്ധതിയുടെ പുരോഗതിക്കായി എന്തെങ്കിലും നിർദ്ദേശങ്ങൾ താങ്കൾ നൽകിയിട്ടുണ്ടോ?**

| | അടൂർ | പരവൂർ | ആകെ |
|---|---|---|---|
| ഉണ്ട് | 272 | 209 | 481 |
| ഇല്ല | 189 | 201 | 390 |
| ആകെ | 461 | 410 | 817 |

ജനമൈത്രി സുരക്ഷാ പദ്ധതിയിലൂടെ ജനങ്ങളും പോലീസും കൂട്ടായി ആലോചിച്ച് തീരുമാനങ്ങൾ എടുക്കുന്നു എന്നതിന്റെ തെളിവാണ് 481 പേർ പദ്ധതിയുടെ പുരോഗതിക്കായി നിർദ്ദേശങ്ങൾ നല്കിയിട്ടുണ്ട് എന്നുള്ള വെളിപ്പെടുത്തൽ. തങ്ങളെ ബാധിയ്ക്കുന്ന പൊതു പ്രശ്നങ്ങളിൽ പോലീസുമായി സഹകരിച്ച് പ്രവർത്തിക്കുവാൻ ജനങ്ങൾക്ക് അസുലഭമായ ഒരവസരം ലഭിക്കുന്നു. 390 പേർ നിർദ്ദേശങ്ങൾ ഒന്നും നല്കിയിട്ടില്ല.

**പട്ടിക - 3.28 - ചോദ്യം 23 ജനമൈത്രിസുരക്ഷാ പദ്ധതി താങ്കളുടെ ഗാർഹികാന്തരീക്ഷത്തിൽ എന്തെങ്കിലും മാറ്റം വരുത്തിയിട്ടുണ്ടോ?**

| | അടൂർ | പരവൂർ | ആകെ |
|---|---|---|---|
| നല്ലമാറ്റം | 245 | 209 | 454 |
| വ്യത്യാസം ഇല്ല | 216 | 201 | 417 |
| കലുഷിതമാക്കി | 000 | 000 | 000 |
| ആകെ | 461 | 410 | 871 |

പൊതുകാര്യങ്ങളിൽ ഇടപെട്ട് ലഭിക്കുന്ന അറിവും പരിചയവുമൊക്കെ കുടുംബങ്ങളിൽ ചിലരെങ്കിലും പ്രായോഗികമാക്കാറുണ്ട് എന്നതിന്റെ ഉദാഹരണമാണ് 454 പേരുടെ ഗാർഹിക അന്തരീക്ഷത്തിൽ നല്ലമാറ്റം വന്നു എന്ന അഭിപ്രായം വെളിപ്പെടുത്തുന്നത്. 416 പേർ വ്യത്യാസം ഇല്ല എന്ന് അഭിപ്രായപ്പെടുകയുണ്ടായി. കലുഷിതമാക്കി എന്ന് ഒരാളും അഭിപ്രായപ്പെട്ടിട്ടില്ല.

**പട്ടിക - 3.29 - ചോദ്യം 24 ജനമൈത്രി ഉദ്യോഗസ്ഥൻ വാഹന ഗതാഗത ക്രമീകരണങ്ങൾ മെച്ചപ്പെ ടുത്തുന്നതിന് വേണ്ടി പ്രവർത്തിച്ചിട്ടുണ്ടോ?**

| | അടൂർ | പരവൂർ | ആകെ |
|---|---|---|---|
| ഉണ്ട് | 390 | 366 | 756 |
| ഇല്ല | 000 | 000 | 000 |
| അറിയില്ല | 71 | 44 | 115 |
| ആകെ | 461 | 410 | 871 |

വാഹന അപകടങ്ങൾ വർദ്ധിച്ചുവരുന്ന കേരളത്തിൽ ഗതാഗത നിയന്ത്രണം പോലീസിന്റെ വളരെ പ്രധാനപ്പെട്ട ചുമതലയാണ്. അടൂർ, പരവൂർ പ്രദേശങ്ങളിൽ പോലീസ് ജാഗ്രതയോടെ ഈ പ്രവർത്തനം നടത്തുന്നതായി അഭിപ്രായങ്ങൾ സൂചിപ്പിക്കുന്നു. 756 പേർ ജനമൈത്രി ഉദ്യോഗ സ്ഥർ അവരുടെ പ്രദേശത്തെ വാഹനഗതാഗത ക്രമീകരണങ്ങൾ മെച്ചപ്പെടുത്തുന്നതിന് വേണ്ടി പ്രവർത്തിച്ചിട്ടുണ്ടെന്ന് അഭിപ്രായപ്പെട്ടപ്പോൾ 115 പേർ അറിയില്ല എന്നും പറയുകയുണ്ടായി. ഇല്ല എന്ന് ഒരാൾ പോലും അഭിപ്രായപ്പെട്ടിട്ടില്ല.

**പട്ടിക - 3.30 - ചോദ്യം 26 ജനമൈത്രി പോലീസുദ്യോഗസ്ഥർ താങ്കളുടെ പ്രദേശത്തെ ശുചീ കരണ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിന് എന്തെങ്കിലും നടപടികൾ എടുത്തിട്ടുണ്ടോ?**

| | അടൂർ | പരവൂർ | ആകെ |
|---|---|---|---|
| ഉണ്ട് | 307 | 306 | 613 |
| ഇല്ല | 000 | 000 | 000 |
| അറിയില്ല | 154 | 104 | 258 |
| ആകെ | 461 | 410 | 871 |

613 പേർ ജനമൈത്രി ഉദ്യോഗസ്ഥർ ശുചീകരണ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിന് നട പടികൾ എടുത്തിട്ടുണ്ടെന്നും, 258 പേർ അറിയില്ല എന്നും അഭിപ്രായപ്പെട്ടപ്പോൾ ഇല്ല എന്ന് ആരും പറയുകയുണ്ടായില്ല. സാമൂഹ്യക്ഷേമ പ്രവർത്തനങ്ങളിലും തങ്ങളുടേതാകുന്ന സംഭാവന നല്കു വാൻ സാധിയ്ക്കുമെന്ന് ഇത്തരം പ്രവർത്തനങ്ങളിലൂടെ പോലീസ് ഉദ്യോഗസ്ഥർ തെളിയിച്ചിരിക്കുക യാണ്.

**പട്ടിക 3.31 ചോദ്യം 28 ജനമൈത്രി പോലീസ് ഉദ്യോഗസ്ഥൻ താങ്കളുടെ പ്രദേശത്തെ കുട്ടികളുമായി ആശയവിനിമയം നടത്താറുണ്ടോ?**

| | അടൂർ | പരവൂർ | ആകെ |
|---|---|---|---|
| ഉണ്ട് | 305 | 315 | 620 |
| ഇല്ല | 000 | 000 | 000 |
| അറിയില്ല | 156 | 95 | 251 |
| ആകെ | 461 | 410 | 871 |

വളർന്നുവരുന്ന തലമുറയെ പൊതുസമൂഹത്തിൽ നടപ്പിലാക്കുന്ന പരിഷ്ക്കാരങ്ങളെ കുറിച്ച് ബോധവാന്മാരാകുകയും കഴിയുന്നിടത്തോളം പങ്കാളികളാക്കുകയും ചെയ്യേണ്ടത് പ്രസ്തുത പദ്ധതിയുടെ ഭാവി പ്രവർത്തനങ്ങൾക്ക് സഹായകമാകുമെന്നതിൽ സംശയമില്ല. കുട്ടിപോലീസ് (ടഊറലിഭ ജ്ഫഹശരല) സംവിധാനം നടപ്പിലാക്കിയിട്ടുള്ള കേരളത്തിൽ ജനമൈത്രി സുരക്ഷാപദ്ധതിയുമായി കുട്ടികളെ പന്ധപ്പെടുത്തേണ്ടത് ആവശ്യമാണ്. 620 പേർ  ജനമൈത്രി ഉദ്യോഗസ്ഥർ കുട്ടികളുമായി ആശയവിനിമയം നടത്താറുണ്ടെന്നും 251 പേർ അറിയില്ല എന്നും പറഞ്ഞിരിക്കുന്നു. ഇല്ല എന്ന അഭിപ്രായം ആരു പറഞ്ഞിട്ടില്ല.

**പട്ടിക - 3.32 - ചോദ്യം 30 ജനങ്ങളെ രാത്രികാല പെട്രോളിംഗിൽ പങ്കെടുപ്പിക്കുന്നതിനുള്ള നടപടികൾ ജനമൈത്രി ഉദ്യോഗസ്ഥർ സ്വീകരിച്ചിട്ടുണ്ടോ?**

| | അടൂർ | പരവൂർ | ആകെ |
|---|---|---|---|
| ഉണ്ട് | 306 | 267 | 573 |
| ഇല്ല | 000 | 000 | 000 |
| അറിയില്ല | 155 | 143 | 298 |
| ആകെ | 461 | 410 | 871 |

573 പേർ രാത്രികാല പെട്രോളിംഗിൽ ജനമൈത്രി ഉദ്യോഗസ്ഥർ ജനങ്ങളെ പങ്കെടുപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും 298 പേർ അറിയില്ല എന്നും അഭിപ്രായപ്പെട്ടു. ഈ ചോദ്യത്തിനും ഇല്ല എന്ന മറുപടി ആരും പറയുകയുണ്ടായില്ല. പൊതുജനസഹകരണത്തോടെയുള്ള രാത്രികാല പട്രോളിംഗ് കുറ്റകൃത്യങ്ങൾ ഫലപ്രദമായി തടയുവാൻ സാധിയ്ക്കുമെന്ന് അടൂർ, പരവൂർ പ്രദേശങ്ങളുടെ അനുഭവം തെളിയിച്ചിട്ടുണ്ട്.

**പട്ടിക 3.33 ചോദ്യം ജനമൈത്രി പദ്ധതി നിങ്ങളുടെ പ്രദേശത്തെ സ്ത്രീകളുടെ സുരക്ഷയിൽ മാറ്റം വരുത്തിയിട്ടുണ്ടോ?**

| | അടൂർ | പരവൂർ | ആകെ |
|---|---|---|---|
| ഉണ്ട് | 396 | 313 | 709 |
| ഇല്ല | 000 | 000 | 000 |
| അറിയില്ല | 65 | 97 | 162 |
| ആകെ | 461 | 410 | 871 |

പലപ്പോഴും കുറ്റകൃത്യങ്ങൾക്കും അതിക്രമങ്ങൾക്ക് ഇരയാകുന്ന വിഭാഗമാണ് സ്ത്രീകൾ. അഭിമാന ഭയം കൊണ്ടോ അറിവില്ലായ്മകൊണ്ടോ ഒക്കെ അത്തരം സംഭവങ്ങളിൽ പരാതിപ്പെടുന്ന സ്ത്രീകളുടെ എണ്ണവും വളരെ കുറവാണ്. അതുകൊണ്ട് തന്നെ ജനമൈത്രിയുടെ സുരക്ഷാ പദ്ധതിയിൽ പ്രത്യേക പരിഗണന നല്കേണ്ട വിഭാഗമാണവർ. അടൂർ, പരവൂർ പോലീസ് സ്റ്റേഷൻ പരിധിയിൽ 709 പേർ ജനമൈത്രി പദ്ധതിയുടെ ഭാഗമായി സ്ത്രീകളുടെ സുരക്ഷയിൽ മാറ്റം വന്നിട്ടുള്ളതായും 162 പേർ അറിയില്ല എന്നും അഭിപ്രായപ്പെടുകയുണ്ടായി ഇല്ല എന്ന അഭിപ്രായം ആരും പറയുകയുണ്ടായില്ല.

**പട്ടിക - 3.34 - ചോദ്യം 34 ഉണ്ട് എങ്കിൽ എത്രമാത്രം?**

| | അടൂർ | പരവൂർ | ആകെ |
|---|---|---|---|
| ദുസഹമാക്കി | 000 | 000 | 000 |
| മാറ്റമില്ല | 000 | 000 | 000 |
| വളരെ മെച്ചപ്പെട്ടു | 396 | 313 | 709 |
| ആകെ | 396 | 313 | 709 |

സ്ത്രീകളുടെ സുരക്ഷയിൽ മാറ്റം വരുത്തുവാൻ ജനമൈത്രി പദ്ധതി ഇടയാക്കി എന്നഭിപ്രായപ്പെട്ട 709 പേരോടാണ് മുകളിലെ പട്ടികയിലെ ചോദ്യം ചോദിച്ചത് 709 പേരും വളരെ മെച്ചപ്പെട്ടു എന്നഭിപ്രായപ്പെടുകയുണ്ടായി. പോലീസ് വേണ്ടരീതിയിലുള്ള ഇടപെടൽ നടത്തുകയാണെങ്കിൽ സ്ത്രീകളുടെ സുരക്ഷ ഉറപ്പുവരുത്തുവാൻ സാധിയ്ക്കുമെന്നാണ് കണക്കുകൾ തെളിയിയ്ക്കുന്നത്

**പട്ടിക - 3.35 - ചോദ്യം 35 ജനമൈത്രി ഉദ്യോഗസ്ഥരുമായുള്ള ആശയവിനിമയത്തിന്റെ ഫലമായി പോലീസിനെ കുറിച്ചുള്ള കാഴ്ചപ്പാടിൽ മാറ്റം വന്നിട്ടുണ്ടോ?**

| | അടൂർ | പരവൂർ | ആകെ |
|---|---|---|---|
| ഉണ്ട് | 415 | 318 | 763 |
| ഇല്ല | 22 | 26 | 48 |
| അറിയില്ല | 24 | 36 | 60 |
| ആകെ | 461 | 410 | 871 |

ജനമൈത്രി പോലീസുദ്യോഗസ്ഥരുമായുള്ള സമ്പർക്കം പൊതുജനങ്ങളിൽ പോലീസിനെകുറിച്ചുള്ള കാഴ്ചപ്പാടിൽ തന്നെ മാറ്റം വരുത്തിയെന്ന് 763 പേരും ഇല്ലയെന്ന് 48 പേരും അറിയില്ല എന്ന് 60 പേരും അഭിപ്രായപ്പെടുകയുണ്ടായി. പലപ്പോഴും പോലീസിനെ വിമർശിക്കുന്ന പലരും നേരിട്ടുള്ള ഇടപെടലിന്റയോ അനുഭവത്തിന്റയോ അടിസ്ഥാനത്തിലല്ല അങ്ങനെ ചെയ്യുന്നത്. പോലീസുമായി കൂടുതൽ ഇടപഴകാൻ അവസരം ലഭിച്ചാൽ അത്തരം അഭിപ്രായങ്ങൾ മാറ്റിയെടുക്കാൻ സാധിയ്ക്കുന്നതാണ്.

**പട്ടിക - 3.36 - ചോദ്യം 36 - ഉണ്ട് എന്നാണെങ്കിൽ എത്രമാത്രം?**

| | അടൂർ | പരവൂർ | ആകെ |
|---|---|---|---|
| വളരെമോശം | 000 | 000 | 000 |
| മാറ്റമില്ല | 000 | 000 | 000 |
| വളരെമെച്ചപ്പെട്ടു | 415 | 348 | 763 |
| ആകെ | 415 | 348 | 763 |

പട്ടിക 35 ലെ ചോദ്യത്തിന് പോലീസിനെക്കുറിച്ചുള്ള കാഴ്ചപ്പാടിൽ മാറ്റം വന്നിട്ടുണ്ട് എന്നഭിപ്രായപ്പെട്ടവരോട് മാത്രമാണ് എത്രമാത്രം മാറ്റം ഉണ്ടായി എന്ന ചോദ്യം ഉന്നയിച്ചത്. 763 പേരും വളരെ മെച്ചപ്പെട്ടു എന്നഭിപ്രായപ്പെടുകയുണ്ടായി. വളരെ മോശം, മാറ്റമില്ല എന്നീ രണ്ട് ഉത്തരങ്ങൾ ആരും പറഞ്ഞിട്ടില്ല.

**പട്ടിക - 3.37 - ചോദ്യം 37 കഴിഞ്ഞ ഒരു വർഷത്തിനിടയിൽ പോലീസിന്റെ സാന്നിദ്ധ്യത്തിന് എന്തെങ്കിലും വ്യത്യാസം അനുഭവപ്പെട്ടിട്ടുണ്ടോ?**

| | അടൂർ | പരവൂർ | ആകെ |
|---|---|---|---|
| കൂടുതൽ | 464 | 461 | 925 |
| കുറവ് | 000 | 000 | 000 |
| മാറ്റമില്ല | 36 | 39 | 75 |
| ആകെ | 500 | 5000 | 1000 |

ജനമൈത്രി സുരക്ഷാ പദ്ധതിയിൽ പോലീസിന്റെ സാന്നിദ്ധ്യം കൂടുതലായി ജനങ്ങൾക്ക് അനുഭവപ്പെടേണ്ടത് അനിവാര്യമാണ്. സ്റ്റേഷനിൽ വരുന്ന കേസുകൾ അന്വേഷിക്കുവാനും, ഗതാഗത നിയന്ത്രണത്തിനും വി. ഐ. പി. സെക്യൂരിറ്റിക്കും മാത്രമല്ല ജനങ്ങളുമായി കൂടുതൽ സമ്പർക്കം പുലർത്തി അവരുടെ സഹകരണം ഉറപ്പുവരുത്തികൊണ്ട് സമൂഹത്തിന് പ്രയോജനപ്രദമാകുന്ന പലപരിപാടികളും സംഘടിപ്പിക്കുവാൻ പോലീസിന് സാധിക്കുമെന്ന് ജനമൈത്രി സുരക്ഷാ പദ്ധതിയുടെ നടത്തിപ്പ് തെളിയിച്ചിരിക്കുകയാണ്. മുകളിലത്തെ പട്ടികയിലെ ചോദ്യം അടൂരും പരവൂരുമായി ആയിരം (1000) പേരോട് ചോദിക്കുകയും 925 പേർ പോലീസിന്റെ സാഹ്നിധ്യം കൂടുതലായെന്നും 75 പേർമാറ്റമില്ല എന്നും അഭിപ്രായപ്പെട്ടു. എന്നാൽ പോലീസിന്റെ സാഹ്നിധ്യം കുറഞ്ഞതായി ആരും അഭിപ്രായപ്പെട്ടില്ല.

**പട്ടിക - 3.38 - ചോദ്യം 38 കഴിഞ്ഞ ഒരു വർഷക്കാലം താങ്കളുടെ സുരക്ഷിത്വം കൂടിയതായാണോ കുറഞ്ഞതായാണോ തോന്നിയിട്ടുള്ളത് ?**

| | അടൂർ | പരവൂർ | ആകെ |
|---|---|---|---|
| കുടുതൽ | 461 | 456 | 917 |
| കുറവ് | 000 | 000 | 000 |
| വ്യത്യാസം ഇല്ല | 39 | 44 | 83 |
| ആകെ | 500 | 500 | 500 |

പൊതുജനത്തിന്റെ സുരക്ഷിതത്വം ഉറപ്പുവരുത്തുകയാണ് പോലീസിന്റെ പ്രഥമവും പ്രധാനവുമായ ചുമതല. ജനങ്ങളുടെ സുരക്ഷിതത്വബോധം പോലീസിന്റെ കാര്യക്ഷമതയെ നിശ്ചയിക്കുവാനുള്ള ഒരു മാനദണ്ഡം കൂടിയാണ്. ജനമൈത്രി സുരക്ഷാ പദ്ധതി നടപ്പിലാക്കിയതിന് ശേഷം

തങ്ങളുടെ സുരക്ഷിത്വം കൂടിയതായി 917 പേരും വ്യാത്യാസം ഇല്ല എന്ന് 83 പേരും അഭിപ്രായപ്പെട്ടത്. പദ്ധതിയുടെ വൻ വിജയമായി കണക്കാക്കാവുന്നതാണ്.

**പട്ടിക - 3.39 - ചോദ്യം 39 കഴിഞ്ഞ ഒരു വർഷക്കാലം താങ്കൾ ഏതെങ്കിലും കുറ്റകൃത്യത്തിന് ഇരയായിട്ടുണ്ടോ?**

| | അടൂർ | പരവൂർ | ആകെ |
|---|---|---|---|
| ഉണ്ട് | 31 | 36 | 67 |
| ഇല്ല | 469 | 464 | 933 |
| ആകെ | 500 | 500 | 1000 |

ജനമൈത്രി സുരക്ഷാ പദ്ധതി നടപ്പിലാക്കിയ പ്രദേശങ്ങളിൽ കുറ്റകൃത്യങ്ങളുടെ എണ്ണം കുറഞ്ഞിട്ടുള്ളതായി റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ളതാണ്. ചെറിയ ചെറിയ പരാതിയിന്മേൽ പോലും കേസെടുക്കുന്ന ഒരു സംസ്ഥാനമാണ് കേരളം. എങ്കിലും ക്രമസമാധാന പാലനത്തിൽ കേരളം മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് ഒന്നാമതാണെന്ന് ദേശീയമായി അംഗീകരിക്കപ്പെട്ടിട്ടുള്ള വസ്തുതയാണ്. ജനമൈത്രി സുരക്ഷാ പദ്ധതിക്ക് ഇക്കാര്യത്തിൽ വലിയ പങ്ക് വഹിക്കുവാൻ സാധിച്ചിട്ടുണ്ട്. 933 പേർ കഴിഞ്ഞ ഒരു വർഷക്കാലം ഒരു കുറ്റകൃത്യത്തിനും ഇരയായിട്ടില്ല എന്ന് അഭിപ്രായപ്പെടുകയും 67 പേർ ഉണ്ട് എന്ന് അറിയിക്കുകയും ചെയ്തു.

**പട്ടിക - 3.40 - ചോദ്യം 40 പോലീസ് സ്റ്റേഷനിൽ പരാതി നല്കിയിട്ടുണ്ടോ?**

| | അടൂർ | പരവൂർ | ആകെ |
|---|---|---|---|
| ഉണ്ട് | 31 | 36 | 67 |
| ഇല്ല | 00 | 00 | 00 |
| ആകെ | 31 | 36 | 67 |

ജനാധിപത്യ സംവിധാനത്തിൽ പൗരാവകാശങ്ങളുടെ സംരക്ഷകരാണ് പോലീസ്. പൊതുജനങ്ങൾ യജമാനന്മാരും പോലീസ് സേവകരുമാണെന്ന തോന്നൽ ഉണ്ടായാൽ മാത്രമെ പോലീസ് സ്റ്റേഷനുകളിൽ നിർഭയം പരാതിയുമായി കടന്നുചെല്ലാൻ സാധിക്കും എന്ന വിശ്വാസം ജനങ്ങളിൽ രൂപപ്പെടുകയുള്ളു. അത്തരത്തിലൊരു വിശ്വാസം ജനമനസ്സുകളിൽ സൃഷ്ടിച്ചെടുക്കുവാൻ

ജനമൈത്രി സുരക്ഷാ പദ്ധതിക്ക് സാധിച്ചിട്ടുണ്ട് എന്നാണ് മുകളിലത്തെ പട്ടികയിലെ വിവരങ്ങൾ സൂചിപ്പിക്കുന്നത്. പട്ടിക 3.39 ൽ കുറ്റകൃത്യത്തിന് ഇരയായി എന്ന് പറഞ്ഞിരുന്ന 67 പേരും പോലീസ് സ്റ്റേഷനിൽ പരാതി നല്കിയിട്ടുണ്ട് എന്ന് പട്ടിക 3.40 ലെ കണക്കുകൾ തെളിയിക്കുന്നു.

**പട്ടിക - 3.41 - ചോദ്യം 41 കഴിഞ്ഞ ഒരു വർഷക്കാലം താങ്കളുടെ പ്രദേശത്ത് പൂവാല ശല്യത്തെ കുറിച്ചുള്ള പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?**

| | അടൂർ | പരവൂർ | ആകെ |
|---|---|---|---|
| ഉണ്ട് | 12 | 18 | 30 |
| ഇല്ല | 488 | 482 | 970 |
| ആകെ | 500 | 500 | 1000 |

30 പേർ പൂവാല ശല്യത്തെകുറിച്ച് പരാതി ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടെന്നും 970 പേർ ഇല്ല എന്നും പറയുകയുണ്ടായി.

**പട്ടിക - 3.42 - ചോദ്യം 42 ഉണ്ട് എന്നാണെങ്കിൽ എത്ര എണ്ണം?**

| | അടൂർ | പരവൂർ | ആകെ |
|---|---|---|---|
| ഒരെണ്ണം (1) | 3 | 5 | 8 |
| രണ്ടെണ്ണം (2) | 2 | 6 | 8 |
| മൂന്നെണ്ണം (3) | 5 | 4 | 9 |
| നാലെണ്ണം (4) | 2 | 3 | 5 |
| അഞ്ചെണ്ണം (5) | 00 | 00 | 00 |
| ആകെ | 12 | 18 | 30 |

പൂവാല ശല്യത്തിന്റെ എണ്ണം രേഖപ്പെടുത്തുവാൻ ആവശ്യപ്പെട്ട 30 പേരിൽ 8 പേർ ഒരെണ്ണമെന്നും, 8 പേർ രണ്ടെണ്ണമെന്നും രേഖപ്പെടുത്തി. പൂവാലശല്യത്തെക്കുറിച്ചുള്ള മൂന്ന് കേസ്സുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടെന്ന് 9 പേരും നാലെണ്ണം എന്ന് 5 പേരും അഭിപ്രായം രേഖപ്പെടുത്തി.

<u>പട്ടിക 3.43 ചോദ്യം 43 പൂവാല ശല്യത്തിന് എത്ര മാറ്റം വന്നു?</u>

| | അടൂർ | പരവൂർ | ആകെ |
|---|---|---|---|
| എണ്ണം കൂടി | 000 | 000 | 000 |
| ഒരുമാറ്റവുമില്ല | 000 | 000 | 000 |
| കുറഞ്ഞു | 12 | 18 | 30 |
| അറിയില്ല | 000 | 000 | 000 |
| ആകെ | 12 | 18 | 30 |

പൂവാലശല്യത്തെകുറിച്ച് ശ്രദ്ധയിൽപ്പെട്ടിരുന്നു എന്ന് അഭിപ്രായം പറഞ്ഞ മുപ്പത് (30) പേരും അത്തരം കേസ്സുകൾ കുറഞ്ഞു എന്ന് രേഖപ്പെടുത്തിയിരിക്കുന്നു. പൂവാലശല്യം വർദ്ധിച്ച തായോ, ഒരു മാറ്റവുമില്ലെന്നോ, അറിയില്ലെന്നോ ആരും തന്നെ അഭിപ്രായപ്പെട്ടില്ല.

<u>പട്ടിക - 3.44 - ചോദ്യം 44 മോഷണം/പിടിച്ചുപറി എന്നിവയ്ക്ക് എത്ര വ്യത്യാസം വന്നു?</u>

| | അടൂർ | പരവൂർ | ആകെ |
|---|---|---|---|
| കൂടുതലായി | 000 | 000 | 000 |
| മാറ്റമില്ല | 000 | 000 | 000 |
| കുറഞ്ഞു | 407 | 409 | 816 |
| അറിയില്ല | 93 | 91 | 184 |
| ആകെ | 500 | 500 | 1000 |

പോലീസിന് അനുദിനം തലവേദന സൃഷ്ടിക്കുന്ന കുറ്റകൃത്യമേഖലകളാണ് മോഷണവും പിടിച്ചുപറിയുമൊക്കെ. മോഷ്ടാക്കൾ അതിനൂതനമായ മാർഗ്ഗങ്ങൾ പോലും പലപ്പോഴും ഉപയോ ഗിക്കാറുണ്ട്. ജനമൈത്രി സുരക്ഷാ പദ്ധതിയുടെ സ്വാധീനത്തെകുറിച്ച് പഠനം നടത്തിയ അടൂ രിലും പരവൂരിലുമായി 816 പേർ ഇത്തരം കുറ്റകൃത്യങ്ങൾ കുറഞ്ഞവരുന്നതായും 184 പേർ അറി യില്ല എന്നും അഭിപ്രായപ്പെട്ടപ്പോൾ മോഷണം/പിടിച്ചുപറി എന്നിവ കൂടി, മാറ്റമില്ല എന്നഭിപ്രായം ആർക്കും ഉണ്ടായിരുന്നില്ല.

**പട്ടിക 3.45 ചോദ്യം 45 കഴിഞ്ഞ ഒരു വർഷത്തിനിടയിൽ താങ്കളുടെ പ്രദേശത്ത് ഗുണ്ടാ അതിക്രമം ഉണ്ടായിട്ടുണ്ടോ?**

| | അടൂർ | പരവൂർ | ആകെ |
|---|---|---|---|
| ഉണ്ട് | 000 | 000 | 000 |
| ഇല്ല | 437 | 414 | 851 |
| അറിയില്ല | 63 | 86 | 149 |
| ആകെ | 500 | 500 | 1000 |

851 പേർ ഗുണ്ടാ അതിക്രമം ഉണ്ടായിട്ടില്ല എന്നഭിപ്രായപ്പെട്ടപ്പോൾ 149 പേർ അറിയില്ല എന്നും പറഞ്ഞിരിക്കുന്നു. ഗുണ്ടാ അതിക്രമം ഉണ്ടായതായി ആരും പറയുകയുണ്ടായില്ല.

**പട്ടിക 3.46 ചോദ്യം 47 താങ്കളുടെ പ്രദേശത്ത് വ്യാജമദ്യ പ്രശ്നം നിലനില്ക്കുണ്ടോ?**

| | അടൂർ | പരവൂർ | ആകെ |
|---|---|---|---|
| ഉണ്ട് | 29 | 31 | 60 |
| ഇല്ല | 406 | 409 | 815 |
| അറിയില്ല | 65 | 60 | 125 |
| ആകെ | 500 | 500 | 1000 |

മദ്യത്തിന്റെ ഉപഭോഗത്തിൽ മുൻപന്തിയിൽ നില്ക്കുന്ന സംസ്ഥാനമാണ് കേരളമെന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. ഓരോ ആഘോഷങ്ങളും, വിശേഷ ദിവസങ്ങളും കഴിയുമ്പോൾ റിക്കോർഡ് ഭേദിച്ചുകൊണ്ടുള്ള മദ്യവില്പനയുടെ കണക്കുകളാണ് ബിവറേജസ് കോർപ്പറേഷന്റെ രേഖകൾ പ്രകാരം പ്രസിദ്ധീകരിക്കപ്പെടുന്നത്. അത്തരത്തിലുള്ള ഒരു സമൂഹത്തിൽ വ്യാജമദ്യം ഒരു പ്രശ്നമായി നിലകൊള്ളുന്നത് സ്വാഭാവികം മാത്രമാണ്. മുകളിൽ കൊടുത്തിരിക്കുന്ന പട്ടിക സൂചിപ്പിക്കുന്നതുപോലെ 60 പേർ തങ്ങളുടെ പ്രദേശത്ത് വ്യാജമദ്യ പ്രശ്നം നിലനിൽക്കുന്നുണ്ട് എന്നും. 815 പേർ ഇല്ല എന്നും 125 പേർ അറിയില്ല എന്നും അഭിപ്രായപ്പെട്ടിരിക്കുന്നു.

**പട്ടിക 3.47 ചോദ്യം 48 വ്യാജമദ്യ പ്രശ്നത്തിൽ കഴിഞ്ഞ ഒരു വർഷത്തിനിടയിൽ എന്തെങ്കിലും മാറ്റം ഉണ്ടായിട്ടുണ്ടോ?**

| | അടൂർ | പരവൂർ | ആകെ |
|---|---|---|---|
| കൂടുതലായി | 000 | 000 | 000 |
| മാറ്റമില്ല | 000 | 000 | 000 |
| കുറഞ്ഞു | 29 | 31 | 60 |
| അറിയില്ല | 000 | 000 | 000 |
| ആകെ | 29 | 31 | 60 |

പട്ടിക 46 ൽ വ്യാജമദ്യപ്രശ്നം നിലനില്ക്കുന്നുണ്ട് എന്നഭിപ്രായപ്പെട്ട 60 പേരോട് മാത്ര മാണ് ഈ ചോദ്യം ചോദിച്ചത്. മുഴുവൻ പേരും (60 പേർ) കുറഞ്ഞു എന്ന് അഭിപ്രായപ്പെടുകയു ണ്ടായി. കൂടുതലായി, മാറ്റമില്ല, അറിയില്ല എന്നീ അഭിപ്രായങ്ങൾ ആരുടെ ഭാഗത്ത് നിന്നും ഉണ്ടാ യിട്ടില്ല.

**പട്ടിക - 3.48 - ചോദ്യം 49 പ്രശ്ന പരിഹാരത്തിനായി പോലീസ് സ്റ്റേഷനിൽ പോകാൻ താങ്കൾക്ക് മടിയുണ്ടോ?**

| | അടൂർ | പരവൂർ | ആകെ |
|---|---|---|---|
| ഉണ്ട് | 35 | 39 | 74 |
| ഇല്ല | 465 | 461 | 926 |
| ആകെ | 500 | 500 | 1000 |

പൊതുജനം തങ്ങളുടെ പ്രശ്നപരിഹാരത്തിനായി പോലീസ് സ്റ്റേഷനുകളെ സമീപിക്കുന്നത് പോലീസ് ഉദ്യോഗസ്ഥർ അവർക്ക് സ്വീകാര്യമായ രീതിയിലും നിയമാനുസരണവും പ്രവർത്തി യ്ക്കുന്നു എന്ന ബോധ്യം ഉള്ളതുകൊണ്ടാണ്. 926 പേർ തങ്ങളുടെ പ്രശ്നങ്ങൾ പരിഹരിയ്ക്കുന്ന തിന് പോലീസ് സ്റ്റേഷനിൽ പോകാൻ മടിയില്ല എന്നു അഭിപ്രായപ്പെട്ടപ്പോൾ 74 പേർ മാത്രമാണ് മടിയുണ്ട് എന്നു പറഞ്ഞത്.

**പട്ടിക - 3.49 - ചോദ്യം 50 പോലീസ് ജനങ്ങൾക്ക് സഹായകരമാണെന്ന് തോന്നുണ്ടോ?**

| | അടൂർ | പരവൂർ | ആകെ |
|---|---|---|---|
| ഉണ്ട് | 469 | 456 | 925 |
| ഇല്ല | 000 | 000 | 000 |
| അറിയില്ല | 31 | 44 | 75 |
| ആകെ | 500 | 500 | 1000 |

925 പേർ തങ്ങൾക്ക് സഹായകരമാണ് പോലീസ് എന്ന അഭിപ്രായം രേഖപ്പെടുത്തി. 75 പേർ അറിയില്ല എന്ന് അഭിപ്രായപ്പെട്ടു. ഇല്ല എന്ന അഭിപ്രായം ആരും രേഖപ്പെടുത്തിയില്ല.

**പട്ടിക 3.50 ചോദ്യം 51 പോലീസിന്റെ പ്രവർത്തനം താങ്കൾ എങ്ങനെ വിലയിരുത്തുന്നു?**

| | അടൂർ | പരവൂർ | ആകെ |
|---|---|---|---|
| മോശം | 000 | 000 | 000 |
| ശരാശരി | 29 | 33 | 62 |
| വളരെ നല്ലത് | 471 | 467 | 938 |
| ആകെ | 500 | 500 | 1000 |

ഈ പട്ടികയിലെ വിവരങ്ങൾ വലിയ ഒരു സത്യത്തെ വെളിപ്പെടുത്തുന്നു. പോലീസ് തങ്ങളുടെ കൃത്യനിർവ്വഹണത്തിന്റെ ഭാഗമായി പൊതുജനങ്ങളുമായി നിയമം അനുശാസിക്കുന്ന രീതിയിൽ സഹകരിക്കുകയാണെങ്കിൽ പോലീസിംഗിനെകുറിച്ച് ജനത്തിനുള്ള മതിപ്പ് വർദ്ധിക്കും എന്ന സത്യം അടൂർ, പരവൂർ പോലീസ് സ്റ്റേഷനുകളിൽ നടപ്പിലാക്കിയ ജനമൈത്രി സുരക്ഷ പദ്ധതി വൻവിജയമാണ് എന്നതിന്റെ തെളിവാണ് 938 പേർ പോലീസിന്റെ പ്രവർത്തനം വളരെ നല്ല രീതിയിലാണെന്ന് അഭിപ്രായപ്പെട്ടത്. 62 പേർ മാത്രമാണ് ശരാശരി എന്ന അഭിപ്രായം രേഖപ്പെടുത്തിയത്. പോലീസിന്റെ ചെറിയ തെറ്റുകളെപ്പോലും പർവ്വതീകരിച്ച് കാണിക്കുന്ന കേരളം പോലുള്ള ഒരു സമൂഹത്തിലെ ഇത്തരം അഭിപ്രായങ്ങൾ അർഹിയ്ക്കുന്ന പ്രാധാന്യത്തോടെ പരിഗണിക്കേണ്ടതാണ്.

**പട്ടിക - 3.51 ചോദ്യം 52 ജനങ്ങൾക്ക് പോലീസിനെ സമീപിക്കുവാൻ എത്രമാത്രം സാധിയ്ക്കുന്നുണ്ട് എന്നാണ് താങ്കൾ കരുതുന്നത്?**

| | അടൂർ | പരവൂർ | ആകെ |
|---|---|---|---|
| തീരെ സാദ്ധ്യമല്ല | 000 | 000 | 000 |
| ശരാശരി | 29 | 33 | 62 |
| വളരെ നന്നായി | 471 | 467 | 938 |
| ആകെ | 500 | 500 | 1000 |

938 പേരും പോലീസിനെ സമീപ്പിക്കുവാൻ വളരെ നന്നായി സാധിക്കുന്നുണ്ട് എന്നാണ് അഭിപ്രായപ്പെട്ടത് 62 പേർ ശരാശരി എന്നുരേഖപ്പെടുത്തിയപ്പോൾ ആരും തന്നെ തീരെ സാദ്ധ്യമല്ല എന്ന അഭിപ്രായം പറഞ്ഞില്ല.

**പട്ടിക - 3.52 - ചോദ്യം 53 പോലീസിന്റെ പെരുമാറ്റത്തെ താങ്കൾ എങ്ങനെ വിലയിരുത്തുന്നു?**

| | അടൂർ | പരവൂർ | ആകെ |
|---|---|---|---|
| മോശം | 000 | 000 | 000 |
| ശരാശരി | 29 | 33 | 62 |
| വളരെ നല്ലത് | 471 | 467 | 938 |
| ആകെ | 500 | 500 | 1000 |

കേരള പോലീസിന്റെ ചരിത്രത്തിലെ അഭിമാനാർഹമായ ഒരു നേട്ടമായി ജനമൈത്രി സുരക്ഷാ പദ്ധതി മാറിക്കഴിഞ്ഞിരിക്കുന്നു എന്നതിന്റെ തെളിവാണ് 938 പേർ പോലീസിന്റെ പെരുമാറ്റം വളരെ നല്ലതാണെന്ന് അഭിപ്രായം രേഖപ്പെടുത്തിയത്. 62 പേർ ശരാശരി എന്ന് രേഖപ്പെടുത്തിയപ്പോൾ മോശം എന്ന അഭിപ്രായം ആരുടെ ഭാഗത്തുനിന്നും ഉണ്ടായില്ല എന്നതും പ്രത്യേകം ശ്രദ്ധിക്കേണ്ട വസ്തുതയാണ്.

## നിഗമനങ്ങളും നിർദ്ദേശങ്ങളും (Conclusion and Suggestions)

1956 നവംബർ ഒന്നാം തീയതി തിരുവിതാംകൂർ, കൊച്ചി എന്നീ നാട്ടുരാജ്യങ്ങളും മദിരാശി പ്രസിഡൻസിയുടെ ഭാഗമായിരുന്ന മലബാർജില്ലയും കൂടി സംയോജിപ്പിച്ച് മലയാളിക്ക് ഒരു മാതൃ ഭൂമിയായി രൂപീകൃതമായ കേരളത്തിൽ പോലീസിനെ പരിഷ്ക്കരിക്കുവാനും സാമൂഹ്യമാറ്റത്തിനനു സരിച്ച് രൂപപ്പെടുത്തുവാനുമായി പലശ്രമങ്ങളും നടത്തിയിട്ടുണ്ട്. അഞ്ച് ദശാബ്ദങ്ങൾക്ക് ശേഷം ഇന്ന് ഒരു തിരിഞ്ഞുനോട്ടം നടത്തിയാൽ പ്രസ്തുത ശ്രമങ്ങൾ ഒന്നുംതന്നെ പ്രതിക്ഷിച്ച രീതിയിൽ വിജയിച്ചില്ല എന്ന് ബോധ്യപ്പെടുന്നതാണ്. പോലീസിനെ പരിഷ്കരിക്കുന്നതിന് പകരം ആധുനിക വൽക്കരണത്തിനാണ് നാം കൂടുതൽ താല്പര്യം കാണിച്ചിട്ടുള്ളത് എന്ന് പരക്കെ ആരോപിക്കപ്പെട്ടി ട്ടുള്ളതാണ്. അത്യാധുനിക ഉപകരണങ്ങളും ആധുനിക സാങ്കേതിക വിദ്യയുടെ പിൻബലവു മൊക്കെ ഉണ്ടായിട്ടും പോലീസിൽ നിന്നും പൊതുജനം പ്രതിക്ഷിക്കുന്ന രീതിയിലുള്ള തൃപ്തിക രവും കാര്യക്ഷമവും കാലതാമസമില്ലാത്തതുമായ സേവനം ലഭിക്കുന്നില്ല എന്ന പരാതി പരക്കെ ഉയർന്നുവന്നിട്ടുള്ളതാണ്. പോലീസുപയോഗിക്കുന്ന വാഹനങ്ങളോ ആയുധങ്ങളോ അവരുടെ വേഷവിധാനങ്ങളോ അല്ല മാറേണ്ടത് മറിച്ച് പ്രവർത്തനരീതിയിലും പൊതുജനങ്ങളോടുള്ള സമീപ നത്തിലുമാണ് മാറ്റം വരുത്തേണ്ടത് എന്ന സത്യമാണ് ഇവിടെ വെളിപ്പെടുന്നത്.

ജനങ്ങളെ ഭയപ്പെടുത്തി നിയന്ത്രിക്കുന്ന പോലീസ് എന്ന പഴയ സങ്കല്പത്തിൽ നിന്നും ജന ങ്ങളുടെ സുഹൃത്തും, വഴികാട്ടിയും, സംരക്ഷകനുമായ പോലീസ് എന്ന ആശയത്തിലേക്ക് മാറിയെ ങ്കിൽ മാത്രമേ തൃപ്തികരവും, കാര്യക്ഷമവുമായ പോലീസിംഗ് നടപ്പിലാവുകയുള്ളു. അത്തരം ഒരു സ്വാഗതാർഹമായ മാറ്റത്തിന്റെ പ്രധാനപ്പെട്ട ഒരു ചുവടുവയ്പാണ് ജനമൈത്രി സുരക്ഷാ പദ്ധതി.

പോലീസും പൊതുജനങ്ങളും തമ്മിലുള്ള അന്തരം കുറയ്ക്കുന്നതിനും സൗഹൃദത്തിനും പരസ്പര സഹകരണത്തിലും അധിഷ്ഠിതമായ ഒരു ബന്ധം സ്ഥാപിക്കുന്നതിനും ജനമൈത്രി സുരക്ഷാ പദ്ധതിക്ക് സാധിക്കുന്നുണ്ട്. പൊതുജനത്തിന് പോലീസിനെ കുറിച്ച് നല്ല അഭി പ്രായവും മതിപ്പുമായിരുന്നില്ല ഉണ്ടായിരുന്നത്. കേട്ടറിവിന്റേയും, മാദ്ധ്യമങ്ങളിൽ പ്രചരിപ്പിക്കുന്നതി ന്റേയും അടിസ്ഥാനത്തിൽ, നേരിട്ട് അനുഭവം ഇല്ലാത്ത കാര്യങ്ങളിൽ പോലും പോലീസിനെ തള്ളി പറയുവാനും വിമർശിക്കുവാനും കാണിക്കുന്ന പ്രവണതായിയിരുന്നു പൊതുവിലുണ്ടായിരുന്നത്. അതുപോലെ തന്നെ പരമ്പരാഗതമായി പിൻതുടർന്നുവന്നിരുന്ന ശൈലിയാൽ തന്നെ പൊതുജ നത്തെ ശത്രുവായും, കുറ്റവാളികളായും കണ്ടിരുന്ന, ഭയപ്പെടുത്തി അകറ്റിനിർത്തുവാൻ ശ്രമിച്ചി രുന്ന പോലീസും ഇത്തരം ഒരു സാഹചര്യത്തിന് കാരണക്കാരാണ്. ജനമൈത്രി സുരക്ഷാ പദ്ധതി യുടെ ഭാഗമായി പോലീസ് ജനങ്ങളിലേക്ക് ഇറങ്ങിച്ചെല്ലുകയും, അവരുടെ പ്രവർത്തനങ്ങളിൽ ജന ങ്ങളെ പങ്കാളികളാക്കുകയും ചെയ്തതോടുകൂടി അടൂർ, പരവൂർ പ്രദേശങ്ങളിൽ ജനങ്ങളും പോലീസും തമ്മിലുള്ള അന്തരം കുറയ്ക്കുവാൻ സാധിച്ചു എന്നാണ് ഈ പഠനത്തിലൂടെ വെളിപ്പെ ടുന്നത്. ജനമൈത്രി ബീറ്റ് ഏരിയകളിൽ സംഘടിപ്പിച്ച പലപൊതുപരിപാടികളിലെ ജനപങ്കാ ളിത്തം പരിശോധിച്ചാൽ ഇത് ബോധ്യപ്പെടുന്നതാണ്. നല്ല ബന്ധത്തിന്റെ അടിസ്ഥാനം പരസ്പരം

നന്നായി അറിയുക എന്നതാണ്. പോലീസിനെ നന്നായി മനസ്സിലാക്കുവാൻ ബിറ്റ് ഓഫീസർമാരി ലൂടെയും മറ്റുയർന്ന ഉദ്യോഗസ്ഥരിലൂടെയും ജനങ്ങൾക്ക് അവസരം ലഭിക്കുന്നുണ്ട്.

കുറ്റകൃത്യങ്ങൾ ഉണ്ടാകുവാനുള്ള സാഹചര്യങ്ങളേയും അതിനുള്ള സാദ്ധ്യതകളേയും കുറിച്ച് മുൻകൂട്ടി മനസ്സിലാക്കി മുൻകരുതൽ നടപടികൾ സ്വീകരിക്കുന്നതിലൂടെ കുറ്റകൃത്യങ്ങളുടെ എണ്ണം കുറയ്ക്കുന്നതിനും ഫലപ്രദമായി തടയുന്നതിനും സാധിക്കും. ജനമൈത്രിബിറ്റ് ഏരിയക ളിൽ അത്തരം സാഹചര്യങ്ങൾ മുൻകൂട്ടി പോലീസിനെ അറിയിക്കുവാനുള്ള ക്രമീകരണങ്ങൾ ചെയ്തിട്ടുള്ളത് പ്രശംസനീയമായ കാര്യമാണ്. അലഞ്ഞുതിരിഞ്ഞ് നടക്കുന്നവർ, അന്യദേശക്കാർ, സാമൂഹിക വിരുദ്ധ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നവർ എന്നിവരെകുറിച്ച് പോലീസിനെ അറിയി ക്കുവാൻ ബിറ്റ് ഏരിയകളിൽ ജനം മുന്നോട്ടു വരുന്നുണ്ട്. ഇത് കുറ്റകൃത്യങ്ങൾ ഗണ്യമായി കുറ യ്ക്കുവാൻ സഹായിക്കുന്നുണ്ട്. പൊതുജനങ്ങളുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിനും സ്വൈരജീവിതം ഉറപ്പുവരുത്തുന്നതിനും പ്രതിജ്ഞാബദ്ധമാണ് പോലീസ്. തങ്ങളുടെ അവകാശ ങ്ങൾ എന്തൊക്കെയാണെന്നും അവയുടെ മറുവശമായി നിർവ്വഹിക്കേണ്ടതായ ചില കടമകൾ ഉണ്ടെന്നും ജനത്തെ ബോധവൽക്കരിക്കേണ്ടത് അത്യന്താപേക്ഷിതമാണ്. സെമിനാറുകളിലൂടെയും, ചർച്ചാക്ലാസ്സുകളിലൂടെയും ഈ ചുമതല അടൂരും പരവൂരും കൃത്യമായി നിർവ്വഹിക്കപ്പെടുന്നു.

ട്രാഫിക് അപകടങ്ങൾ വ്യാപകമാകുന്ന കേരളത്തിൽ ട്രാഫിക് നിയമങ്ങളെ സംബന്ധിച്ച് ഓട്ടോ, ടാക്സി ഡ്രൈവർമാർക്കും, വിദ്യാർത്ഥികൾക്കും പൊതുജനങ്ങൾക്കുമായി ബോധവൽക്ക രണ ക്ലാസ്സുകളും, പ്രദർശനങ്ങളും നടത്തുകയും ലഘുലേഘകളും, മറ്റുപ്രസിദ്ധീകരണങ്ങളും നല്കുകയും ചെയ്യുന്നുണ്ട്. പൊതുജനങ്ങളുമായി ചേർന്നുകൊണ്ട് നടത്തുന്ന രാത്രികാല പട്രോ ളിംഗിന്റെ ഫലമായി മോഷണം, വ്യാജമദ്യനിർമ്മാണം മറ്റു സാമൂഹ്യവിരുദ്ധപ്രവർത്തനങ്ങൾ ഒക്കെ പഠനം നടത്തിയ രണ്ട് പ്രദേശങ്ങളിലും ഗണ്യമായ രീതിയിൽ കുറഞ്ഞുവരുന്നതായി ശേഖരിച്ച വിവരങ്ങൾ തെളിയിക്കുന്നു.

ഗുണ്ടാ, മാഫിയ പ്രവർത്തനങ്ങൾ സംബന്ധിച്ച് ചോദ്യങ്ങൾക്ക് ലഭിച്ച മറുപടിയിൽ കഴിഞ്ഞ ഒരു വർഷത്തിനിടയിൽ ചുരുക്കം ചില കേസ്സുകൾ ഉണ്ടായതായും, പോലീസിന്റെ ശക്തമായ ഇട പെടലിന്റെ അടിസ്ഥാനത്തിൽ അത്തരം കേസ്സുകൾ ഗണ്യമായ രീതിയിൽ കുറഞ്ഞതായും വെളി പ്പെടുത്തുകയുണ്ടായി. മനുഷ്യൻ വ്യാപരിക്കുന്ന മേഖലകൾ വിസ്തൃമാകുകയും ആധുനിക സാങ്കേ തിക വിദ്യയുടെ ഉപയോഗം കൂടി വരുകയും ചെയ്യുന്ന സമൂഹത്തിൽ കുറ്റകൃത്യങ്ങൾ കൂടുതത് സ്വഭാവികം മാത്രം എന്നാൽ പൊതുജന സഹകരണത്തിൽ മുൻകൂട്ടി വിവരശേഖരണം നടത്തുന്ന തിലൂടെ അവയെ തടയുവാൻ സഹായിക്കുന്നത് പദ്ധതിയുടെ വിജയമാണ്.

പോലീസിനോടും പോലീസും സ്റ്റേഷനുകളോടും ജനങ്ങൾക്കുണ്ടായിരുന്ന കാഴ്ചപ്പാടിൽ വന്ന വലിയ മാറ്റമാണ് ജനമൈത്രി സുരക്ഷാ പദ്ധതിയുടെ ഏറ്റവും പ്രധാനപ്പെട്ട സ്വാധീനമായി കണക്കാക്കാവുന്നത്. പോലീസ് സ്റ്റേഷനുകളിൽ പോകുവാൻ മടിയുണ്ടോ?. പോലീസ് ജനങ്ങൾക്ക് സഹായകരമാണെന്ന് തോന്നുണ്ടോ? പോലീസിനെ സമീപിക്കുവാൻ എത്രമാത്രം സാധിക്കുന്നുണ്ട്?.

പോലീസിന്റെ പെരുമാറ്റത്തെ എങ്ങനെ വിലയിരുത്തുന്നു?. എന്നീ ചോദ്യങ്ങൾക്കെല്ലാം ഇന്റർവ്യൂവിൽ പങ്കെടുത്ത 90% ത്തിൽ അധികം പേരും പോസിറ്റീവായ മറുപടിയാണ് നല്കിയത്. മുൻകാലങ്ങളിലൊക്കെ പോലീസ് സ്റ്റേഷനുകളിൽ പോകാൻ ജനം മടികാണിച്ചിരുന്നു എന്നത് സത്യമാണ്. എന്നാലിന്ന് ഏതുകാര്യത്തിനും പോലീസിനെ സമീപിയ്ക്കുന്ന രീതി വർദ്ധിച്ചുവരുന്നതായി പഠനത്തിൽ ബോദ്ധ്യപ്പെടുകയുണ്ടായി.

പോലീസ് പൊതുജനബന്ധത്തിൽ വിപ്ലവാത്മകമായ ഒരു മാറ്റമാണ് ജനമൈത്രി സുരക്ഷാ പദ്ധതിയുടെ ഭാഗമായി അടൂർ, പരവൂർ പ്രദേശങ്ങളിൽ സംഭവിച്ചിരിക്കുന്നത്. സേവിക്കുന്ന ജനങ്ങളെ കുറിച്ച് പോലീസിന് മതിപ്പും സേവനം നല്കുന്ന പോലീസിനെക്കുറിച്ച് ജനങ്ങൾക്ക് ബഹുമാനവും സൃഷ്ടിക്കുവാൻ ഇതു സഹായിച്ചിട്ടുണ്ട്. പ്രയാസമേറിയ ജോലി ചെയ്താലും ജനങ്ങളിൽ നിന്നും അർഹിക്കുന്ന പരിഗണനയും ബഹുമാനവും കിട്ടാതെ ഇരുന്ന നമ്മുടെ പോലീസ് സേനയ്ക്ക് പുത്തൻ ഉണർവ് പകരുവാനും ഒരു പുതിയ ഇമേജ് രൂപപ്പെടുത്തുന്നതിനും ജനമൈത്രി സുരക്ഷാ പദ്ധതി ഉപകരിക്കും എന്നതിൽ തർക്കമില്ല.

<u>ജനമൈത്രി സുരക്ഷാ പദ്ധതിയുടെ വിജയകരമായ നടത്തിപ്പിന് ചില നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു.</u>

(1) ഘട്ടംഘട്ടമായി കേരളത്തിലെ മുഴുവൻ പോലീസ് സ്റ്റേഷനുകളിലും ജനമൈത്രി സുരക്ഷാ പദ്ധതി നടപ്പിലാക്കേണ്ടതാണ്.

(2) അഞ്ചുവർഷം കൂടുമ്പോഴുള്ള ഭരണമാറ്റം കേരളത്തിന്റെ സവിശേഷതയാണ്. ഇത്തരം രാഷ്ട്രീയ മാറ്റങ്ങളെ അതിജീവിച്ചുകൊണ്ട് ജനമൈത്രി സുരക്ഷാ പദ്ധതി നിലനിൽക്കത്തക്കവിധം പോലീസിനെ ഭരിക്കുന്ന നിയമങ്ങളിലും ചട്ടങ്ങളിലും ആവശ്യമായ ഭേദഗതികൾ വരുത്തേണ്ടതാണ്.

(3) വരുംതലമുറയെ ജനമൈത്രി സുരക്ഷയുമായി കൂടുതൽ ബന്ധപ്പെടുത്തുവാൻ വിദ്യാഭ്യാസ വകുപ്പുമായി ആലോചിച്ച് കമ്മ്യൂണിറ്റി പോലീസിംഗ് പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തുവാൻ ശ്രമിക്കണം.

(4) അംഗബലത്തിൽ കേരളത്തിലെ മറ്റുഡിപ്പാർട്ട്മെന്റുകളേക്കാൾ ഒന്നാമതാണ് പോലീസ് ഡിപ്പാർട്ട്മെന്റെങ്കിലും ദേശീയ ശരാശരി അനുസരിച്ചും നിർവ്വഹിക്കേണ്ട ചുമതലകളുടെ ബാഹുല്യം കണക്കിലെടുക്കുമ്പോഴും സേനയിൽ ആൾബലം കുറവാണ്. പോലീസ് പൊതുജന അനുപാതം വളരെ കൂടുതലായിട്ടുള്ള കേരളത്തിൽ ജനമൈത്രി സുരക്ഷാ പദ്ധതിയുടെ സുഗമമായ നടത്തിപ്പിന് അടിയന്തിരമായി പോലീസിൽ നിലവിലുള്ള ഒഴിവുകളിൽ നിയമനം നടത്തേണ്ടതാണ്.

(5) ജനമൈത്രി സുരക്ഷാ പദ്ധതി പോലീസുദ്യോഗസ്ഥരുടെ പരിശീലനത്തിന്റെ ഭാഗമാക്കേണ്ടതാണ്. നിലവിലിരിക്കുന്ന ചുരുക്കം ചില ദിവസങ്ങൾ മാത്രം നീണ്ടു നിൽക്കുന്ന പരിശീലനത്തിന് പകരം ജനമൈത്രി ഉദ്യോഗസ്ഥർക്ക് വർഷാവർഷം തുടർ പരിശീലനങ്ങൾ നൽകുന്നത് ഉചിതമായി

രിക്കും. പോലീസ് ട്രെയിനിംഗ് സ്ഥാപനങ്ങളിലെ പരിശീലകരുടെ സേവനത്തോടൊപ്പം മനശാസ്ത്രവിദഗ്ദ്ധരുടേയും , സർവ്വകലാശാല/കോളേജ് അദ്ധ്യാപകരുടേയും, ജനമൈത്രി ഉദ്യോഗസ്ഥരായി പ്രവർത്തിച്ച് അനുഭവസമ്പത്തുള്ള പോലീസ് ഉദ്യോഗസ്ഥരുടേയും സേവനങ്ങൾ ഉപയോഗപ്പെടുത്താവുന്നതാണ്.

(6) ജനമൈത്രി സുരക്ഷാ പദ്ധതി നടപ്പിലാക്കിയിരിക്കുന്ന സ്റ്റേഷനുകളിലേക്ക് എസ്. എച്ച് ഒ. മുതൽ മുകളിലോട്ടുള്ള ഉദ്യോഗസ്ഥരെ അവരുടെ താല്പര്യത്തിന്റെയും, പ്രവർത്തന മികവിന്റേയും അടിസ്ഥാനത്തിൽ നിയമിക്കുന്നത് നന്നായിരിക്കും. ഒരു വലിയ സേന എന്ന നിലയിൽ അനുവർത്തിച്ചുവന്നിരുന്ന ശൈലിയിൽ നിന്നും മാറി പുതിയ ഒരു പ്രവർത്തരീതി പെട്ടെന്ന് ഉൾകൊള്ളാൻ സാധിക്കാത്തവർ പോലീസിലുണ്ടാകാം. അത്തരക്കാരെ ഒഴിവാക്കി കഴിവും, കാര്യക്ഷമതയും സത്യസന്ധതയും തെളിയിച്ചിട്ടുള്ള ഉദ്യോഗസ്ഥരെ ജനമൈത്രി പോലീസ് സ്റ്റേഷനുകളിലേക്ക് നിയോഗിക്കേണ്ടതാണ്.

(7) ബീറ്റ് ഓഫീസർമാരെ സാധാരണയായുള്ള പാറാവുഡ്യൂട്ടി ഒഴികെയുള്ള ചുമതലകളിൽ നിന്നും ഒഴിവാക്കേണ്ടതാണ്. കേസന്വേഷണം, സ്പെഷ്യൽ ഡ്യൂട്ടികൾ എന്നിവയിൽ നിന്നും ഒഴിവാക്കി പൂർണ്ണമായും കമ്മ്യൂണിറ്റി പോലീസ് ഓഫീസറായി പ്രവർത്തിക്കുവാൻ അവസരം നല്കണം.

(8) ജനമൈത്രി ബീറ്റ് ഓഫീസർമാരെ ആ പ്രദേശങ്ങളിലെ കേസ്സുകൾ സ്വന്തം നിലയിൽ തീർപ്പുകല്പിക്കുവാൻ അനുവദിക്കരുത്. കേസ്സുകൾ സ്റ്റേഷൻ ഹൗസ് ഓഫീസർ മുതൽ കേസ്സിന്റെ സ്വഭാവം അനുസരിച്ച് ഉയർന്ന ഉദ്യോഗസ്ഥരുടെ സാന്നിധ്യത്തിൽ മാത്രമെ തീർപ്പുകല്പിക്കാവു.

(9) പോലീസ് പൊതുജനസൗഹൃദം ഒരു കാരണവശാലും കുറ്റാന്വേഷണത്തെ ബാധിയ്ക്കാതിരിക്കുവാനായ നടപടികൾ സ്വീകരിക്കേണ്ടതാണ്. പോലീസുമായുള്ള അടുപ്പം നിയമലംഘനങ്ങൾക്ക് സഹായകരമാകാതിരിയ്ക്കുവാൻ ബിറ്റ് ഓഫീസർമാരെ കുറ്റാന്വേഷണത്തിന്റെ ചുമതല ഏല്പിക്കാതിരിയ്ക്കുന്നത് ഉചിതമായിരിക്കും.

(10) അടൂർ, പരവൂർ സ്റ്റേഷനുകളുടെ ഒരു ബീറ്റ് ഏരിയയിൽ ശരാശരി 1500 വീടുകൾ വീതമാണുള്ളത്. കൂടുതൽ ബീറ്റ് ഓഫീസർമാരെ നിയമിച്ചുകൊണ്ട് ബീറ്റ് ഏരിയകളുടെ എണ്ണം വർദ്ധിപ്പിച്ച് ഓരോ ബീറ്റിലുമുള്ള വീടുകളുടെ എണ്ണം കുറയ്ക്കുവാൻ ശ്രമിയ്ക്കണം.

(11) ഒരു ബീറ്റിൽ രണ്ട് പോലീസുകാർ ഉണ്ടായിരിക്കേണ്ടതും അതിലൊരാൾ വനിത ആയിരിക്കേണ്ടതുമാണ്.

(12) ബീറ്റ് ഓഫീസർമാരുടെ ഡ്യൂട്ടി ബുക്കിൽ ബീറ്റ് ഡ്യൂട്ടി രേഖപ്പെടുത്തുകയും എന്നാൽ മറ്റ് ഡ്യൂട്ടികൾക്ക് അവരെ നിയോഗിക്കുകയും ചെയ്യുന്നതായ രീതി എതു അടിയന്തിരഘട്ടത്തിലാണെങ്കിലും ഒഴിവാക്കേണ്ടതാണ്.

(13) ജനമൈത്രി ബീറ്റ് ഓഫീസർമാർക്ക് ചുരുങ്ങിയത് മൂന്നുവർഷമെങ്കിലും ഒരു സ്ഥലത്ത് തന്നെ പ്രവർത്തിക്കുവാനുമുള്ള അവസരം നൽകുന്നത് നന്നായിരിക്കും.

(14) ജനമൈത്രി പോലീസുദ്യോഗസ്ഥരെ സ്ഥലം മാറ്റുമ്പോൾ പ്രസ്തുത പദ്ധതി നിലനില്ക്കുന്ന സ്റ്റേഷനുകൾ നോക്കി നിയമിക്കേണ്ടതാണ്.

(15) ജില്ലാ അടിസ്ഥാനത്തിലും, സംസ്ഥാന അടിസ്ഥാനത്തിലും ശരിയായ വിലയിരുത്തലുകൾ നടത്തി നന്നായി പ്രവർത്തിക്കുന്ന ജനമൈത്രി പോലീസുദ്യോഗസ്ഥർക്കും പോലീസ് സ്റ്റേഷനുകൾക്കും ഉചിതമായ പ്രോത്സാഹനങ്ങൾ നൽകേണ്ടതാണ്.

(16) ജനമൈത്രി സമിതികളിലെ അംഗങ്ങളായി കഴിവു തെളിയിച്ചിട്ടുള്ള പൊതുജനങ്ങൾക്ക് സമിതിയോഗങ്ങളിൽ പങ്കെടുത്തതിന്റെ ഹാജർ പരിശോധിച്ചുകൊണ്ടോ മറ്റെന്തെങ്കിലും മാനദണ്ഡം അവലംബിച്ചുകൊണ്ടോ തക്കതായ പ്രോത്സാഹനങ്ങൾ നല്കുന്നത് ഉചിതമായിരിക്കും.

(17) ഗവൺമെന്റിന്റെ പബ്ലിക് റിലേഷൻസ് വകുപ്പും മറ്റുമാദ്ധ്യമങ്ങളുമായി ചേർന്നുകൊണ്ട് ജനമൈത്രി സുരക്ഷാ പദ്ധതിയെക്കുറിച്ച് കൂടുതൽ പ്രചരണങ്ങൾ നടത്തേണ്ടതാണ്.

(18) തദ്ദേശഭരണ സ്ഥാപനങ്ങളുമായി ചേർന്നുകൊണ്ട് വാർഡുതലങ്ങളിൽ പൗരന്മാരുടെ അവകാശങ്ങളെയും ചുമതലകളേയും സംബന്ധിച്ച് തുടർച്ചയായ സെമിനാറുകളും, ബോധവൽകരണപരിപാടികളും സംഘടിപ്പിക്കുന്നത് നന്നായിരിക്കും.

## അനുബന്ധം - 1

## ജനമൈത്രി സുരക്ഷാ പദ്ധതി സമൂഹത്തിലുളവാക്കിയ സ്വാധീനം കണക്കാക്കുന്നതിനുള്ള ചോദ്യാവലി

| | | |
|---|---|---|
| സർവേ നടക്കുന്ന സ്ഥലം:- | | വീട്/റോഡ്/വ്യാപാര സ്ഥാപനം/വിദ്യാലയം/ സർക്കാരാഫീസ്/ആരാധനാലയം |
| ജില്ല | : | ................................................................................ |
| താലൂക്ക് | : | ................................................................................ |
| വാർഡ് | : | ................................................................................ |
| പേര് | : | ................................................................................ |
| സ്ത്രീ/പുരുഷൻ | : | ................................................................................ |
| വയസ്സ് | : | ................................................................................ |
| പോലീസ് സ്റ്റേഷൻ | : | ................................................................................ |
| വില്ലേജ്/പഞ്ചായത്ത്/മുനിസിപ്പാലിറ്റി | : | ................................................................................ |
| വിദ്യാഭ്യാസ യോഗ്യത | : | പഠിച്ചിട്ടില്ല/പ്രൈമറി സ്കൂൾ/ഹൈസ്കൂൾ/ കോളേജ്/പോസ്റ്റ് ഗ്രാജുവേറ്റ്/പ്രൊഫഷണൽ |
| മതം: | : | ഹിന്ദു മുസ്ലീം ക്രിസ്ത്യൻ മറ്റുള്ള വിഭാഗം |
| ഉദ്യോഗം | : | ഉണ്ട് ഇല്ല |
| വിവാഹിതൻ/വിവാഹിത | : | ആണ് അല്ല |
| ടെലഫോൺ/മൊബൈൽനമ്പർ | : | ................................................................................ |
| വാർഷിക വരുമാനം | : | ................................................................................ |

1. താങ്കൾക്ക് ജനമൈത്രി സുരക്ഷാ പദ്ധതിയെക്കുറിച്ച് അറിവുണ്ടോ?

   ഉണ്ട് ഇല്ല

2. താങ്കൾക്ക് എത്രകാലമായി ജനമൈത്രി സുരക്ഷാ പദ്ധതിയെക്കുറിച്ച് അറിയാം? ..............................

3. എങ്ങനെയാണ് ഈ പദ്ധതിയെക്കുറിച്ച് താങ്കൾ അറിവ് ലഭിച്ചത്?

   എ. ജനമൈത്രി പദ്ധതിയിൽ പ്രവർത്തിക്കുന്ന പോലീസ് ഉദ്യോഗസ്ഥരിൽ നിന്നും

   ബി. ബന്ധുക്കൾ, സുഹൃത്തുക്കൾ എന്നിവരിൽ നിന്നും

   സി. പത്രമാധ്യമങ്ങളിൽ നിന്ന്

   ഡി. സർക്കാരിന്റെ പൊതുപരിപാടികളിൽ നിന്ന്

   ഇ. സർക്കാർ പ്രസിദ്ധീകരണങ്ങളിൽ നിന്ന്

   എഫ്. മറ്റുള്ളവ (വ്യക്തമാക്കുക)

4. ആരുടെ ക്ഷേമത്തിന് വേണ്ടിയാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കിയിട്ടുള്ളത് ?

   പോലീസിന്റെ

   ജനങ്ങളുടെ

   ജനങ്ങളുടെയും, പോലീസിന്റെയും

രാഷ്ട്രീയപാർട്ടികളുടെ

മറ്റുള്ളവർക്ക് (വ്യക്തമാക്കുക)

5. ജനമൈത്രി പോലീസ് ഉദ്യോഹസ്ഥർ എത്രതവണ താങ്കളുമായി സമ്പർക്കം പുലർത്തിയിട്ടുണ്ട്?

1. 2. 3. 4. 5. 6. 7.

6. ഏതുസമയത്താണ് ജനമൈത്രി താങ്കളെ സന്ദർശിച്ചത്?

രാവിലെ ഉച്ചയ്ക്ക് വൈകിട്ട് രാത്രിയിൽ

7. സന്ദർശനത്തെക്കുറിച്ച് താങ്കളെ മുൻകൂട്ടി അറിയിച്ചിരുന്നോ?

ഉണ്ട് ഇല്ല

8. എവിടെ വച്ചാണ് താങ്കളെ സന്ദർശിച്ചത്?

വീട് പൊതുസ്ഥലം കമ്മ്യൂണിറ്റി ഹാൾ ആരാധനാലയം മറ്റുള്ളവ(വ്യക്തമാക്കുക)

9. സന്ദർശനവേളയിൽ എത്ര പോലീസ് ഉദ്യോഗസ്ഥർ ഉണ്ടായിരുന്നു?.................................

10. വനിതാ പോലീസ് ഉണ്ടായിരുന്നോ ..........................

ഉണ്ട് ഇല്ല എണ്ണം

11. ജനമൈത്രി സന്ദർശനത്തിൽ താങ്കളുടെ ഭാര്യ/ഭർത്താവും കുട്ടികളും പങ്കെടുത്തിട്ടുണ്ടോ

ഉണ്ട് ഇല്ല

12. സംഭാഷണവിഷയം എന്തായിരുന്നു (അനുയോജ്യമായ ഉത്തരം അടയാളപ്പെടുത്തുക)

വ്യക്തിപരമായ സംഭാഷണം/ചർച്ച വാർഡ്തലയോഗം സെമിനാർ

ബ്ലഡ്ഗ്രൂപ്പ് നിർണ്ണയം രക്തദാന ക്യാമ്പ് നേത്രദാന ക്യാമ്പ് ജനമൈത്രി രാത്രികാല പട്രോളിംഗ്/സംയോജിത പട്രോളിംഗ് ട്രാഫിക് ബോധവൽക്കരണം ശുചിത്വ ബോധ വൽക്കരണം സ്വാന്തന-സംരക്ഷണ ബോധവൽക്കരണം ആരോഗ്യസംരക്ഷണം ദുരന്ത നിവാരണം വ്യാജമദ്യത്തിനെതിരെയുള്ള ബോധവൽക്കരണം ലഹരി വിരുദ്ധ പ്രചരണം പുകയിലയ്ക്കെതിരെയുള്ള പ്രചരണം പരാതിപ്പെട്ടി വഴി ലഭിക്കുന്ന പരാതികളുടെ വിവരങ്ങൾ സംബന്ധിച്ച് വീട്ടുജോലിക്കാരുടേയും, മറ്റ് തൊഴിലാളികളുടേയും വിവരങ്ങൾ സംബന്ധിച്ച് കുടുംബയോഗം മറ്റുള്ളവ (വ്യക്തമാക്കുക)...................................

13. സംഭാഷണത്തിനുവേണ്ടി ഏകദേശം എത്രസമയം ജനമൈത്രി ഉദ്യോഗസ്ഥനുമായി ചെലവിട്ടു?

മണിക്കൂർ മിനിട്ട്

14 ബീറ്റ് ഓഫീസറുടെ പെരുമാറ്റത്തെ താങ്കൾ എങ്ങനെ വിലയിരുത്തുന്നു?

മോശം അഭിപ്രായം ഇല്ല വളരെ നല്ലത്

15 ഉദ്യോഗസ്ഥന്റെ ഇടപെടലിൽ താങ്കൾ തൃപ്തനാണോ?

ആണ് അല്ല

16 ജനമൈത്രി ബീറ്റ് ഓഫീസർ സംസാരിച്ച വിഷയത്തെ താങ്കൾക്ക് ഓർമ്മയുണ്ടോ?

ഉണ്ട് അല്ല

17 ഓർമ്മയുണ്ടെങ്കിൽ വിശദീകരിക്കുക? ...............................................................................................................

18 ജനമൈത്രി പോലീസ് ഉദ്യോഗസ്ഥരുടെ നിർദ്ദേശങ്ങൾ/പ്രവർത്തനങ്ങൾ പ്രയോജനകരമെന്ന് താങ്കൾക്ക് തോന്നുണ്ടോ?

ഉണ്ട് ഇല്ല

19. ജനമൈത്രി പോലീസ് ഉദ്യോഗസ്ഥന്റെ നിർദ്ദേശങ്ങളിൽ ഏതെങ്കിലും താങ്കൾ പ്രായോഗികമാക്കിയിട്ടുണ്ടോ?

ഉണ്ട് ഇല്ല

20 പ്രായോഗികമാക്കിയിട്ടുണ്ടെങ്കിൽ വിശദമാക്കുക?........................................................

21. പദ്ധതിയുടെ പുരോഗതിക്കായി എന്തെങ്കിലും നിർദ്ദേശങ്ങൾ താങ്കൾ നൽകിയിട്ടുണ്ടോ?

ഉണ്ട് ഇല്ല

22. നിർദ്ദേശങ്ങൾ ഉണ്ടെങ്കിൽ വിശദീകരിക്കുക? ...................................................................................................

23. ജനമൈത്രി സുരക്ഷാ പദ്ധതി താങ്കളുടെ ഗാർഹികാന്തരീക്ഷത്തിൽ എന്തെങ്കിലും മാറ്റങ്ങൾ വരുത്തിയിട്ടുണ്ടോ?

നല്ല മാറ്റം വ്യത്യാസം ഇല്ല കലുഷിതമാക്കി

24. ജനമൈത്രി പോലീസ് ഉദ്യോഗസ്ഥർ താങ്കളുടെ പ്രദേശത്തെ വാഹനഗതാഗത ക്രമീകരണങ്ങൾ മെച്ചപ്പെടുത്തുന്നതിനു വേണ്ടി പ്രവർത്തിച്ചിട്ടുണ്ടോ?

ഉണ്ട് ഇല്ല അറിയില്ല

25 പ്രവർത്തിച്ചിട്ടുണ്ടെങ്കിൽ വിശദീകരിക്കുക .......................................................................................................

26. ജനമൈത്രി പോലീസ് ഉദ്യോഗസ്ഥർ താങ്കളുടെ പ്രദേശത്തെ ശുചീകരണ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിന് എന്തെങ്കിലും നടപടികൾ എടുത്തിട്ടുണ്ടോ?

ഉണ്ട് ഇല്ല അറിയില്ല

27. പ്രവർത്തിച്ചിട്ടുണ്ടെങ്കിൽ വിശദീകരിക്കുക ........................................................................................................

28. ജനമൈത്രി പോലീസ് ഉദ്യോഗസ്ഥൻ താങ്കളുടെ പ്രദേശത്തെ കുട്ടികളുമായി ആശയവിനിമയം നടത്താറുണ്ടോ

ഉണ്ട് ഇല്ല അറിയില്ല

29. നടത്താറുണ്ടെങ്കിൽ വിശദീകരിക്കുക?..............................................................................................................

30. ജനങ്ങളെ രാത്രികാല പട്രോളിംഗിൽ പങ്കെടുപ്പിക്കുന്നതിനുള്ള നടപടികൾ ജനമൈത്രി പോലീസ് ഉദ്യോഗസ്ഥൻ സ്വീകരിച്ചിട്ടുണ്ടോ?

ഉണ്ട് ഇല്ല അറിയില്ല

31 ഉണ്ടെങ്കിൽ വിശദീകരിക്കുക? .............................................................................................................

32. ജനമൈത്രി പദ്ധതി നിങ്ങളുടെ പ്രദേശത്തെ സ്ത്രീകളുടെ സുരക്ഷയിൽ മാറ്റം വരുത്തിയിട്ടുള്ളതായി താങ്കൾക്കു തോന്നിയിട്ടുണ്ടോ?

ഉണ്ട് ഇല്ല അറിയില്ല

33. ഉണ്ട് എങ്കിൽ എത്രമാത്രം

ദുസ്സഹമാക്കി മാറ്റമില്ല വളരെ മെച്ചപ്പെട്ടു

34 ജനമൈത്രി ഉദ്യോഗസ്ഥരുമായുള്ള ആശയവിനിമയത്തിന്റെ ഫലമായി പോലീസിനെക്കുറിച്ചുള്ള താങ്കളുടെ കാഴ്ചപ്പാടിൽ മാറ്റം വന്നിട്ടുണ്ടോ?

ഉണ്ട് ഇല്ല അറിയില്ല

35. ഉണ്ട് എന്നാണെങ്കിൽ എത്രമാത്രം?

വളരെമോശം മാറ്റമില്ല വളരെ മെച്ചപ്പെട്ടു

36. ജനമൈത്രി പദ്ധതി മെച്ചപ്പെടുത്തുന്നതിനുള്ള താങ്കളുടെ നിർദ്ദേശങ്ങൾ എന്തെല്ലാം?

.................................................................................................................................................................

37. കഴിഞ്ഞ ഒരു വർഷത്തിനിടയിൽ പോലീസിന്റെ സാന്നിദ്ധ്യത്തിന് എന്തെങ്കിലും വ്യത്യാസം അനുഭവപ്പെട്ടിട്ടുണ്ടോ?

കൂടുതൽ കുറവ് മാറ്റമില്ല

38. കഴിഞ്ഞ ഒരു വർഷക്കാലം താങ്കളുടെ സുരക്ഷിതത്വം കൂടിയതാണോ കുറഞ്ഞതാണോ തോന്നിയിട്ടുള്ളത്?

കൂടുതൽ കുറവ് വ്യത്യാസമില്ല

39. കഴിഞ്ഞ ഒരു വർഷക്കാലം താങ്കൾ ഏതെങ്കിലും കുറ്റകൃത്യത്തിന് ഇരയാട്ടുണ്ടോ?

ഉണ്ട് ഇല്ല

40 പോലീസ് സ്റ്റേഷനിൽ പരാതി നൽകിയിട്ടുണ്ടോ? വിശദമാക്കുക..............................................................

41. കഴിഞ്ഞ ഒരുവർഷക്കാലം താങ്കളുടെ പ്രദേശത്ത് പൂവാല ശല്യത്തെക്കുറിച്ചുള്ള പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ

ഉണ്ട് ഇല്ല

42. ഉണ്ട് എന്നാണെങ്കിൽ എത്രയെല്ലാം?

1. 2. 3. 4. 5

43. പൂവാലശല്യത്തിന് എത്ര വ്യത്യാസം വന്നു?

എണ്ണം കൂടി ഒരുമാറ്റമില്ല കുറഞ്ഞു അറിയില്ല

44 മോഷണം/പിടിച്ചുപറി എന്നിവയ്ക്ക് എത്ര വ്യത്യാസം വന്നു?

കൂടുതലായി ഒരു മാറ്റവുമില്ല കുറഞ്ഞു അറിയില്ല

45. കഴിഞ്ഞ ഒരു വർഷത്തിനിടയിൽ താങ്കളുടെ പ്രദേശത്ത് ഗുണ്ടാ അതിക്രമം ഉണ്ടായിട്ടുണ്ടോ

ഉണ്ട് ഇല്ല അറിയില്ല

46. കഴിഞ്ഞ ഒരു വർഷത്തിനിടയിൽ താങ്കളുടെ പ്രദേശത്ത് ഗുണ്ടാ അതിക്രമത്തിന് എത്ര വ്യത്യാസം വന്നു.

കൂടുതലായി ഒരു മാറ്റവുമില്ല കുറഞ്ഞു അറിയില്ല

47. താങ്കളുടെ പ്രദേശത്ത് വ്യാജ മദ്യപ്രശ്നം നിലനിൽക്കുന്നുണ്ടോ

ഉണ്ട് ഇല്ല അറിയില്ല

48. വ്യാജമദ്യ പ്രശ്നത്തിൽ കഴിഞ്ഞ ഒരു വർഷത്തിനിടയിൽ എന്തെങ്കിലും മാറ്റം ഉണ്ടായിട്ടുണ്ടോ

കൂടുതലായി ഒരുമാറ്റവുമില്ല കുറഞ്ഞു അറിയില്ല

49. പ്രശ്നപരിഹാരത്തിനായി പോലീസ് സ്റ്റേഷനിൽ പോകാൻ താങ്കൾക്ക് മടിയുണ്ടോ

ഉണ്ട് ഇല്ല

50 പോലീസ് ജനങ്ങൾ സഹായകരമാണെന്ന് താങ്കൾക്ക് തോന്നുന്നുണ്ടോ?

ഉണ്ട് ഇല്ല അറിയില്ല

51. പോലീസിന്റെ പ്രവർത്തനം താങ്കൾ എങ്ങനെ വിലയിരുത്തുന്നു

മോശം ശരാശരി വളരെ നന്നായി

52. ജനങ്ങൾക്ക് പോലീസിനെ സമീപിക്കാൻ എത്രമാത്രം സാധിക്കുന്നുണ്ട് എന്നാണ് താങ്കൾ കരുതുന്നത്

മോശം ശരാശരി വളരെ നല്ലത്.

53. പോലീസിന്റെ പെരുമാറ്റത്തെ താങ്കൾ എങ്ങനെ വിലയിരുത്തുന്നു

മോശം ശരാശരി വളരെ നല്ലത്.